# മാർ ഈവാനിയോസ് ബഥനിയോഗം

തിരുവല്ല

1930

ദൈവകൃപയാൽ

# ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നു,

ബഥനിയുടെ ആത്മാത്ഥബന്ധുക്കളായ എല്ലാവക്കും വാഴ്വ്.

പ്രിയരെ,

ബഥനിയുടെ ഇതുവരെയുള്ള ജീവിത ഗതിയേയും മേലാലുള്ള അതിൻെറ പുരോഗമനത്തേയും പററി കേൾപ്പിക്കാനും ആലോചിപ്പാനുമായി ഇക്കഴിഞ്ഞ ൻ-ാനു- വിളിച്ചുകൂട്ടിയ, യോഗത്തിലെ നടപടി വിവരങ്ങൾ ചേത്തുച്ചടിപ്പിച്ച ഈ ലഘുപുസ്തകം സന്തോഷപൂവ്വം നിങ്ങൾക്കയച്ചുകൊള്ളുന്നു. ബഥനിയുടെ ആദർശാനുസാരം അതിൻെറ സവ്വവിധ പ്രവത്തനങ്ങളും നടന്നുപോകുന്നതിനു നിങ്ങളുടെ പ്രാത്ഥനാസഹായം അപേക്ഷിതമാണ്.

ദൈവമായ കത്താവിൻെറ കൃപയും അനുഗ്രഹങ്ങളും സദാ വഷിച്ചിരിക്കുമാറാകട്ടെ.

തിരുമൂലപുരം,
തിരുവല്ലാ,
16—7—105.

+ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

—*—

ദൈവകൃപയാൽ

# ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്,

(മുദ്ര)

കാരുണ്യവാനായ ദൈവത്തിന്റെ കൃപയാൽ "ബഥനി" എന്ന അഭിധാനത്തിൽ നാം ഒരു ധർമ്മസ്ഥാപനം ആരംഭിച്ചു നടത്തിവരുന്നുണ്ടല്ലോ. ഇതു സംബന്ധിച്ചുള്ള പരോപകാരാർത്ഥമായ വേലകൾക്കായി നാം പ[illegible]ളിലും ഭിക്ഷാടനം ചെയ്തു പല സുഹൃത്തുക്കളിൽ നിന്നും സംഭാവനകൾ വാങ്ങിച്ചിട്ടുള്ളതും, ആറു രൂപായിൽ കുറഞ്ഞ സംഭാവനകൾ മൂലധനത്തിൽ ചേർക്കുകയില്ലെന്നും അവ നിത്യച്ചെലവിലേക്കായി വിനിയോഗിക്കുമെന്നും പണപ്പിരിവുകാലത്തു വ്യവസ്ഥ ചെയ്തു പരസ്യപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ചു നാനാജാതിമതസ്ഥരായ അനേകം സഹൃദയന്മാർ ദ്രവ്യസഹായം ചെയ്തിട്ടുള്ളതുമാകുന്നു. നിത്യച്ചെലവിലേക്കായി ലഭിച്ചിട്ടുള്ള സംഖ്യകൾ കൊണ്ടു ഇതുവരെയുള്ള ആവശ്യങ്ങൾക്കു മതിയാകാതെ വന്നതിനാൽ ആ വകയിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ളതു കടമാണു. ബഥനിയുടെ ഏതൽക്കാലപര്യന്തമുള്ള ചരിത്രം പുസ്തകരൂപത്തിൽ ("ഗിരിദീപം"—ഒന്നാംഭാഗം) നാം അച്ചടിപ്പിച്ചു ബഥനിയുടെ അഭ്യുദയാശംസികൾക്കു പ്രദാനം ചെയ്തിട്ടുള്ളതാകയാൽ ആ വിഷയം സംബന്ധിച്ചു ഇവിടെയൊന്നും പ്രസ്താവിക്കുന്നില്ല * ഇതിലേക്കു ദ്രവ്യസഹായം ചെയ്തിട്ടുള്ളവർ നമ്മുടെ ഹിതംപോലെ ഈ ധർമ്മവേലയെ നടത്തിക്കൊണ്ടുപോക

---

* പ്രസ്തുത പുസ്തകം കിട്ടിയിട്ടില്ലെങ്കിൽ വിവരമറിയിച്ചാൽ സ-ന്യമായി ഒരു അയച്ചുതരുന്നതാണ്.

ന്നതിനും പരിപൂൎണ്ണമായി നമ്മെ വിശ്വസിച്ച് സംഭാവനകൾ ഏല്പിച്ചിട്ടുള്ളതാണെങ്കിലും ഈ വക സ്വത്തുകൾ കൈവശംവെച്ച് വിനിയോഗിക്കുന്നതിനും ഈ ധൎമ്മവേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ട്രസ്റ്റികളേയും ഒരു ഭരണ സമിതി (Governing Body) യേയും നിയമിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ നമുക്കു ആലോചന തരുവാനായി മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ള എല്ലാവരേയും ബഥനിയുടെ ആസ്ഥാനമായ റാന്നി പകുതിയിൽ പെരിനാട്ടു മുറിയിൽ ബഥന്യാശ്രമത്തോടു ചേൎന്നുള്ള അതിഥിമന്ദിരത്തിൽ വെച്ച് അടുത്ത കുംഭമാസം ൧൦-ാംതീയതി വ്യാഴാഴ്ച പകൽ മൂന്നുമണിക്കു കൂടുന്ന യോഗത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവൎക്കു മാത്രമേ യോഗത്തിൽ പ്രവേശനമുണ്ടായിരിക്കയുള്ളു എന്നു വിശിഷ്യാ പറയണമെന്നില്ലല്ലോ. ഇതുവരെയുള്ള എല്ലാ കണക്കുകളും യോഗത്തിൽ ഹാജരാക്കുന്നതുമായിരിക്കും.

ദൈവമാകുന്ന കൎത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വൎദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വി: കന്യകമറിയാമിന്റേയും സകല ശുദ്ധിമാന്മാരുടേയും പ്രാൎത്ഥനകളാൽ തന്നെ ആമ്മീൻ

ബഥന്യാശ്രമം,
വടശ്ശേരിക്കര,
9—6—1105

+ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

—*—

ഇടവം

1930 ജൂൺ 19 ന്നാൾ

1930 ഫെ. 20 [illegible]

1105 കുംഭമാസം 9-ാംനു- വടശ്ശേരിക്കര പെരുനാട്ടിൽ ബഥന്യാശ്രമത്തിലെ അഥിതിമന്ദിരത്തിൽ വെച്ചു നി. വ. ദി. ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ആദ്ധ്യക്ഷതയിൽ കൂടിയ

# ബഥനിയോഗം.

## I

പ്രസ്തുതദിവസം ഉച്ചക്കു മുമ്പായി നി. വ. ദി. ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു ചെയ്തു പ്രസംഗം.

മാന്യസുഹൃത്തുക്കളെ,

നമ്മുടെ ക്ഷണം പ്രമാണിച്ചു ഇവിടെ സന്നിഹിതരായിട്ടുള്ള നിങ്ങളുടെ ആവശ്യപ്രകാരം ഇപ്പോൾ ഒരു പ്രസംഗം പറയാൻ നാം നിർബന്ധിതനായിട്ടുള്ളതാണ്. നി. വ. ദി. ശ്രീ. മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും തമ്മിൽ അടുത്ത കാലത്തു എന്തോ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളതായി കേൾക്കുന്നുവെന്നും, അതിന്റെ യാഥാത്ഥ്യം എന്തെന്നറിയണമെന്നും നിങ്ങളിൽ പലരും നമ്മോടു രഹസ്യമായും പരസ്യമായും പറയുകയുണ്ടായല്ലോ. അതിനാൽ അക്കാര്യം സംബന്ധിച്ചുതന്നേ, കഴിവുള്ളേടത്തോളം വിശദമായി, നിങ്ങളെ ഗ്രഹിപ്പിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ബഥനിസ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം ഹാനികരമായ ചില അഭിപ്രാ-

ങ്ങൾ അദ്ദേഹം ഇയ്യിടെ പറഞ്ഞുതുടങ്ങിയിരിക്കുന്നതി നെപ്പററിയേടത്തോളമല്ലാതെ, യാതൊരു വക അഭിപ്രായവ്യത്യാസവും ഞങ്ങൾ തമ്മിൽ ഇല്ലെന്നുള്ള പരമാൎത്ഥം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. അല്പമാസങ്ങൾക്കു മുമ്പുവരെയും ബഥനിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം യാതൊരു പ്രതികൂലാഭിപ്രായങ്ങളും അദ്ദേഹത്തിൽനിന്നു ആരും കേൾക്കയുണ്ടായിട്ടില്ല. നേരെ മറിച്ചു, ബഥനിയെ സ്വതന്ത്രമായി നിലനിറുത്തുകതന്നേ വേണമെന്നായിരുന്നു അദ്ദേഹം പരസ്യമായും രഹസ്യമായും പറഞ്ഞുവന്നിരുന്നതു. എന്നാൽ ഇപ്പോഴത്തെ അദ്ദേഹത്തിൻെറ അഭിപ്രായവും അഭിലാഷവും മാറിയിരിക്കുന്നു. അതനുസരിച്ചു ബഥനിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ നമ്മെക്കൊണ്ടു കഴിവുള്ളതല്ലെന്നു നാം അഭിമുഖമായിത്തന്നേ അദ്ദേഹത്തോടു പറയുകയുണ്ടായിട്ടുണ്ട്. പ്രമാദമായ വട്ടിപ്പണക്കേസ്സ് നടന്നിരുന്ന കാലത്തും, അതിൽ അദ്ദേഹം അപജയം പ്രാപിച്ചിരുന്ന ഘട്ടത്തിലും, യാക്കോബായ പാത്രിയക്കീസിൻെറ ദൃഷ്ടിയിലും, കോടതി ന്യായേനയും അദ്ദേഹം മലങ്കര യാക്കോബായ സഭയുടെ മെത്രാപ്പോലീത്താ ആയിരുന്നുവെന്നു സമൎത്ഥിക്കുവാൻ പാടുള്ളതല്ലല്ലോ. യാക്കോബായ സഭയുമായി ബന്ധമില്ലാത്തവണ്ണം നാം സ്ഥാപിച്ചതായ ബഥനിസ്ഥാപനം, ആ സഭയ്ക്കു പുറത്തു നില്ക്കണമെന്നു തന്നേയായിരുന്നു വട്ടിപ്പണക്കേസിൻെറ പര്യവസാനംവരെയുള്ള കാലങ്ങളിൽ അദ്ദേഹവും അഭിലഷിക്കയുണ്ടായിട്ടുള്ളത്. "ബഥനിയുടെ സ്വാതന്ത്ര്യനിലയെ നാളും ഉപേക്ഷിക്കരുതെ"ന്നു അദ്ദേഹം നമ്മോടു

യി പലപ്പോഴും ഉപദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, ഇയ്യിടെ ഉണ്ടായ വട്ടിപ്പണക്കേസ്സിന്റെ റിവിഷൻ അപ്പീൽവിധി മുഖേന അദ്ദേഹത്തിന്റെ മുടക്ക അസാധുവാണെന്ന സ്ഥാപിക്കപ്പെട്ടിരിക്കുകയാൽ, അദ്ദേഹം ഇപ്പോൾ യാക്കോബായ സഭയുടെ ന്യായമായ മലങ്കര മെത്രാപ്പോലീത്തായായിത്തീന്നിരിക്കുകയാണ്. ഇങ്ങിനെ ആ കേസ്സിൽ അനുകൂലമായ വിധി ഉണ്ടായതിന്റെ ശേഷമാണ് ബഥനിയെ യാക്കോബായ സഭയിൽ ലയിപ്പിക്കേണ്ടതാണെന്നുള്ള അഭിപ്രായം അദ്ദേഹത്തിൽനിന്ന കേൾക്കുവാൻ തുടങ്ങിയതെന്ന നിങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്.

### ബഥനിയുടെ സ്വാതന്ത്ര്യം സ്വതസിദ്ധമത്രേ.

മറെറാരുത്തരുടേയും പ്രേരണയാലോ നിർബന്ധത്താലോ അല്ല, പ്രത്യുത, ദൈവഹിതമാണെന്നുള്ള ബോദ്ധ്യപ്രകാരം നമ്മുടെ സ്വന്തം ഇഷ്ടാനുസരണമാണ് നാം ബഥനിയെ സ്ഥാപിക്കുകയുണ്ടായിട്ടുള്ളതെന്നുള്ള പരമാത്ഥം നിങ്ങൾക്കേവക്കും അറിവുള്ളതാണല്ലോ. ദൈവനടത്തിപ്പിനാലാണെന്ന നമുക്ക പരിപൂണ്ണ ബോദ്ധ്യമുള്ള ആ സ്വതന്ത്ര സ്ഥാപനമായിരിക്കത്തക്കവണ്ണം നാം സ്ഥാപിച്ചു. ബഥനിസ്ഥാപനങ്ങളെ ഒരു തരത്തിലും യാക്കോബായ സഭയുമായി ഘടിപ്പിക്കാനോ സംബന്ധിപ്പിക്കാനോ പാടില്ലെന്ന ബഥനിയുടെ സംസ്ഥാപനകാലത്തിന മുമ്പുതന്നേ നാം തീച്ചപ്പെടുത്തീട്ടുള്ളതാണ്. അതനുസരിച്ച് സ്വതന്ത്രമായി നാം ബഥനിയെ ഒരു സ്വതന്ത്ര സ്ഥാപനമായി സ്ഥാപിച്ചു. ബഥനിയുടെ

യി ഓരോരോ സ്ഥാപനകൾ ക്രമേണ ഉണ്ടാക്കിവന്നിരുന്നപ്പോഴും ഈ ദൃഢവ്രതത്തെ നാം സസൂക്ഷ്മം പാലിക്കുകയുണ്ടായിട്ടുണ്ട്. ബഥനി, ബഥനികന്യകാമഠം, ബഥനിപ്പള്ളികൾ— ഇങ്ങിനെ മൂന്നു വകുപ്പിൽപ്പെട്ട സ്ഥാപനങ്ങളാണ് നാം ഉണ്ടാക്കീട്ടുള്ളത്. ഇവയെ പൊതുവായും, ഓരോ സ്ഥാപനത്തെപ്പററി പ്രത്യേകമായും 'ബഥനി' എന്നു പറയുമാറുണ്ട്. ഇവയിൽ ആദ്യമായി ബഥനി, അതിനോടു ചേൎന്ന ബഥന്യാശ്രമം, അനാഥശാല ആദിയായ ധൎമ്മസ്ഥാപനങ്ങളും പ്രതിഷ്ഠിക്കപ്പെട്ടു. ബഥന്യാശ്രമസ്ഥന്മാരുടെ കാഷായവസ്ത്രം, മത്സ്യമാംസവൎജ്ജനം മുതലായ പലതും ഭാരതീയ സന്യാസിമാരുടെ ജീവിതവൃത്തിയെ അനുകരിച്ചു നാം ഏൎപ്പെടുത്തിയിട്ടുള്ളതാണ്. യാക്കോബായ സഭയിലെ സന്യാസിമാർ കാഷായവസ്ത്രം ധരിക്കുകയോ, മത്സ്യം വൎജ്ജിക്കുകയോ പതിവുള്ളതല്ല. ബഥനി കന്യകാമഠവും ബഥനിപ്പള്ളികളും കാലാന്തരത്തിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളത്രേ. ഇവയിൽ കന്യകാമഠം സ്ഥാപിക്കാൻ നമുക്കിടയായതിനെപ്പററി രണ്ടു വാക്കു ഇവിടെ പറയേണ്ടതുണ്ട്. നാം സെറാമ്പൂർ കോളേജിൽ പ്രഫസ്സറായിരുന്നപ്പോൾ ശമ്പളം വകയായും മററും കിട്ടിവന്നതിൽനിന്നു ചെലവുകഴിച്ചുള്ള ആദായംകൊണ്ടു നാം സ്വദേശീയരായ പലരേയും സഹായവേതനങ്ങൾ നൽകി ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്യിച്ചുവന്നിരുന്നു. അവരിൽ ചിലരെല്ലാം പരീക്ഷാവിജയങ്ങൾ നേടി, ഉദ്യോഗസോപാനങ്ങളിൽ ഇരുന്നതിൻെറ ശേഷം, വിദ്യാഭ്യാസാൎത്ഥം അവൎക്കായി നാം വിനിയോഗിച്ചിരുന്ന പണം തിരിയെ തരികയുണ്ടായിട്ടുണ്ട്.

ത്ത സംഖ്യകൊണ്ടു റോമൻ കത്തോലിക്ക സഭയിലുള്ള കന്യകാമഠങ്ങളെ അനുകരിച്ചു നാം ബഥനിമഠം ഉണ്ടാക്കി. മലങ്കര യാക്കോബായ സഭയിൽ മുൻകാലങ്ങളിലാവട്ടേ, ഇപ്പോഴാവട്ടേ, കന്യകാമഠം എന്ന ഒരു സ്ഥാപനമേ ഇല്ല. ഇതിനേ തുടൎന്നു നാം സ്വതന്ത്രമായി ബഥനി മിഷ്യൻ സ്ഥാപിച്ചു. ബഥനി മിഷ്യന്റെ അഭിധാനത്തിൽ നാം ഉണ്ടാക്കിയ പള്ളികൾ യാക്കോബായ സഭയിൽ ഉള്ളവയെ അനുകരിക്കാത്ത വിധത്തിലുള്ളവയാണെന്നും പറയേണ്ടതുണ്ട്. ബഥനിപ്പള്ളികൾ റോമൻകത്തോലിക്കസഭയിൽ ഉള്ളവയെപ്പോലെ ഭരിക്കപ്പെടത്തക്കവണ്ണമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു. യാക്കോബായ സഭാദ്ധ്യക്ഷന്മാരിൽ ആൎക്കുംതന്നേ അവയിലൊന്നും കൎത്തവ്യമോ അധികാരമോ ഇല്ലാത്ത വിധത്തിൽ നാം അവയെ സ്ഥാപിച്ചു. വട്ടിപ്പണക്കേസ്സിൽ തോൽവിയേററിരുന്ന കാലത്തു "ബഥനി സ്വതന്ത്രമായിരിക്കണം" എന്നുപദേശിച്ചുവന്ന ആ മലങ്കര മെത്രാപ്പോലീത്താ തിരുമേനി ഇപ്പോൾ വട്ടിപ്പണക്കേസ്സിൽ വിജയം നേടിയ അവസരത്തിൽ പൂൎവ്വാപരവിരുദ്ധമായി കല്പിക്കുന്നുവല്ലോ എന്നതു നമുക്കു ദുസ്സഹമായ ഖേദമുണ്ട്. ബഥനിയും അതിനോടു ചേൎന്നുള്ള സൎവ്വ സ്ഥാപനങ്ങളും, യാക്കോബായ മേലധികാരത്തിൻകീഴിൽ ആക്കിവെയ്ക്കണമെന്നാണു ഇപ്പോൾ അദ്ദേഹം ആഗ്രഹിക്കുന്നതു. ഇതിന്നനുസരണമായി പ്രവൎത്തിപ്പാൻ, നമ്മെക്കൊണ്ടു നിൎവ്വാഹമുള്ളതല്ല. ഇത്രയും പറഞ്ഞതിൽനിന്നു ഞങ്ങൾ തമ്മിലുണ്ടെന്നു കേൾക്കുന്ന അഭിപ്രായഭേദത്തിന്റെ രത്നച്ചുരുക്കം നിങ്ങൾക്കേവൎക്കും സുഗ്രഹമായിരിക്കാമെന്നു നാം വിചാരിക്കുന്നു.

ബഥനി സ്ഥാപനചരിത്രം.

ഈ അവസരത്തിൽ ബഥനിയുടെ ഏതൽക്കാല പൎയ്യന്തമുള്ള ചരിത്രത്തിൻെറ സംക്ഷേപം ഇവിടെ പറയുന്നതു അസംഗതമായി വരാൻ ഇടയുള്ളതല്ല. അടുത്തകാലത്തു നാം എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള "ഗിരിദീപം" എന്ന പുസ്തകത്തിൽ ബഥനിയുടെ ചരിത്രം നാം കഴിവുള്ളേടത്തോളം വിശദമായിത്തന്നേ പ്രസ്താവിച്ചിട്ടുണ്ട്. ബഥന്യാശ്രമത്തെപ്പററി മാത്രമല്ലാ, ബഥനി അനാഥശാല, ബഥനി മഠം, ബഥനിപ്പള്ളികൾ എന്നിവയെ സംബന്ധിച്ചും അതിൽ നിന്നു പലതും അറിയാവുന്നതുമാണു്. യാക്കോബായ സഭയുമായി യാതൊരു ബന്ധവുമില്ലാതവണ്ണം തികച്ചും ഒരു സ്വതന്ത്ര സ്ഥാപനമായി ബഥനിയെ ഉണ്ടാക്കുകയും, ഒരു തരത്തിലും അതു യാക്കോബായ മേലധികാരത്തിന്നു അധീനമാകാതിരിക്കണമെന്നു നാം ഉദ്ദേശിക്കുകയും ചെയ്തതിന്നു നിദാനമായ കാരണങ്ങളെപ്പററി ബഥനിയുടെ ആത്മസ്വരൂപങ്ങളായ നിങ്ങളെ അനുസ്മരിപ്പിക്കുന്നതു ഈ സന്ദൎഭത്തിൽ അവശ്യജ്ഞേയമാണെന്നു തന്നേ നമുക്കു തോന്നുന്നു. അവയെക്കുറിച്ചു പറയാൻ തുടങ്ങുമ്പോൾ ബഥനി സ്ഥാപകനായ നമ്മെപ്പററി വ്യക്തിപരമായി ഏതാണ്ടെല്ലാം സൂചിപ്പിക്കുവാൻ ഇടവരുമല്ലോ എന്നുള്ളതിൽ നമുക്കു അനല്പമായ സങ്കോചമുണ്ടു്. മററുള്ളവർ അറിയുവാനോ കാണുവാനോ ആയി നാം ഒന്നും ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു കാൎയ്യകാരണങ്ങളാൽ അവയിൽ ചിലതു അവനവൻ തന്നേ പരസ്യമാക്കുക എന്നുള്ളതു നമുക്കു ഹൃദയഭേദകവുമത്രേ.

യാക്കോബായ സഭയിലെ അംഗമെന്നുള്ള നിലയിൽ നാം ജനിച്ചു. കുട്ടിക്കാലത്തുതന്നേ സന്യാസപരമായ ജീവിതമാഹാത്മ്യചിന്തയിലാണു നമ്മുടെ മനസ്സു ദൃഢമൂലമായിരുന്നതെന്നു പറയുമ്പോൾ, അതൊരു ആത്മപ്രശംസയാണെന്നു നമ്മുടെ ഉററവരായ നിങ്ങൾ തെററിധരിക്കയില്ലെന്നു നമുക്കു വിശ്വാസമുണ്ടു. ആ ചിന്ത ഒരു ആദർശമെന്നുള്ള നിലയിൽ, അചിരേണ നമ്മുടെ ഹൃദയാന്തർഭാഗത്തിൽ സ്ഥലം പിടിച്ചു. എം. എ. പാസ്സായതിൻെറ ശേഷം 1908—ലായിരുന്നു നാം എം. ഡി. സിമ്മനാരി ഹൈസ്കൂളിൻെറ പ്രിൻസിപ്പാൾ ഉദ്യോഗം കയ്യേൽക്കുകയുണ്ടായതു. 1908 മുതൽ 1913—വരെ അതായതു അഞ്ചു സംവത്സരക്കാലം—നാം ആ വിധത്തിൽ നിസ്സംശമായ ഒരു സമുദായസേവനം ചെയ്തുവെന്നു പറയാം. ആ കാലയളവിൽ പല പല ഗണ്യസംഭവങ്ങളും നടന്നിട്ടുള്ളതായി നാം ഇപ്പോൾ ഓർമ്മിക്കുന്നുണ്ടു. മലങ്കര യാക്കോബായ സഭയുടെ ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തായെ ജറുസലേമിൽവെച്ചു അബ്ദുള്ളാ പാത്രിയക്കീസു മെത്രാനായി അഭിഷേകം ചെയ്തതു, ഇദ്ദേഹത്തിൻെറ മുൻഗാമിയായിരുന്ന പുലിക്കോട്ടു മാർ ദീവന്നാസ്യോസ് ദേഹവിയോഗം ചെയ്തതു, അദ്ദേഹത്തിൻെറ പിൻഗാമിയായി ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനാരോഹണം പ്രാപിച്ചതു, അബ്ദുള്ളാ പാത്രിയക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലങ്കര സന്ദർശിച്ചതു ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തായെ അബ്ദുള്ളാ പാത്രിയക്കീസു മുടക്കിയതു, തൽസംബന്ധമായ വിപ്ലവ വ്യവഹാരാദികൾ ഉണ്ടായതു, വട്ടിപ്പണക്കേസ്സിൻെറ തുട

സ്സം, അബ്ദുള്ളാപാത്രിയക്കീസിൻെറ തിരിച്ചെഴുന്നെള്ളത്തു, ബഹിഷ്കൃത പാത്രിയക്കീസ് (Ex—Patriarch) എന്നു അബ്ദുള്ളാ പാത്രിയക്കീസു ഘോഷിക്കുന്ന അബ്ദേദമ്ശീഹോ പാത്രിയക്കീസിൻെറ ഇന്നാട്ടിലെക്കുള്ള ആഗമനം, നിരണത്തുവെച്ചു അദ്ദേഹം കാതോലിക്കോസിനെ ഇദംപ്രഥമമായി അഭിഷേകംചെയ്തതു, വേറെ ചിലരെ അദ്ദേഹം മെത്രാന്മാരായി അഭിഷേകം ചെയ്തതു, അബ്ദേദമ്ശീഹോ പാത്രിയക്കീസ് സ്വദേശത്തേക്കായി തിരിച്ചെഴുന്നള്ളിയതു, മുതലായ ഗണ്യങ്ങളായ പല സംഭവങ്ങളും നടക്കുകയുണ്ടായിട്ടുള്ളതു നാം എം. ഡി. സിമ്മനാരിയുടെ പ്രിൻസിപ്പാൽ ഉദ്യോഗം വഹിച്ചുവന്ന കാലത്തായിരുന്നു. യാക്കോബായ സഭയുടെ കേരളീയ തലസ്ഥാനം എന്നു പറയാവുന്ന കോട്ടയം പട്ടണത്തിലുള്ള യാക്കോബായ സഭ വക ഒരു ഹൈസ്ക്കൂളിൻെറ പ്രിൻസിപ്പാൽ ഉദ്യോഗം ഏതാനും സംവത്സരക്കാലം കയ്യേററു നടത്തുവാൻ ഇടയായതിനാലും, യാക്കോബായ സഭാധ്യക്ഷന്മാരോടും ആ സഭയുടെ ഭരണയന്ത്രത്തോടും ഏറക്കുറെ അടുത്തു പെരുമാറുവാൻ സൌകര്യം ലഭിച്ചതുകൊണ്ടും, ആ സഭയുടെ തല്ക്കാലികാവസ്ഥയെപ്പററി വേണ്ടപോലെ ബോധ്യപ്പെടാൻ മാത്രമല്ല; അതിൻെറ ഭാവി ഗതിവിഗതികളെക്കുറിച്ചു അനുമിപ്പാനും നമുക്കു അവസരവും സൌകര്യവും ലഭിക്കുകയുണ്ടായി എന്നു പറയാം. 1913-നാം കോട്ടയം എം. ഡി. സിമ്മനാരി ഹൈസ്ക്കൂളിൻെറ പ്രിൻസിപ്പാൽ ഉദ്യോഗം ഉപേക്ഷിക്കയും, കല്ക്കത്തായ്ക്കു സമീപമുള്ള സെറാമ്പൂർ കോളേജിൽ ഒരു പ്രൊഫസ്സർ ഉദ്യോഗം സ്വീകരിക്കയും ചെയ്തു. [illegible] 1913

മുതൽ 1919-വരെയും നാം ആ കോളേജിലെ ഒരു പ്രഫസ്സറായിരുന്നു. ആ കാലത്തായിരുന്നു, സൂക്ഷ്മം പറയുന്നതായാൽ, നാം യാക്കോബായ സഭയെപ്പറ്റി പലതും ആലോചിക്കുവാനും, നമ്മുടെ ജീവിതോദ്ദേശത്തെക്കുറിച്ചു പൂർവ്വാധികം ഗാഢമായി ചിന്തിപ്പാനും തുടങ്ങിയതെന്നു സ്മരിക്കേണ്ടതുണ്ട്.. മനുഷ്യജീവിതത്തിൽ സർവ്വ പ്രധാനത്വം കല്പിക്കേണ്ടതു ദൈവസേവനത്തിന്നാണെന്നു നാം മനസ്സിലാക്കി. ദൈവകൃപയാൽ ഈ ബോധ്യം ഒരു ആദർശമായി നമുക്കു രൂപപ്പെട്ടതിന്റെ ഫലമത്രേ ബഥനി എന്നുള്ളതു പ്രസ്താവ്യം തന്നെ. ബഥനിയുടെ പ്രാരംഭദശയിൽ നാനാമുഖങ്ങളായ അതിന്റെ പ്രവൎത്തനങ്ങളേയും ഉദ്ദേശങ്ങളേയും കുറിച്ചു നാം ക്രൂലങ്കഷമായി ചിന്തിച്ചുറച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ ഒരു കാൎയ്യം നാം ആരംഭത്തിങ്കലേ തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. അതു, ബഥനി, യാക്കോബായ സഭയിൽനിന്നു വേർപെട്ടതായ ഒരു സ്വതന്ത്രസ്ഥാപനമായിരിക്കണമെന്നുള്ളതുതന്നെ. ഇങ്ങിനെ നിശ്ചയിപ്പാനുണ്ടായ കാരണം, നാം ഏതൊരു സഭയിൽ ജനിച്ചു വളൎന്നുവോ ആ യാക്കോബായ സഭയുടെ ചരിത്രജ്ഞാനം, ആ സഭയിൽനിന്നു നമുക്കുണ്ടായ അനുഭവങ്ങൾ, കഴിഞ്ഞ പത്തിരുപതു സംവത്സരക്കാലമായി പ്രത്യേകിച്ചും, ഒരു നൂറു വൎഷത്തിന്നു മേലായി പൊതുവേയും, അതിൽ അടിക്കടി ഉണ്ടായിട്ടുള്ള വഴക്കുകൾ വ്യവഹാരങ്ങൾ ആദിയായവയാണെന്നു നാം ഇതിന്നു മുമ്പേ പ്രസ്താവിക്കുകയുണ്ടായല്ലോ. യാക്കോബായ സഭയുമായി ബന്ധമുള്ള വിധം ബഥനിയെ സ്ഥാപിച്ചാൽ നിശ്ചയമായും അതു ഭാവിയിൽ വഴക്കിന്നും വ്യവഹാരത്തി

നും അധീനമാകുമെന്ന നമുക്ക പരിപൂൎണ്ണമായ ബോധ്യമുണ്ടായിരുന്നു. ദൈവമഹത്വത്തെ ഉദ്ദേശിച്ചു പരോപകാരാൎത്ഥങ്ങളായ പുണ്യഫലകൾ ചെയ്യാനാണു നാം ബഥനി സ്ഥാപിച്ചതു. ഉദ്ദേശാനുസരണം ധാൎമ്മിക പ്രവൎത്തനത്തിനും സൌകൎയ്യം ലഭിക്കമാറു ബഥനിയെപ്പോലെയുള്ള സ്ഥാപനങ്ങളെ ഉണ്ടാക്കുമ്പോൾതന്നേ ഭാവിയിൽ ദോഷം വരാതിരിക്കമാറുള്ള കരുതൽ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണെന്നു നിങ്ങളേവരും സമ്മതിക്കുമെന്നു നമുക്കു വിശ്വാസമുണ്ടു. യാക്കോബായ സഭയിൽ ചെയ്യപ്പെടുന്ന ഏതൊരു പ്രവൃത്തിയും, യാക്കോബായ പാത്രിയൎക്കീസിനു അധീനമാകുന്നു. യാക്കോബായ പാത്രിയൎക്കീസ്സിന്നധീനമായ ഏതൊരു സ്ഥാപനവും നിലനില്ക്കുകയോ ഐശ്വൎയ്യപ്പെടുകയോ ചെയ്യാൻ എളുപ്പമല്ലെന്നും, യാക്കോബായസഭയിലെ അനവരതമായ വഴക്കുകളും വ്യവഹാരങ്ങളും സാന്മാൎഗ്ഗികമായും ആത്മീയമായും അതിലെ അംഗങ്ങൾക്കു നാനാപ്രകാരത്തിലുള്ള ദോഷങ്ങൾ വരുത്തിക്കൂട്ടുന്നുണ്ടെന്നും, ആ സഭയിലെ ഭരണഘടനയുടെ സമ്പ്രദായം തന്നേ വഴക്കുകളേയും വ്യവഹാരങ്ങളേയും ഉത്ഭവിപ്പിക്കത്തക്ക വിധത്തിലുള്ളതാണെന്നും നാം മനസ്സിലാക്കിയെങ്കിൽ അതു അത്ഭുതകരമല്ലല്ലോ. അതിനാൽ യാക്കോബായ സഭയ്ക്കാവട്ടേ യാക്കോബായ പാത്രിയൎക്കീസ്സിന്നാവട്ടേ, യാക്കോബായ സഭയിൽ ഭരണാധികാരമുള്ള ഏതെങ്കിലും സ്ഥാനിയ്ക്കോ, വ്യക്തിയ്ക്കോ, സമൂഹത്തിനോ ആകട്ടേ, യാതൊരു കൎത്തൃത്വവും ബന്ധവുമില്ലാത്തവിധത്തിലും സ്വതന്ത്രസ്ഥാ

പനമായിരിക്കത്തക്കനിലയിലും വേണം ബഥനിയെ ഉണ്ടാകന്നേതു എന്നം നാം ആദ്യമേ നിശ്ചയിച്ചിരുന്നു.

സെറാമ്പൂരിൽ വെച്ചുതന്നേ ബഥനി സ്ഥാപിക്കപ്പെട്ടു.

സെറാമ്പൂർ കോളേജിൽ നാം പ്രഫസ്സറായി താമസിച്ചുകൊണ്ടിരുന്ന കാലത്താണ് ബഥനിയുടെ പ്രാരംഭ പ്രവൎത്തനത്തിൽ നാം ഉദ്യുക്തനായതെന്നു പറഞ്ഞുവല്ലോ. മാസംതോറുമുള്ള ശമ്പളം വകയായിട്ടും, വേറെ പ്രകാരത്തിലായിട്ടും നമുക്ക ഗണ്യമായ ഒരു സംഖ്യ അക്കാലത്തു ലഭിച്ചു വന്നിരുന്നു. അതിൽനിന്നു ചില വിദ്യാൎത്ഥികളുടേയും വിദ്യാൎത്ഥിനികളുടേയും വിദ്യാഭ്യാസത്തിന്നായി നാം ചെലവു ചെയ്തുവന്നതു കഴിച്ചുള്ള സംഖ്യ ബഥനി സ്ഥാപനത്തിന്നായി നാം നീക്കിവെക്കാൻ തുടങ്ങി. അതുകൊണ്ടു സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ളതാണ് നാമെല്ലാവരും ഇരിക്കുന്നേ ഈ കെട്ടിടവും ഇതിരിക്കുന്നേ സ്ഥലവും. ഇതിൻെറ കിഴക്കുവശത്തായി മലമുകളിലുള്ള ഏകദേശം 300 ഏക്കർ സ്ഥലം വാങ്ങുവാൻ കഴിഞ്ഞിട്ടുള്ളതു സ്വഗൃഹത്തിൽനിന്നു അക്കാലത്തു നമുക്ക ലഭിച്ച പണംകൊണ്ടുമത്രേ. ഈ വിധത്തിൽ ബഥനിയുടെ പ്രാരംഭ പ്രവൃത്തികളെല്ലാം ആശാസ്യമാംവണ്ണം നിൎവ്വഹിച്ചതിൻെറ ശേഷം, അന്നു മെത്രാനോ മെത്രാപ്പോലീത്തായോ അല്ലാതിരുന്ന നാം പ്രഫസർ ഉദ്യോഗം രാജിവെച്ചുംകൊണ്ടു നാട്ടിലേക്കു മടങ്ങിപ്പോന്നു. നാട്ടിൽ നിന്നാവട്ടെ, നാട്ടുകാരിൽ നിന്നാവട്ടേ ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹന സഹായങ്ങൾ ലഭിക്കണമെന്നോ ലഭിക്കുമെന്നോ ഞങ്ങളാരെങ്കിലും പ്രതീക്ഷിക്കയും [illegible] ഏ

ഷി മുതലായ സ്വന്തം പരിശ്രമങ്ങളാൽ ഈ സ്ഥാപനത്തെ പുലർത്തിക്കൊണ്ടു പോകാം എന്നു മാത്രമായിരുന്നു അന്നത്തെ കരുതൽ. ഈ വിധത്തിൽ സെറാമ്പൂരിൽ ഇരുന്നുകൊണ്ടു തന്നേ ബഥനിയുടെ അസ്ഥിവാരം പണിയാൻ ഇടയായതിൽ നമുക്കു അസാമാന്യമായ കൃതാർത്ഥതയുണ്ടു. ജാതിമതഭേദമെന്യെ പരോപകാരാർത്ഥം പുണ്യവേലകൾ ചെയ്യണമെന്നു നാം അക്കാലത്തു ഉദ്ദേശിച്ചു. യാക്കോബായ സഭയിൽനിന്നു വേർപെട്ടതും യാക്കോബായ സഭയ്ക്കും സഭാദ്ധ്യക്ഷന്മാർക്കും യാതൊരുവക ബന്ധവും കർത്തവ്യവും ഇല്ലാത്തതും ആയ ഒരു ധർമ്മസ്ഥാപനമുണ്ടാക്കണമെന്നും, ആ ധർമ്മസ്ഥാപനം സമസ്യഷ്ടങ്ങളായ ഏവർക്കും നന്മ ചെയ്യുന്ന ഒരു പുണ്യസ്ഥാപനമായിരിക്കണമെന്നും ആയിരുന്നു നമ്മുടെ അഭിലാഷം. യാക്കൊബായ പാത്രിയർക്കീസിന്നൊ തൽസഭയിലെ ഇതര അദ്ധ്യക്ഷന്മാർക്കൊ അധീനമായ ഒരു സ്ഥാപനമൊ അവരുടെ അധികാരത്തിൻ കീഴിലുള്ള ഏതെങ്കിലും പുണ്യവേലകളൊ ഐശ്വര്യപ്പെടുകയില്ലെന്നു നമുക്കു ബോധ്യമുണ്ടായിരുന്നതുകൊണ്ടു, ബഥനിയെ സ്വതന്ത്രമായ ധർമ്മസ്ഥാപനമായിട്ടു നാം കരുതുകയും ശ്രപവൽക്കരിക്കയും ചെയ്തിട്ടുണ്ടായുള്ളൂ. ഇതെല്ലാം സെറാമ്പൂരിൽ താമസിക്കുന്ന കാലത്താണു് നാം നിശ്ചയിച്ചതു. നാം മെത്രാനൊ മെത്രാപ്പോലീത്തായൊ ആയിത്തീരുമെന്നാവട്ടെ, ഞങ്ങൾ നിപ്പള്ളികൾ ഉണ്ടാകുവാൻ നാം പ്രേരിപ്പിക്കപ്പെടുമെന്നാവട്ടെ അക്കാലത്തു നാം സ്വപ്നത്തിൽ പോലും നിരൂപിച്ചിരുന്നതല്ല. 1919-ൽ സെറാമ്പൂർ കോളേജ് വിട്ടു സ്വദേശത്തു എത്തിച്ചേർന്നതോടുകൂടി ഇക്കാണുന്ന

വടശ്ശേരിക്കരയിൽ ഉള്ള മുണ്ടൻമലയിൽ ബഥനി അവിടെ സ്ഥാപിക്കപ്പെട്ടു.

പാത്രിയക്കീസ്സ്ബാവായുടെ അധികാരത്തിന്നും ശക്തിക്കും നിയന്ത്രണവും പരിമിതവും വരുത്തി വെക്കേണ്ടുന്നതിന്നായി അദ്ദേഹത്തിൻെറ അധികാര ശക്തിയുടെ നേരെ മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വ്യവഹാരമാകുന്ന ധർമ്മയുദ്ധം ചെയ്തുവന്ന കാലഘട്ടത്തിലായിരുന്നു ബഥനിയുടെ ആവിർഭാവമെന്നു മുമ്പു നാം പറഞ്ഞുവല്ലോ. മലങ്കര മെത്രാപ്പോലീത്തായുടെ ആ വ്യവഹാര സമരത്തിൽ ഒരു പക്ഷേ അപജയം നേരിടുന്ന പക്ഷം പാത്രിയക്കീസിന്നോ യാക്കോബായ സഭയ്ക്കോ അവകാശവും അധികാരവും ഇല്ലാത്ത ഒരു സ്വതന്ത്ര സ്ഥാപനം സമീപത്തുണ്ടായിരിക്കുന്നതു പ്രയോജനകരമാണെന്നു തോന്നിയതിനാൽ സ്വതന്ത്രമായ ബഥനിക്കു മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അനുകൂലിയായിരുന്നു. മെത്രാപ്പോലീത്തായുടെ സ്ഥാനഭ്രംശത്തിന്നു ശേഷം, അബ്ദുള്ളാപാത്രിയക്കീസിന്നു മുമ്പു അന്ത്യോഖ്യാ യാക്കോബായ പാത്രിയക്കാ സിംഹാസനത്തെ അലങ്കരിച്ചിരുന്ന ദേഹവും അബ്ദുള്ളാ പാത്രിയക്കീസിൻെറ ബദ്ധവിരോധിയും ബഹിഷ്കൃത പാത്രിയക്കീസെന്നു അദ്ദേഹത്താൽ ഗണിക്കപ്പെട്ട ദേഹവുമായ അബ്ദേദമ്ശീഹോ പാത്രിയക്കീസ് 1088 ചിങ്ങത്തിൽ ഈ നാട്ടിൽ വന്നു. മെസൊപ്പോട്ടേമ്യ (Mesopotamia)യുടെ പ[illegible]ിക തലസ്ഥാനമായ തിഗ്രീസിൻെറ (Tigris) കര[illegible]ാലി ക്കോസ് എന്ന അഭിധാനത്തിൽ ഒരു കാതോല[illegible]ക്കോ സിനെ അവരോധിച്ചതിൻെറ ശേഷം അദ്ദേഹം [illegible]മടങ്ങി

1912 [handwritten margin note]

പ്പോയി. ഉടൻതന്നെ അബ്ദുള്ള, പാത്രിയർക്കീസ് ആ കാതോലിക്കോസിനേയും അബ്ദേദമ്ശീഹോ പാത്രിയർക്കീസിനാൽ അഭിഷേകം പ്രാപിച്ചിട്ടുള്ള കേരളത്തിലുള്ള സർവ്വ മെത്രാന്മാരേയും മുടക്കി യാക്കോബായ സഭയിൽ നിന്ന ബഹിഷ്കരിക്കകയും, ഇവർ കേവലം വേഷധാരികൾ മാത്രമാണെന്നു പ്രഖ്യാപനം ചെയ്കയുമുണ്ടായി. അക്കാലത്ത നാം കാതോലിക്കോസിൻെറ പക്ഷം ചേൎന്നു നില്ക്കുകയായിരുന്നു. 1914-ൽ ആണെന്നു തോന്നുന്നു ആ കാതോലിക്കോസ് ദേഹവിയോഗം ചെയ്തു. പിന്നാലെ ഒരു കാതൊലിക്കൊസ് അവരോധിക്കപ്പെടുമെന്നൊ, ഇദംപ്രഥമമായി കേരളത്തിൽ സ്ഥാപിക്കപ്പെട്ട കാതൊലിക്കോസ് സ്ഥാപനം നിലനിൎത്തിക്കൊണ്ടു പോകുവാൻ സാധ്യമായിരിക്കമെന്നൊ ആരും കരുതിയിരുന്നില്ല. ദീൎഘകാലം പരേതനായ കാതോലിക്കോസിൻെറ സ്ഥാനത്ത ആരുംതന്നെ അവരോധിക്കപ്പെടാതെ കിടന്നിരുന്നു. അക്കാലത്തായിരുന്നു നാം ബഥനി സ്ഥാപിച്ചതു. യാക്കോബായ പാത്രിയർക്കീസിന്നാവട്ടെ, അദ്ദേഹത്തിൻെറ കീഴിലുള്ള യാക്കോബായ സഭയ്ക്കാവട്ടെ, യാതൊരു ബന്ധവും കൎത്തവ്യവും ഉണ്ടാകാത്ത നിലയിലും കാതോലിക്കോസിന്നും കാതോലിക്കോസ് സ്ഥാപനത്തിന്നും അധീനമാവാത്ത നിലയിലും സ്വതന്ത്രമായി നാം ബഥനിയെ സ്ഥാപിച്ചു. ബഥനിയുടെ സംസ്ഥാപനത്തിന്ന ശേഷം പത്തു പന്ത്രണ്ടു സംവത്സരങ്ങൾ കഴിഞ്ഞതിൽ പിന്നെ രണ്ടാമതായി ഒരു കാതോലിക്കോസ് അവരോധിക്കപ്പെടുകയുണ്ടായിട്ടും അദ്ദേഹമാവട്ടേ, അദ്ദേഹത്തെ അഭിഷേകം ചെയ്ത മെത്രാന്മാരാവട്ടേ, മലങ്കര മെത്രാപ്പോലീത്താ

യാവട്ടെ, യാക്കോബായ പാത്രിയക്കീസ്സൊ, ഏതെങ്കിലും യാക്കോബായ മെത്രാനൊ ആവട്ടെ, യാക്കോബായ അസോസിയെഷൻ യോഗമൊ കമ്മിററിയൊ ആവട്ടെ ബഥനി തങ്ങളുടെ അധികാരത്തിൻ കീഴിൽ ആണെന്നു ഭാവിക്കയൊ, അങ്ങിനെ ആക്കിവെക്കണമെന്നോ രഹസ്യമായൊ പരസ്യമായൊ യാതൊരു ശ്രമവും ചെയ്യുകയൊ ഉണ്ടായിട്ടില്ലാത്തതിനാൽ വിശിഷ്യാ അവർപോലും ബഥനിയുടെ സൎവ്വ സ്വാതന്ത്ര്യത്തെ സമ്മതിച്ചിരുന്നതായി തെളിയുന്നതാണ്. അന്ത്യോഖ്യാ യാക്കോബായ പാത്രിയക്കീസിന്നാവട്ടേ, അഥവാ തിഗ്രീസിന്റെ പൌരസ്ത്യ കാതോലിക്കോസിന്നാവട്ടേ, എവിടെയെല്ലാം എന്തെല്ലാം അധികാരങ്ങൾ ഉണ്ടെന്നൊ ഇല്ലെന്നൊ വ്യവഹാരം മൂലം തീൎച്ചപ്പെട്ടുവാൻ ഇടയായിരുന്നാൽ തന്നെയും അവൎക്കിരുവൎക്കും ബഥനിയിൽ കൎത്തവ്യമുണ്ടാകാൻ ഒരു തരത്തിലും ന്യായവും മാൎഗ്ഗവും ഇല്ലെന്നു പട്ടാപ്പകൽപോലെ തെളിവായി കാണാവുന്നതത്രേ.

### വിവിധസ്ഥാപനങ്ങൾ.

ബഥനി സ്ഥാപനാനന്തരം അതിനോടു ഘടിപ്പിച്ചു ആദ്യമായി നാമൊരു അനാഥശാലയാണു ഏൎപ്പെടുത്തുകയുണ്ടായതു. ക്രമേണ ഒരു ധൎമ്മാസ്പത്രിയാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ ഒരു ഔഷധാലയ (Dispensary) വും സ്ഥാപിക്കപ്പെട്ടു. തദനന്തരം ഒരു ആശ്രമം രൂപീകരിച്ചു. ഈ വക ധാൎമ്മികസ്ഥാപനങ്ങളെ ദീൎഘകാലം സ്വന്തം വക പണംകൊണ്ടു മാത്രം നടത്തിക്കൊണ്ടു പോകവാൻ നമുക്കു സാധ്യമായിരുന്നില്ല. അതിനാൽ നമുക്കു

പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അപേക്ഷണീയമായി വന്നുകൂടി. മൂന്നുനാലുസംവത്സരകാലം നാം ദേശസഞ്ചാരം ചെയ്തു ദ്രവ്യസഹായം അഭ്യർത്ഥിക്കുകയുണ്ടായി. ഉദാരമതികളായി, പരോപകാരതല്പരന്മാരായി, സാധുജനപ്രിയന്മാരായി ഹിന്തുക്കളിലും മുഹമ്മദീയരിലും റോമൻ കത്തോലിക്കരിലും മാർത്തോമാക്കാരിലും യാക്കോബായക്കാരിലും പ്രോട്ടസ്റ്റൻറുകാരിലും ഉള്ള അനേകം പേർ നമ്മുടെ അഭ്യർത്ഥനയെ സ്വീകരിച്ചു വിവിധതരത്തിലുള്ള സംഭാവനകൾ നൽകിയതിനെ നാം ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ട്. മാർ ദീവന്നാസ്യോസ്സ് മെത്രാപ്പോലീത്തായും ചില ആംഗ്ലിക്കൻ ബിഷോപ്പന്മാരും, യൂറോപ്യന്മാരും നാട്ടുകാരുമായ പല മാന്യന്മാരും ബഥനിയെ ശ്ലാഘിച്ചും പരജനങ്ങൾ അതിനെ സഹായിക്കേണ്ടതാണെന്നു അഭ്യർത്ഥിച്ചും പ്രശംസാപത്രങ്ങൾ എഴുതിയിട്ടുള്ളവരത്രെ. ദ്രവ്യസഹായം രണ്ടുതരത്തിലായിരുന്നു നാം പിരിച്ചുവന്നതു. ബഥനിയാശ്രമത്തിൻേറയും അതിനോടു ഘടിപ്പിക്കപ്പെട്ടിട്ടുള്ള ധർമ്മസ്ഥാപനങ്ങളുടെ സുസ്ഥിരമായ നടത്തിപ്പിനു സഹായമായിരിക്കത്തക്കവിധം 100 രൂപയും അതിൽ കൂടുതലും ലഭിച്ചവയെ മൂലധനമെന്ന നിലയിൽ നാം മുതൽകൂട്ടി, അതിൽ കുറഞ്ഞ സംഖ്യയായി ഓരോരുത്തരും നൽകിയിരുന്നവ ബഥനിയിലെ നിത്യചെലവിന്നായി നാം വ്യയം ചെയ്തു പോന്നു. സെറാമ്പൂർ വെച്ചു ലഭിച്ച ആദായം കൊണ്ടു നാം സ്വദേശീയരായ ചില വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നുവെന്നും, അവരിൽനിന്നു തിരികെ ലഭിച്ച വകകൊണ്ടാണു തിരുവല്ലായിൽ നാം ഒരു കന്യകാമഠം ഉണ്ടാക്കിയിരുന്നു

മുന്നൊരവസരത്തിൽ നാം പ്രസ്താവിച്ചുവല്ലോ. നാം ഇദംപ്രഥമമായി സ്ഥാപിച്ച ബഥനിയുമായി പ്രത്യേകബന്ധമില്ലാത്ത പ്രകാരത്തിലാണു നാം ഈ കന്യകാമഠം സ്ഥാപിക്കുകയുണ്ടായതെന്നുള്ളതു സ്വാതന്ത്ര്യം തന്നെ. മഠത്തിലെ അംഗങ്ങളായി ചേൎന്നവരിൽ പലരും നാം വടക്കേ ഇന്ത്യയിലായിരുന്നപ്പോൾ ബാരിസോൾ കന്യകാമഠത്തിലും കൽക്കത്താ ഡയോസിസൻ കോളേജിലുമായി പരിശീലനവും പരിജ്ഞാനവും നേടിയവരത്രെ.

ജനനവശാൽ നാം ഒരു യാക്കോബായ സഭാംഗമായിരിക്കുന്ന സ്ഥിതിക്കു നാം ഉണ്ടാക്കുന്ന സ്ഥാപനങ്ങളേതും യാക്കോബായ സഭയുടേതാണെന്നു വന്നുകൂടുവാൻ ഇടയുള്ളതല്ല. യാക്കോബായക്കാരനായ ഒരാളാണു ഒരു ഫുട്ബോൾ ക്ലബ്ബ് ഏൎപ്പെടുത്തിയതെന്നുള്ളതിനാൽ, ആ ക്ലബ്ബും അതിന്റെ സാമഗ്രികളും യാക്കോബായ പാത്രിയൎക്കീസിനു അധീനമായിരിക്കുമെന്നു തീരുമാനിക്കാമെങ്കിൽ മാത്രമേ നാം സ്ഥാപിച്ച ബഥനിമേൽ യാക്കോബായ സഭാഭരണാധികാരികൾക്കു അവകാശ കൎത്തൃത്വങ്ങൾ ഉണ്ടാകാൻ മാൎഗ്ഗമുള്ളുവെന്നു ഇതിലധികം ഇവിടെ വ്യക്തപ്പെടുത്തേണ്ടതായിട്ടില്ലല്ലോ. വിനോദവ്യായാമാൎത്ഥമുള്ളതൊന്നല്ല ബഥനിയെന്നുള്ളതുകൊണ്ടു, നിയമവും ന്യായവും അതിനെ ബാധിക്കയില്ലെന്നു സമൎത്ഥിക്കാൻ പാടുള്ളതുമല്ല. മതാദ്ധ്യക്ഷന്മാൎക്കാവട്ടേ സഭാഭരണാധികാരികൾക്കാവട്ടേ അവകാശമോ അധികാരമോ ഇല്ലാത്ത പല പല സ്ഥാപനങ്ങളും, (അതായതു പള്ളിക്കൂടങ്ങൾ വായനശാലകൾ മുതലായവ)യാക്കോബായ സഭാംഗങ്ങളും മാൎത്തോമ്മാ സഭാംഗങ്ങളും മററും ഉണ്ടാക്കി നടത്തിവരുന്നുണ്ട്. പ

ല മതത്തിൽ ഉൾപ്പെട്ട ആളുകൾ ഏകോപിച്ചു ഒരു ധൎമ്മസ്ഥാപനം നടത്തുവാൻ സാധ്യമാണെല്ലൊ. ഒരു മതാധ്യക്ഷനും അധീനമാവാതെ സ്വതന്ത്രമായി ഒരു സ്ഥാപനം ഉണ്ടാക്കി നടത്തുവാനും തൽസംബന്ധമായി വിവിധതരത്തിലുള്ള പുണ്യവേലകൾ ചെയ്യാനും സാധ്യമാണെല്ലൊ. ഈ വിധത്തിലല്ലാതെ മറെറാരു പ്രകാരത്തിലും ബഥനിയെ ഗണിക്കാവുന്നതല്ല. ബഥനിയുടെ ക്രമപ്രവൃദ്ധമായ നടത്തിപ്പിന്നു മതിയായ ധനം നമുക്കില്ലാതെയായപ്പോൾ അതിന്റെ പരോപകാരപ്രദമായ ആദൎശത്തെ അനുകൂലിച്ചവരായിട്ടുള്ളവർ നമ്മുടെ അഭ്യൎത്ഥനയെ സ്വീകരിച്ചു യഥാമതി സാഹായ്യങ്ങൾ നൽകിയെന്നുള്ളതു സത്യം തന്നേ. അങ്ങിനെ നമ്മെ സഹായിച്ചിട്ടുള്ളവർ ഒരു സമുദായത്തിലോ സഭയിലോ പെട്ടവർ മാത്രമാവാതെ നാനാജാതിമതസ്ഥരാണെന്നു ഗ്രഹിച്ചിരിക്കേണ്ടതാണു. പൊതുജനങ്ങളിൽനിന്നു പിരിച്ചെടുക്കുന്ന പണത്തിന്റെ വരവും ചെലവും പൊതുജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതു ഏതൊരു സ്ഥാപനത്തിന്റെയും നടത്തിപ്പുകാരൻ ധൎമ്മബുദ്ധ്യാ നിൎവ്വഹിക്കേണ്ടുന്ന കടമയാണെങ്കിൽ ആ കടമയെ നാം യഥായോഗ്യം നിറവേററുകയുണ്ടായിട്ടില്ല. ഇന്നു തന്നേ ഉച്ചകഴിഞ്ഞു കൂടുന്നതായ യോഗത്തിൽ ഇതേവരെയുള്ള വരവു ചെലവുകളുടെ കണക്കും തിരട്ടും ഹാജരാക്കുന്നതാണു. പൊതുജനാനുകൂല്യത്തേയും സാഹായ്യങ്ങളേയും അൎഹിക്കുന്ന ധൎമ്മസ്ഥാപനമായ ബഥനിയുടെ വരവുചെലവു കണക്കുകൾ അതിന്റെ സ്ഥാപകൻ അതിലേക്കു ദ്രവ്യസഹായം ചെയ്യുന്ന ജനങ്ങളെ യഥാകാലങ്ങളിൽ കേൾപ്പിക്കുന്നതു മുഖ്യ

തമാകയാൽ ആ കൃത്യം നാം യഥായൊഗ്യം അനുവൎത്തിക്കുകയും ചെയ്തിട്ടുണ്ടു. ബഥനി സൎവ്വസ്വാതന്ത്ര്യമാവാതെ, അതു മലങ്കര യാക്കോബായ സഭയ്ക്കു അധീനമായ ഒരു സ്ഥാപനമാണെന്നായിരുന്നു മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ ബോധ്യമെങ്കിൽ അദ്ദേഹം ബഥനിയെപ്പററി എഴുതിയ പ്രശംസാപത്രത്തിൽ ബഥനിയുടെ കണക്കുകൾ ഒന്നുകിൽ അദ്ദേഹത്തേയോ, അല്ലെങ്കിൽ മലങ്കര യാക്കോബായ സഭയുടെ ഭരണകൂടമായ യാക്കോബായ അസോസിയേഷൻ യോഗത്തെയൊ, അതിന്റെ മാനേജിംഗ് കമ്മിററിയേയോ കേൾപ്പിക്കുന്നേതായിരിക്കുമെന്നു ആ പ്രശംസാപത്രത്തിൽ രേഖപ്പെടുത്തുമായിരുന്നുവല്ലോ. അങ്ങിനെ ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു, ബഥനിയുടെ സൎവ്വസ്വാതന്ത്ര്യം അദ്ദേഹം ഈ വിധത്തിലും രേഖാമൂലം സമ്മതിക്കുന്നുണ്ടെന്നുള്ളതു വിശിഷ്യാ പ്രസ്താവ്യം തന്നെയാണു. നമ്മെ മെത്രാനായി അഭിഷേകം ചെയ്ത കാതോലിക്കോസ്സാവട്ടേ, തൽസ്ഥാനത്തേക്കു അവരോധിക്കപ്പെടുന്നതിനു മുമ്പും നാം മെത്രാൻ സ്ഥാനാഭിഷേകം പ്രാപിക്കുന്നതിനു മുമ്പു റമ്പാനായിരുന്നപ്പോൾതന്നേ ബഥനിയുടെ സൎവ്വസ്വാതന്ത്ര്യത്തെ വിശദപ്പെടുത്തുന്നതായി നമ്മുടെ പേൎക്കു എഴുതി അയച്ചിട്ടുണ്ടു. പോരെങ്കിൽ, ഇപ്പോൾ ഈ യോഗത്തിൽ സന്നിഹിതരായിട്ടുള്ളവരും, മൂലധനത്തിലേക്കായി സന്തോഷപൂൎവ്വം യഥാമതി സംഭാവനകൾ ചെയ്തിട്ടുള്ളവരുമായ മിവൃശ്രീ കല്ലെക്കാട്ടിൽ തോമാ കത്തനാരും, മിസ്റ്റർ പനങ്ങോട്ടേത്തു കൊച്ചുമ്മനും, മിസ്റ്റർ ഇണ്ടിയിൽ [illegible] ബഥനിയുടെ സൎവ്വ സ്വാതന്ത്ര്യ

ത്തെ നിശ്ശങ്കം സാക്ഷിപ്പെടുത്തുമെന്നു നമുക്കു വിശ്വാസമുണ്ടു. ഇവരെല്ലാവരുംതന്നേ, ബഥനി യാക്കോബായ സഭവകയല്ലെന്നു ഉറപ്പുപറയുമെങ്കിൽ മാത്രമേ അതിന്നായി സംഭാവനകൾ നൽകാൻ ആഗ്രഹിക്കുന്നുള്ളു എന്നു നമ്മുടെ പണപ്പിരിവുകാലത്തു നമ്മോടു നേരിട്ടു പറഞ്ഞിട്ടുള്ളവരത്രേ. ബഥനിക്കു യാക്കോബായ സഭയുമായി യാതൊരു ബന്ധവുമില്ലെന്നു വ്യക്തമായി ഉറപ്പുപറഞ്ഞിട്ടു മാത്രമേ നാം ഇവരിൽനിന്നും മററു ജനങ്ങളിൽനിന്നും ദ്രവ്യസഹായവും സംഭാവനകളും വാങ്ങിക്കുകയുണ്ടായിട്ടുള്ളു. കുറെ കഴിഞ്ഞപ്പോൾ നാം പണപ്പിരിവിന്നായുള്ള സഞ്ചാരം നിറുത്തിവെച്ചു. അന്നുമുതൽ ഇന്നേയോളവും നിത്യനിദാനച്ചെലവുകൾ നടന്നു പോന്നിട്ടുള്ളതു പിടിയരിപ്പിരിവുകൊണ്ടും ഈ മലയിൽ ചെയ്തുവരുന്ന കൃഷിയിൽനിന്നു ലഭിച്ചുവന്ന ഫലമൂലാദികളാലുമത്രേ. ആശ്രമസ്ഥന്മാർ ഭിക്ഷാടനാർത്ഥം ഓരോരോ സ്ഥലങ്ങളിൽ സഞ്ചരിച്ചു വരുന്നതിനാൽ ഉപജീവനത്തിന്നുള്ള വക നെല്ലായിട്ടോ; അരിയായിട്ടോ മററാ ആവശ്യത്തിന്നു മതിയായേടത്തോളം കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ടു.

ഈ സന്ദർഭത്തിൽ യാക്കോബായ പാത്രിയർക്കീസിൻേറയും പൌരസ്ത്യ കാതോലിക്കോസിൻെറയും സ്ഥാനസ്ഥിതികളെപ്പററി ഗ്രഹിച്ചിരിക്കുന്നതു ബഥനിയെപ്പററി സൂക്ഷ്മജ്ഞാനം ലഭിക്കുന്നതിന്നു സഹായമായിരിക്കുമെന്നുള്ളതിനാൽ മലങ്കര യാക്കോബായ സഭയിൽ ഇക്കഴിഞ്ഞ ഇരുപതു സംവത്സരങ്ങൾക്കിപ്പുറം ഉണ്ടായിട്ടുള്ള വിപ്ലവത്തെപ്പററി സംക്ഷിപ്തമായിട്ടെങ്കിലും ഇവിടെ പ്രസ്താവിക്കേണ്ടതാവശ്യമത്രെ. കൊല്ലവർഷം 1084 മിഥുന

1909 ജൂൺ/ജൂലൈ

ത്തിൽ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പുലിക്കോട്ട മാർ ദീവന്നാസ്യോസ് കാലധർമ്മം പ്രാപിച്ചു. ഉടൻ തൽസ്ഥാനത്തു അവരോധിതനായതു ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തയായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനിയത്രെ. ഇദ്ദേഹം, പുലിക്കോട്ട മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ജീവിച്ചിരുന്ന കാലത്തുതന്നേ പൊതുജനങ്ങളുടേയും മലങ്കര യാക്കോബായ അസോസിയേഷൻ യോഗത്തിന്റേയും തിരഞ്ഞെടുപ്പും സമ്മതപത്രവുമനുസരിച്ചു യറുശലേമിൽ പോയി, യാക്കോബായ പാത്രിയർക്കീസായി സർവ്വരാലും സ്വീകരിക്കപ്പെട്ടിരുന്ന അബ്ദുള്ളാ പാത്രിയർക്കീസിൽനിന്നു മെത്രാൻസ്ഥാനം പ്രാപിച്ചിട്ടുള്ള ദേഹമാകുന്നു. പുലിക്കോട്ട മാർ ദീവന്നാസ്യോസ് നിര്യാണം പ്രാപിച്ചപ്പോൾ മലങ്കര യാക്കോബായ അസോസിയേഷൻ മാനേജിംഗ് കമ്മിററിയുടെ ഏകകണ്ഠമായ തീരുമാനമനുസരിച്ചു അക്കാലത്തു ലണ്ടനിൽ താമസിച്ചിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് കമ്പിമാർഗ്ഗേണ നൽകിയ അനുമതിപ്രകാരം ഇദ്ദേഹം മലങ്കര മെത്രാപ്പോലീത്താ പദത്തിൽ അവരോധിതനായി. ഏതാനും മാസങ്ങൾക്കുള്ളിൽ (കൊല്ലം 1085-ൽ) അബ്ദുള്ളാ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു ഇവിടെ, കേരളത്തിൽ, സന്ദർശനാർത്ഥം വന്നു ചേരുകയും ചെയ്തു. മലങ്കര യാക്കോബായ സഭമേൽ പാത്രിയർക്കീസിനുള്ള അധികാരം മതോപദേശങ്ങൾ നിർണ്ണയിക്കുക, മതകർമ്മങ്ങൾ അനുഷ്ഠിക്കുക മുതലായി കേവലം ആത്മീയപരം മാത്രമാണെന്നു 1061-ലെ തിരുവിതാംകൂർ റോയൽ കോടതി വിധികൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നു

തായി അദ്ദേഹം ഗ്രഹിച്ചിരുന്നു. അബ്ദുള്ളാ പാത്രിയൎക്കീസ്സാവട്ടേ, ഇതുകൊണ്ടു തൃപ്തനാവാതെ, മലങ്കര യാക്കോബായ സഭയിൽ തനിക്കു ലൌകികാധികാരം കൂടി വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി, മെത്രാൻ സ്ഥാനാരോഹണവേളയിൽ യാക്കോബായ മതവിശ്വാസം സ്വീകരിക്കുന്നുവെന്നും പാത്രിയൎക്കീസിന്റെ കല്പനകൾ അനുസരിച്ചു നടന്നുകൊള്ളാമെന്നും പൂൎവ്വ നടവടിപ്രകാരം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുതിക്കൊടുത്തിട്ടുള്ള "ശൽമൂസൊ" എന്ന പേരായ ഉടമ്പടിക്കു പുറമേ, ലൌകികാധികാരം കൂടി സമ്മതിക്കുന്നതായ ഒരു പുതിയ ഉടമ്പടിയും എഴുതി കച്ചേരിയിൽ വെച്ചു രജിസ്ട്രാക്കി തരണമെന്നു അബ്ദുള്ളാ പാത്രിയൎക്കീസ്, മലങ്കര മെത്രാപ്പോലീത്തായോടാവശ്യപ്പെട്ടു. അതിന്നു വിസമ്മതം പറഞ്ഞപ്പോൾ മററു ചില കുററങ്ങൾ ചുമത്തിക്കൊണ്ടു അദ്ദേഹം മെത്രാപ്പോലീത്തായെ സ്ഥാനഭ്രംശം ചെയ്യുവാനൊരുങ്ങായതു. അബ്ദുള്ളാ പാത്രിയൎക്കീസിന്റെ മുൻഗാമിയായിരുന്ന അബ്ദേദമ്ശീഹോ പാത്രിയൎക്കീസ് ഈ കാലഘട്ടത്തിൽ തുൎക്കിയിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. അബ്ദുള്ളാ പാത്രിയൎക്കീസിന്റെ ഈ സാഹസകൃത്യത്തെപ്പററി അദ്ദേഹം അറിഞ്ഞപ്പോൾ, നീതിയേയും നിയമത്തേയും അതിലംഘിച്ചുള്ള ആ പ്രവൃത്തിക്കു സാധുത്വം കല്പിക്കാവതല്ലെന്നു അദ്ദേഹം മെത്രാപ്പോലീത്തായെ കമ്പിമുഖേന സാന്ത്വനപ്പെടുത്തി. അബ്ദുള്ളാ പാത്രിയൎക്കീസും അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന അബ്ദേദമ്ശീഹോ പാത്രിയൎക്കീസും ബദ്ധവൈരികളായിരുന്നുവെന്ന വസ്തുത ഇവിടെ അറിഞ്ഞിരിക്കേണ്ടതുണ്ട്. മെത്രാ

പ്പോലീത്തായുടെ സ്ഥാനഭ്രംശത്തെപ്പററി മലങ്കര യാക്കോബായ സഭയിൽ എവിടെയും അഭിപ്രായഭേദം ഉണ്ടാവുകയും, അതു നാനാവിധത്തിലുള്ള വിപ്ലവങ്ങൾക്കും വ്യവഹാരങ്ങൾക്കും വഴി തുറന്നു കൊടുക്കുകയും ചെയ്തു. പ്രസ്തുത അന്തഛിദ്രത്തിൻെറ മൂദ്ധന്യാവസ്ഥയിൽത്തന്നേ അബ്ദുള്ളാ പാത്രിയക്കീസ് സ്വരാജ്യത്തേക്കായി മടങ്ങിപ്പോയി. തദനന്തരം മലങ്കരയിൽ നടന്നതു അബ്ദേദമ്ശീഹോ പാത്രിയക്കീസിൻെറ (കൊല്ലം 1087) ആഗമനമായിരുന്നു. ഇദ്ദേഹം മലങ്കര മെത്രാപ്പോലീത്തായുടെ പക്ഷം ചേൻകൊണ്ടു അദ്ദേഹത്തിന്നു പല തരത്തിലുള്ള ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു. കിടമത്സരം മൂലമോ മറേറാ ഒരു കാലത്തു രണ്ടു പാത്രിയക്കീസന്മാർ ഉണ്ടായിത്തീരുന്ന പക്ഷം, ഇരുവരിൽ ആദ്യം സ്ഥാനാഭിഷേകം പ്രാപിച്ച ആൾ യഥാൎത്ഥത്തിൽ അധികാരിയായിരിക്കേണ്ടതാണെന്നുള്ള സഭാനിയമ സംഹിതയെ ആധാരമാക്കിക്കൊണ്ടു അബ്ദേദ്മശീഹാ ബാവാ ന്യായമായ പാത്രിയക്കീസ്സാണെന്നും അബ്ദുള്ളാ പാത്രിയക്കീസിൻെറ പ്രവൃത്തി നീതീകരിക്കാൻ പാടുള്ളതല്ലെന്നും മററും ആയിരുന്നു മെത്രാപ്പോലീത്തായുടെ വാദമുഖങ്ങളെന്നു പറയാം. എന്നാൽ അബ്ദുള്ളാ പാത്രിയക്കീസിൻെറ പാശ്ചാത്തികളാകട്ടേ, മെത്രാപ്പോലീത്തായുടെ ഈ വാദത്തെ നിശ്ശേഷം ഖണ്ഡിച്ചുകൊണ്ടു അബ്ദേദമ്ശീഹോ ന്യായമായ പാത്രിയക്കീസല്ലെന്നും അദ്ദേഹത്തെ സിംഹാസനത്തിൽനിന്നു പലെ സംവത്സരങ്ങൾക്കു മുമ്പുതന്നെ ബഹിഷ്കരിച്ചിരിക്കുന്നുവെന്നും, അതിനാൽ അദ്ദേഹത്തിന്നു യാക്കോബായ സഭയിൽ എവിടെയും അധികാരം ക

ർത്തുത്വം ഉണ്ടാകാൻ ഇടയില്ലെന്നും, മെത്രാപ്പോലീത്താ തന്നേയും സ്ഥാനാഭിഷേകം പ്രാപിച്ചതും മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കപ്പെട്ടതും അബ്ദുള്ളാ പാത്രിയക്കീസ്സിനാൽ തന്നെന്നും എതിർവാദം ചെയ്തു. അബ്ദേദമ് ശീഹോ പാത്രിയക്കീസ് കേരളത്തിൽ വന്നതിന്റെ ശേഷം പ്രധാനമായി ചെയ്ത പ്രവൃത്തി, പൂർവ്വകാലത്തു പൌരസ്ത്യരാജ്യത്തിൽ ഉണ്ടായിരുന്നതും പിന്നീട നാമാവശേഷമായിത്തീന്നതുമായ മെസോപ്പോട്ടേമ്യ (Mesopotamia)യുടെ തലസ്ഥാനമായ തിഗ്രീസിന്റെ (Tigris) കാതോലിക്കോസ്, അഥവാ പൌരസ്ത്യ കാതോലിക്കോസ് എന്ന അഭിധാനത്തിൽ ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചതായിരുന്നു. തിഗ്രീസിലെ കാതോലിക്കോസിന്റെ അധികാര സീമയിൽ പാത്രിയക്കീസ്സിന്നു സ്വാതന്ത്ര്യാധികാരമില്ലെന്നുള്ള സഭാനിയമ സംഹിതയെ അവലംബിച്ചും, മേലിൽ കേരളത്തിൽ ഒരു കാതോലിക്കോസു ഉണ്ടായിരിക്കണമെന്നുദ്ദേശിച്ചും അബ്ദേദമ് ശീഹോ പാത്രിയക്കീസ് മെത്രാപ്പോലീത്തായ്ക്കു ചെയ്തുകൊടുത്ത ഒരു അനുകൂല്യമായിരുന്നു ഇതെന്നു നാം ഗ്രഹിച്ചിരിക്കണം. മെത്രാപ്പോലീത്തായുടെ വ്യവഹാരവാദത്തിന്നു ഇതൊരു സഹായമായിരിക്കുമെന്നു അദ്ദേഹം സമാശ്വസിച്ചുവെന്നു തന്നെയല്ലാ, ഭാവികാലത്തു പാത്രിയക്കീസ്സന്മാരിൽനിന്നുണ്ടായേക്കാവുന്ന പീഡകൾക്കു ഇതൊരു ബലവത്തരമായ മറയായി പ്രയോജനപ്പെടുമെന്നു അദ്ദേഹം കരുതുകയും ചെയ്തിരുന്നു. യാക്കോബായ സഭയുടെ പരമാധികാരിയെന്നുള്ള നിലയിൽ ഒരു പാത്രിയക്കീസ് ഭരണം നടത്തിക്കൊണ്ടിരിക്കവേ, സമാരംഗ

ത്തിൽ മററൊരു പാത്രിയക്കീസ് പ്രവേശിച്ചുകൊണ്ടു സഭയുടെ ഭരണാധികാരിയെന്നവണ്ണം ചെയ്യുന്ന പ്രവൃത്തികൾ നിയമാനുസൃതമായിരിക്കുമോ എന്ന പ്രശ്നത്തെപ്പററി നമുക്കിവിടെ പര്യാലോചിക്കേണ്ടതായ ആവശ്യമില്ല. എന്നാൽ മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ അനുയായികളും അബ്ദേദമ്ശീഹാ ആണ് യഥാർത്ഥ പാത്രിയക്കീസെന്നു വിശ്വസിച്ചു വന്നിരുന്നുവെന്നു മാത്രം നാം ധരിച്ചിരുന്നാൽ മതിയാകും. അബ്ദുള്ളാ പാത്രിയക്കീസിന്റെ സ്ഥാനാധികാരങ്ങളെ അവഗണിച്ചുകൊണ്ടു അബ്ദേദമ്ശീഹാ പാത്രിയക്കീസ് ചെയ്തതായ ഈ പ്രവൃത്തികൾ സാധുത്വം കല്പിക്കാവുന്നതാണെങ്കിൽ, തുടരെ കാതോലിക്കോസ്മാരെ അവരോധിക്കുന്നതിനെ സംബന്ധിച്ചു അദ്ദേഹം നൽകിയ അധികാരപത്രത്തിൽ, അഥവാ, നീട്ടിൽ എന്തു പറയുന്നുവെന്നു പരിശോധിക്കേണ്ടതായിട്ടുണ്ടു. "കാനോനികമായി—സഭാനിയമ സംഹിതാനുസാരേണ—വേണം അങ്ങിനെ ചെയ്യുവാൻ എന്നത്രേ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നതു. കാതോലിക്കൊസിനെ കാനോനികമായി അവരോധിക്കുക എന്നു പറഞ്ഞാൽ, അതാതു കാലത്തു വാഴുന്ന പാത്രിയക്കീസിന്റെ അനുമതിയോടുകൂടിയോ സഹകരണത്തോടുകൂടിയോ അതു നിർവ്വഹിക്കപ്പെടേണ്ടതാണെന്നർത്ഥം. അങ്ങിനെ ചെയ്യാത്തപക്ഷം, കാതോലിക്കൊസിന്റെ അനുമതി കൂടാതെ പാത്രിയക്കീസിനെ അവരോധിക്കാൻ പാത്രിയക്കാ ഇടവകയിലെ മെത്രാന്മാർക്കധികാരമുണ്ടു. കാനോനികമായി നോക്കുമ്പോൾ, സഭാനിയമസംഹിതയെ അടിസ്ഥാനമാക്കുന്നപക്ഷം, പാത്രിയക്കീസ്, കാതോലിക്കാ

സ് എന്നീ സ്ഥാനികൾ ഭരണവിഷയത്തിൽ സ്വതന്ത്ര രാണെന്നു കാണാം. ഒരാൾ മറ്റൊരാൾക്കു കീഴ്പ്പെട്ടിരിക്കുന്നതേയില്ല. എന്നാൽ അവർ തമ്മിൽ ഐക്യ ബന്ധമുള്ള പക്ഷം, അതു മറ്റൊരു വിധത്തിൽ പ്രത്യക്ഷപ്പെടുന്നു. ഒരു മതകർമ്മം നടത്തേണ്ടതിന്നായി ഇരുവരും ഒന്നിച്ചു കൂടുന്നതായാൽ പാത്രിയർക്കീസു പ്രഥമനായും, കാതോലിക്കൊസ് ദ്വിതീയനായും വർത്തിക്കുന്നു. ഈ വിധത്തിൽ കാതോലിക്കോസ് പാത്രിയർക്കീസിന്നു താഴെയുള്ള ആൾ തന്നെ. ഇങ്ങിനെയുള്ള അവസരങ്ങളിൽ ഇവരുമായി ഐക്യബന്ധത്തിൽ ഇരിക്കുന്ന സ്വതന്ത്രനായ ഒരു മെത്രാപ്പോലീത്താകൂടി സന്നിഹിതനാകുന്നതായാൽ അദ്ദേഹത്തിന്നു തൃതീയ സ്ഥാനവും ലഭിക്കുന്നു. സ്വതന്ത്രരായ ഇവരെല്ലാവരും ഒരു മതകർമ്മത്തിൽ സംബന്ധിച്ചുവെന്നുള്ളതുകൊണ്ടു ഇവർക്കോരോരുത്തർക്കുമുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു പോകയോ, എല്ലാവരും യാക്കോബായ പാത്രിയർക്കീസിന്നു അധീനരായി, യാക്കോബായ സഭാംഗങ്ങളാകയോ ചെയ്യുന്നില്ല.

വട്ടിപ്പണക്കേസിന്റെ ഹൈക്കോടതി വിധിയിലും, അപ്പീൽ വിധിയിലും മലങ്കര യാക്കോബായ സഭയുടെ ന്യായമായ പാത്രിയർക്കീസ് അബ്ദുള്ളയാണെന്നു പ്രസ്താവിക്കുകയും അബ്ദേദ് മ്ശീഹായെപ്പറ്റി ഈ വിധത്തിൽ ഒന്നും പറയാതിരിക്കുകയും ചെയ്തിരിക്കുന്നു. കാതോലിക്കോസിനെയും കാതോലിക്കോസിന്റെ സ്ഥാനസാധുത്വത്തെയും ഹൈക്കോടതി അംഗീകരിക്കുന്നതായി കാണുന്നില്ല. കാതോലിക്കോസിനെ ഇദംപ്രഥമമായി വാഴിച്ച അബ്ദേദ് മ്ശീഹപാത്രിയർക്കീസു വെറെ

മെത്രാന്മാരെയും ഈ നാട്ടിൽ അഭിഷേകം ചെയ്തു. വാകത്താനത്തു ഗീവറുഗീസു റമ്പാനെ മാർ പീലക്സിനോസു എന്ന അഭിധാനത്തിലും, കണ്ടനാട്ടു യൂയാക്കിം റമ്പാനെ മാർ ഈവാനിയോസ് എന്ന അഭിധാനത്തിലും, കുറിച്ചി പുന്നൂസു (ഗീവറുഗീസ്) റമ്പാനെ മാർ ഗ്രീഗോറിയോസു എന്ന അഭിധാനത്തിലും മെത്രാന്മാരായി അഭിഷേകം ചെയ്തു. ഇവർ മൂവരും അബ്ദുള്ളാ പാത്രിയർക്കീസിനോടെതിരിട്ടുകൊണ്ടു, മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ പക്ഷം ചേർന്നവരാണെന്നുള്ളതും ഇവിടെ സ്മർത്തവ്യമത്രേ.

1913-ൽ, അതായതു കൊല്ലവർഷം 1088-ൽ, അബ്ദുള്ളാ പാത്രിയർക്കീസു സ്വരാജ്യത്തേക്കായി മടങ്ങിപ്പോയി. ഏതാനും നാളുകൾക്കുള്ളിൽ അദ്ദേഹവും, അനന്തരം അബ്ദേദമ്ശീഹാ പാത്രിയർക്കീസും നിര്യാണമടയുകയും ചെയ്തു. അടുത്ത കൊല്ലത്തിൽ (1914) മലങ്കരയിൽ അവരോധിക്കപ്പെട്ട തിഗ്രീസിന്റെ കാതോലിക്കോസു നിര്യാതനായി. പിന്നീടു 1925 (കൊല്ലം 1100) വരെ ആരുംതന്നേ കാതോലിക്കാസിന്റെ സ്ഥാനത്തിൽ അവരോധിക്കപ്പെടുകയുണ്ടായില്ല. ഏതാനും സംവത്സരങ്ങളോളം ആ സ്ഥാനം ഒഴിഞ്ഞുതന്നെ കിടന്നിരുന്നു. അതു ഇങ്ങനെയൊഴിഞ്ഞുകിടക്കുന്ന കാലഘട്ടത്തിലായിരുന്നു സ്വതന്ത്രമായ ഘടനയുടെ ഉല്പാദനമെന്നു [illegible] ഗ്രഹിച്ചിരിക്കേണ്ടതുണ്ടു. അബ്ദേദമ്ശീഹാ പാത്രിയർക്കീസിൽനിന്നു മെത്രാ[illegible] അഭിഷേകം പ്രാപിച്ചിരുന്ന മാർ പീലക്സീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു, 1925-ൽ [illegible] മാർ ബസ്സേലിയോസു എന്ന അ

ദ്ധാനത്തിൽ തിഗ്രീസിൻെറ കാതോലിക്കോസ്സായി നിര ഞ്ഞുവെച്ച് അവരോധിക്കപ്പെട്ടു. ഇതിന്നു ഏതാനും സംവത്സരങ്ങൾക്കു മുമ്പുതന്നേ അന്യോന്യ വിരോധിക ളായി വർത്തിച്ചിരുന്ന അബ്ദുള്ളാ പാത്രിയർക്കീസിൻെറയും അബ്ദേദമ്ശീഹോ പാത്രിയർക്കീസിൻെറയും നിര്യാണാ നന്തരം ഇപ്പോഴത്തെ ഏലിയാസ് തൃതീയൻ സാക്ഷാൽ യാക്കോബായ പാത്രിയർക്കീസ്സായി നിസ്തക്കം അവരോധി ക്കപ്പെട്ടുവെന്നാണു കേട്ടിട്ടുള്ളതു. ഇദ്ദേഹത്തോടു എതൃ ത്തുകൊണ്ടു "ഞാനാണു സാക്ഷാൽ യാക്കോബായ പാത്രി യർക്കീസു. ഇദ്ദേഹമല്ല" എന്നു വാദിക്കുന്ന മററാരുദേഹ മില്ല എന്നുള്ള വസ്തുതയും പ്രസ്താവ്യമാകുന്നു. 1925-ൽ ഉ ണ്ടായ ഈ രണ്ടാമത്തെ കാതോലിക്കോസ്സിൻെറ അവ രോധനത്തിന്നു പ്രസ്തുത ഏലിയാസ് പാത്രിയർക്കീസി ൻെറ അനുമതിയോ സഹകരണമോ ഉണ്ടായിരുന്നില്ല; എന്നുതന്നെയല്ലാ, പാത്രിയർക്കീസിൻെറ പരമാധികാര ത്തെ സമ്മതിക്കുന്ന മലങ്കര മെത്രാപ്പോലീത്തായുടെയോ വേറെ ഏതെങ്കിലും യാക്കോബായ മെത്രാന്മാരുടെയോ സാന്നിദ്ധ്യസഹകരണവും ഇല്ലായിരുന്നു. കാതോലി ക്കോസ് സ്ഥാനാരോഹണ നിബന്ധനയെന്നവണ്ണം പ പരേതനായ അബ്ദേദമ്ശീഹോ പാത്രിയർക്കീസിനാൽ നൽകപ്പെട്ട ശാസനത്തെ, അഥവാ നീട്ടിനെ, പരാമശി ക്കുമ്പോൾ, അതിന്നു പ്രതികൂലമായും സഭാനിയമസംഹി തയെ അവഗണിച്ചും പ്രത്യക്ഷത്തിൽ ചെയ്ത ഒരു പ്രവൃ ത്തിയാണിതെന്നു തെളിയുന്നതുകൊണ്ടു അബ്ദേദമ്ശീ ഹോ പാത്രിയർക്കീസിൽനിന്നു വാഴ്ചയേററ മൂന്നു പേരിൽ കാതോലിക്കോസ്സായി അവരോധിക്കപ്പെട്ട ദേഹത്തിന്നും,

ആ കർമ്മത്തിൽ ഭാഗഭാക്കുകളായ മററു രണ്ടു മെത്രാന്മാർക്കും, എന്നുതന്നെയല്ലാ ഈ മൂവരുടെയും സഹകരണത്താൽ അന്നു മെത്രാൻ സ്ഥാനം പ്രാപിച്ച നമുക്കും, ഏലിയാസ് പാത്രിയർക്കീസ്സിനോടൊ തദ്വാരാ യാക്കോബായ സഭയോടൊ ഏതെങ്കിലും വിധത്തിൽ വല്ല ബന്ധവും ഇതിന്നു മുമ്പുണ്ടായിരുന്നുവെങ്കിൽ അവയെല്ലാം അതിനോടുകൂടി മൂലച്ഛേദം ചെയ്യപ്പെട്ടുവെന്നും, കാതോലിക്കോസും നാം ഉൾപ്പെടെയുള്ള മൂന്നു മെത്രാന്മാരും യാക്കോബായ സഭാസംബന്ധമായ ബന്ധത്തിൽ നിന്നെന്നപോലെ വ്യക്തിപരമായും സ്വതന്ത്രരായിത്തീർന്നുവെന്നും കാണാവുന്നതാണു. കാതോലിക്കോസ്സും നാം ഉൾപ്പെടെയുള്ള മൂന്നു മെത്രാന്മാരും മുടക്കപ്പെട്ടവരും യാക്കോബായ സഭക്കു പുറത്തുള്ള ശീശ്മക്കാരും (Schismatics) യാക്കോബായ സഭയിൽ യാതൊരവകാശവും ഇല്ലാത്തവരും ആണെന്നു കാണിച്ചു ആ കാലത്തു ക്രിസ്താബ്ദം 1925-ൽ തന്നെ ഏലിയാസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലങ്കര യാക്കോബായ സഭയിലെവിടെയും വിളംബരപ്പെടുത്തുമാറ് എഴുതി അയച്ച കല്പനതന്നേ ഇതിനെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു. യാക്കോബായ മെത്രാന്മാർ ഈ കല്പനയെ മലങ്കരെ യാക്കോബായ സഭയിൽ എവിടെയും അന്നുതന്നെ അച്ചടിപ്പിച്ചു പ്രചരിപ്പിക്കയുമുണ്ടായി.

രണ്ടാമത്തെ കാതോലിക്കോസിൻെറ സ്ഥാനാരോഹണത്തിങ്കൽ, അതായതു 1925 മെയ് മാസത്തിൽ (കൊല്ലം 1100) ബഥനി ബിഷോപ്പ് (എപ്പിസ്കോപ്പാ) എന്ന നാമധേയത്തിൽ നാം മെത്രാൻ സ്ഥാനാഭിഷേകം സ്വീകരിച്ചു. കൊല്ലംവർഷം 1050-ൽ മലയാളത്തു വന്ന മോ

റാൻ മോർ പത്രോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു യാക്കോബായ മലങ്കരയെ കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കണ്ടനാട്, കൊച്ചി, അങ്കമാലി എന്നീ ഏഴു ഭദ്രാസനയിടവകകളായി (Dioceses) വിഭജിക്കുകയുണ്ടായിട്ടുണ്ടു. അവയ്ക്കോരോന്നിനും പ്രത്യേകം പ്രത്യേകം മെത്രാന്മാരേയും അദ്ദേഹം വാഴിച്ചു നിയമിച്ചു. അന്നുമുതൽ മലങ്കര യാക്കോബായ സഭ ഏഴു മെത്രാസന ഇടവകകൾ (Episcopal Dioceses) ആയിട്ടാണു നടന്നു വരുന്നതു. ബഹുമാനസൂചകമായി മെത്രാപ്പോലീത്തമാർ എന്നു വിളിക്കപ്പെട്ടുവന്ന ഇവരുടെ തലവൻ എന്നുള്ള നിലയിലായിരുന്നു മലങ്കര യാക്കോബായ അസോസിയേഷൻ പ്രസിഡണ്ടായ മലങ്കര മെത്രാപ്പോലീത്തായെ അദ്ദേഹം നിയമിക്കുകയുണ്ടായിട്ടുള്ളതു. ഈ ഏഴു ഭദ്രാസനയിടവകകളിൽ പലതിനും ഭരണാധികാരികളായ മെത്രാന്മാർ, ഇല്ലാതിരുന്ന അനന്തരകാലത്തിലായിരുന്നു നാം മെത്രാനായി വാഴിക്കപ്പെട്ടതെങ്കിലും, യാക്കോബായ സഭയിൽ ഉൾപ്പെട്ട അവയുമായി ബന്ധമോ അവയിൽ ഭരണാധികാരമോ ഇല്ലാത്തപ്രകാരം ബഥനിക്കു മാത്രമായി നാം മെത്രാൻ സ്ഥാനാഭിഷേകം പ്രാപിച്ചു. മലങ്കര യാക്കോബായ സഭയിൽ ഒരാളെ മെത്രാനായി വാഴിക്കുന്ന വിഷയത്തിൽ പൂർവ്വകാലം മുതലേ നടപ്പിലിരിക്കുന്ന ചില നിബന്ധനകൾ പാലിക്കേണ്ടതായിട്ടുണ്ടു. മലങ്കരയിടവകയിലുള്ള പള്ളി പ്രതിനിധികളായ പട്ടക്കാരും അല്മായക്കാരും ചേർന്നുള്ള (Laymen) തിരഞ്ഞെടുപ്പോ, മലങ്കര യാക്കോബായ അസോസിയേഷൻ യോഗത്തിന്റെ സമ്മതമോ ഒഴിച്ചുവെക്കാൻ പാ

ട്ടള്ളതല്ല. ഇങ്ങിനെ തിരഞ്ഞെടുക്കപ്പെടുന്ന ആറം ഒന്നെങ്കിൽ പാത്രിയക്കീസിനാലൊ അല്ലെങ്കിൽ അദ്ദേഹത്തിൽനിന്നു അനുമതി സിദ്ധിച്ചിട്ടുള്ള മെത്രാപ്പോലീത്തന്മാരാലോ സ്ഥാനം പ്രാപിക്കുന്നു. സ്ഥാനമേല്ക്കുന്ന ആറം എഴുതിക്കൊടുക്കേണ്ടുന്ന "ശൽമൂസൊ" എന്നു പേരായ ഉടമ്പടി പത്രത്തിൽ താൻ യാക്കോബായ സഭയുടെ മതോപദേശങ്ങറം സ്വീകരിക്കുന്നുവെന്നും, യാക്കോബായ പാത്രിയക്കീസിന്റെ പരമാധികാരത്തെ സമ്മതിക്കുന്നുവെന്നും എഴുതിവെക്കേണ്ടതിനു പുറമേ, അതിൽ റോമൻ കത്തോലിക്ക സഭയുടെ പരമാധികാരിയായി ഒരു കാലത്തു (5-ാം ശതകത്തിൽ) വാണിരുന്ന ഒന്നാം ലേയൊ മാർപ്പാപ്പായെ (Pope St. Loe I) താൻ ശപിക്കുന്നുവെന്നുള്ള വാചകം ചേർത്തിരിക്കേണ്ടതാവശ്യവുമാണ്. ഇതെല്ലാം പൂർവ്വനടപടിയനുസരിച്ചു നിർവ്വഹിച്ചിരുന്നിട്ടും സംതൃപ്തനാവാതെ റജിസ്റ്റർ കച്ചേരി മുഖേന, പുതിയ ഒരു ഉടമ്പടികൂടി തന്റെ പരിപൂർണ്ണമായ അധികാരത്തെ സമ്മതിക്കത്തക്ക രൂപത്തിൽ എഴുതിക്കിട്ടണമെന്നു അബ്ദുള്ളാ പാത്രിയക്കീസു ബാവാ മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടാവശ്യപ്പെട്ട വിവരവും പതിവില്ലാത്ത ഇതു ചെയ്വാൻ നിർവ്വാഹമില്ലെന്നു മെത്രാപ്പോലീത്താ ശഠിച്ചതുമാണ് മെത്രാപ്പോലീത്തായുടെ മുടക്കിന്നും തൽഫലമായുണ്ടായ ആധുനിക കുഴപ്പങ്ങറം വ്യവഹാരങ്ങറം ആദിയായവയ്ക്കും അടിസ്ഥാനമെന്നുള്ള വിവരവും മുമ്പു പ്രസ്താപിച്ചതാണല്ലോ.

മുന്നുദ്ധരിച്ചവിധം യാക്കോബായ സഭയിൽ നടപ്പുള്ള യാതൊരു നിബന്ധനകളും പാലിച്ചുകൊണ്ടല്ലായിരു

ന്നു നാം മെത്രാൻ സ്ഥാനാഭിഷേകം പ്രാപിക്കുകയുണ്ടായിട്ടുള്ളതു. മലങ്കര യാക്കോബായ സഭയിൽ ഉൾപ്പെട്ട ഏഴിൽ ഏതെങ്കിലുമൊരു ഭദ്രാസനയിടവകക്കായി നാം സ്ഥാനം ഏററിട്ടില്ലാ; ആ വിധത്തിൽ നമുക്കാരെങ്കിലും സ്ഥാനം തരികയോ, അവയിൽ ഒരു ഇടവകയുടെ മെത്രാനായി ആരെങ്കിലും നമ്മെ നിയമിക്കുകയോ ഉണ്ടായിട്ടില്ല. മലങ്കര യാക്കോബായ സഭയിൽ ഉൾപ്പെട്ട പട്ടക്കാരോ അയ്മേനികളൊ യോഗം കൂടി നമ്മെ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുകയാവട്ടേ, മലങ്കര യാക്കോബായ അസോസിയേഷനോ, അതിന്റെ മാനേജിംഗ് കമ്മിററിയോ നമ്മുടെ സ്ഥാനാഭിഷേകം അറിയുകയാവട്ടേ ഉണ്ടായിട്ടില്ലാത്തതത്രേ. ഏതെങ്കിലും തരത്തിലുള്ള ശൽമൂസോയോ ഉടമ്പടിയോ എഴുതുവാനായി നാം മഷിയിൽ പേന മുക്കുകയുണ്ടായിട്ടില്ലെന്നു തന്നെയല്ലാ എഴുതണമെന്നു നമ്മോടാരും ആവശ്യപ്പെട്ടിട്ടില്ല, വിശുദ്ധനായ ലേയോ മാർ പാപ്പായെ ശപിക്കുന്നതായ വാചകം ഇതു പര്യന്തം നാം എഴുതുകയാവട്ടേ ഉച്ചരിക്കയാവട്ടേ ചെയ്തിട്ടില്ലാ. അദ്ദേഹത്തെ ശപിക്കുന്നതായി ഒരക്ഷരമെങ്കിലും ഉരിയാടാൻ കഴിവുള്ളതല്ലെന്നും നമ്മെ അഭിഷേകം ചെയ്ത മേല്പട്ടക്കാരെ നാം ഗ്രഹിപ്പിച്ചുമിരുന്നു. നമ്മുടെ ആ മെത്രാൻ സ്ഥാനാഭിഷേകത്തിൽ കാർമ്മികന്മാരിലൊരാളായിരുന്നദേഹവും, അക്കാലത്തു മാർ ഗീവറുഗീസ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആളും ആയ ഇപ്പോഴത്തെ (മൂന്നാമത്തെ) കാതോലിക്കോസ് ബാവാപോലും നമ്മുടെ അന്നത്തെ ഈ ഉദ്ദേശ്യത്തോടെ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും അറിഞ്ഞിട്ടുള്ള

യത്തിൽ ഇഷ്ടാനുസരണം പ്രവർത്തിച്ചാൽ മതിയെന്നു ന
മ്മെ അനുകൂലിക്കുകയും ചെയ്തിട്ടുള്ളതാണ്. മലങ്കര യാ
ക്കോബായ സഭയുടെ ന്യായമായ മലങ്കര മെത്രാപ്പോലീ
ത്താ താനാണെന്നു അന്നും ഇന്നും ഒരുപോലെ അഭിമാനി
ച്ചും വാദിച്ചും വരുന്ന മാർ ദീവന്നാസ്യോസു മെത്രാപ്പോ
ലീത്താ തിരുമനസ്സുകൊണ്ടു നമ്മുടെ സ്ഥാനാഭിഷേകവേ
ളയിൽ പള്ളിയിൽ വരികയാവട്ടെ, പ്രസ്തുത കർമ്മത്തിൽ
പങ്കുകൊള്ളുകയാവട്ടെ ചെയ്തിട്ടില്ലെന്നു നാം ഇതിനു മു
മ്പു പ്രസ്താവിക്കുകയുണ്ടായല്ലോ. അങ്ങിനെ അദ്ദേഹം
നിസ്സഹകരണം അനുഷ്ഠിച്ചിട്ടുള്ളതു, രണ്ടാമത്തെ കാതോ
ലിക്കോസിന്റെ അവരോധനവും നമ്മുടെ സ്ഥാനാഭി
ഷേകവും പാത്രിയർക്കീസ്സിനെ അവഗണിച്ചു നടത്തപ്പെട്ട
ന്നതാകയാലും, അങ്ങിനെയുള്ളതിൽ ഭാഗഭാക്കായിത്തീരു
ന്ന പക്ഷം വട്ടിപ്പണക്കേസ്സിലെ എതിരാളികൾ താൻ യാ
ക്കോബായ പാത്രിയർക്കീസിനെ ധിക്കരിച്ചിട്ടുള്ള ശീശ്മക്കാ
രായ (Schismatics) മേല്പട്ടക്കാരെ അഭിഷേകം ചെ
യ്തുവെന്നും തന്നിമിത്തം പാത്രിയർക്കീസിനെ ധിക്കരിക്ക
യും ശീശ്മക്കാരനായിതീൎന്നുപോകയും ചെയ്തുവെന്നു വാദി
ക്കാൻ ഇടയുള്ളതിനാലും, തന്നിമിത്തം വട്ടിപ്പണക്കേസ്സി
ൽ അപജയം നേരിട്ടേക്കും എന്നു ഭയപ്പെട്ടിരുന്നതുകൊ
ണ്ടുംതന്നെയായിരുന്നുവെന്നാണു നാം അറിഞ്ഞിട്ടുള്ളതു. ഒരു
കാതോലിക്കോസും രണ്ടു മെത്രാന്മാരും കൂടി നമ്മെ മെ
ത്രാനായി അഭിഷേകം ചെയ്തു. ഇവർ മൂവരുമാവട്ടെ, മാ
ർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായെ അഭിഷേകം
ചെയ്ത അബ്ദുള്ളാ പാത്രിയർക്കീസ്സിന്നെതിരായി അബ്ദേദ
മ്ശിഹാ പാത്രിയർക്കീസിനാൽ സ്ഥാനാഭിഷേകം പ്രാ

പിച്ചുവരാണെന്നു വീണ്ടും ഇവിടെ പ്രസ്താവിക്കണമെന്നില്ലല്ലോ. നാം യാക്കോബായ സഭയുടെ മെത്രാനാകുന്നതിന്നു നമ്മെ സ്ഥാനാഭിഷേകം ചെയ്യുകയൊ നാം അങ്ങിനെ അഭിഷേകം പ്രാപിക്കുകയോ, ആരെങ്കിലും നമ്മെ യാക്കോബായ സഭയുടെ ഭരണാധികാരിയായി നിയമിക്കുകയോ നാം യാക്കോബായ സഭയിൽ ഭരണം സ്വീകരിക്കയൊ ചെയ്തിട്ടില്ലാത്ത വിധം തന്നെ, നാം യാക്കോബായ സഭയിൽ ഉൾപ്പെട്ട ഏതെങ്കിലും പള്ളികൾക്കു യാക്കോബായ മെത്രാൻ എന്ന നിലയിൽ അധികാരാവകാശരൂപത്തിൽ എന്തെങ്കിലുമൊരു കല്പന അയയ്ക്കുകയോ, യാക്കോബായ പള്ളികളുടെ ഭരണമിടപെട്ട വിഷയങ്ങളിൽ പ്രവേശിക്കുകയോ ഇന്നുവരെയും നാം ചെയ്തിട്ടില്ലാത്തതാകുന്നു. ഇങ്ങിനെ മെത്രാൻ സ്ഥാനാഭിഷേകത്തിൽപോലും പരിപൂർണ്ണ സ്വാതന്ത്ര്യം നമുക്കു ലബ്ധമായിരിക്കയാണെന്നു പറയുമ്പോൾ, സ്ഥാനം തരുന്നവരുടെ അധികാരത്തെ സമ്മതിക്കാതേയോ അവരെ കീഴ്പ്പെട്ടിരിക്കാതെയോ എങ്ങിനെയാണു ഒരാൾ മെത്രാനായി അഭിഷേകംപ്രാപിക്കുക എന്ന ഒരു സംശയം നിങ്ങളിൽ പലക്കും തോന്നുമായിരിക്കാം. ഈ വിധമൊരു സംശയം മലങ്കര സുറിയാനി സഭയുടെ പൂർവ്വചരിത്രം ആരായുമ്പോൾ പരിഹരിക്കപ്പെടുമെന്നു നമുക്കു ബോദ്ധ്യമുണ്ട്. കേരളീയ നസ്രാണികളുടെ മലങ്കര സുറിയാനി പൊതുസമുദായം 17-ാം നൂററാണ്ടുവരെയും ഈ കേരളത്തിൽ ഏകയോഗമായി വർത്തിച്ചുപോന്നു. 17-ാം ശതകത്തിലത്രേ അതു "പുത്തൻകൂർ" "പഴയ കൂർ" എന്നീ രണ്ടു ശാഖകളായി. ഭേദിച്ചുപിരിയുവാൻ ഇടയായതു. "പഴയ കൂർ" മാപ്പാ

പ്പായെ അനുസരിക്കുന്ന റൊമൻ കത്തോലിക്ക സഭാംഗങ്ങളാകുന്നു. പുത്തൻക്രൂർ ശാഖയിൽ കാലാന്തരത്തിൽ പലപല വേർപിരിവുകളും ഉണ്ടായതായി ചരിത്രം സാക്ഷിക്കുന്നുണ്ടു. ഏകദേശം ക്രിസ്ത്വാബ്ദം 1772-ൽ പുത്തൻക്രൂറിൽനിന്നു ഒരു മെത്രാനും അദ്ദേഹത്തിൻെറ അനുയായികളായ ഏതാനും ജനങ്ങളും വേർപിരിഞ്ഞുപോകാൻ സംഗതിയായി. അവർ ഇപ്പോൾ "തൊഴിയൂർ(അഞ്ഞൂർ) സഭ" എന്ന പേരിനാൽ അറിയപ്പെടുന്നു. ആ സഭയിൽ തലമുറ തലമുറയായി മെത്രാന്മാരും പട്ടക്കാരും അന്നു മുതൽ ഇന്നേദയോളവും നിലനിന്നു വരുന്നു. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിൻെറ മേലധികാരം ഒഴിച്ചുള്ള വിശ്വാസാചാരങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ എന്നിവയെ സംബന്ധിച്ചേടത്തോളം പുത്തൻക്രൂറിൽ പെട്ട യാക്കോബായക്കാരുടേതിന്നും ഇവരുടേതിന്നും തമ്മിൽ ഐക്യരൂപ്യമുണ്ടു. എന്നാൽ ഇവർ യാക്കോബായക്കാരെപ്പോലെ അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിനെ കൈക്കൊള്ളുകയോ അദ്ദേഹത്തിൻെറ പരമാധികാരത്തിന്നു കീഴ്പ്പെട്ടിരിക്കുകയോ ചെയ്യുന്നില്ല; എന്നുതന്നേയല്ല സർവ്വസ്വാതന്ത്ര്യമെന്നുള്ള നിലയിൽ മലങ്കരയിലോ വിദേശത്തോ ഉള്ള ഏതൊരു ആത്മീയ ഭരണാധികാരികളും കീഴ്പ്പെടാതെ അതു ഇന്നും ബ്രിട്ടീഷ് മലബാറിലുള്ള തൊഴിയൂർ അഥവാ അഞ്ഞൂർ എന്ന സ്ഥലത്തും പരിസരങ്ങളിലുമായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. അനന്തരം 19—ാം നൂററാണ്ടിൽ പുത്തൻ ക്രൂറിൽ പിന്നെയും ഒരു അന്തഃഛിദ്രം ഉണ്ടാവുകയും ഏതാനും പേർ "മാർത്തോമാ സഭ" എന്ന പേരിൽ ഒരു സഭയുണ്ടാക്കി

ക്കികൊണ്ടു വേർപിരിയുകയും ചെയ്തു. ഇവരുടെ മതവിശ്വാസങ്ങളും ആചാരമര്യാദകളും തൊഴിയൂർ സഭയുടേതിൽനിന്നും യാക്കോബായ സഭയുടേതിൽനിന്നും വ്യത്യസ്തമാണെന്നു പറയേണ്ടതുണ്ടു. ഇതും യാക്കോബായ സഭയുടെ പരമാധികാരിയായ പാത്രിയക്കീസുമായി യാതൊരു ബന്ധവുമില്ലാതവണ്ണം സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്രസഭയത്രേ. തൊഴിയൂർ സഭയ്ക്കുള്ളതുപോലെ മാർതോമാ സഭയ്ക്കും സ്വന്തമായി മെത്രാന്മാരും പള്ളികളും ഉണ്ടു. വിശ്വാസാചാരങ്ങളിലോ കർമ്മാനുഷ്ഠാനങ്ങളിലോ തൊഴിയൂർ സഭയുമായി മാർത്തോമസഭയ്ക്കു യാതൊരു ഐക്യരൂപവുമില്ലെങ്കിലും, മെത്രാന്മാരെ വാഴിക്കുന്ന വിഷയത്തിൽ മാത്രം ഇരുകൂട്ടരും അന്യോന്യം സഹകരിക്കുക പതിവാണു. തൊഴിയൂർ സഭയ്ക്കു ഒരു മെത്രാനെ വാഴിക്കണമെങ്കിൽ അതിന്നു മാർത്തോമാസഭയിലെ മെത്രാൻ സന്നദ്ധനായിരിക്കുന്നതുപോലെ, മാർതോമാ സഭാമെത്രാനെ വാഴിക്കുന്നതിൽ തൊഴിയൂർ സഭയിലെ മെത്രാനും സന്നദ്ധനായിരിക്കും. ഇങ്ങിനെ മെത്രാൻ സ്ഥാനാഭിഷേക കർമ്മത്തിൽ ഇവർ തമ്മിൽ അന്യോന്യം സഹകരിക്കുന്നുണ്ടെങ്കിലും ഇരു സഭകളും സർവ്വ സ്വാതന്ത്ര്യങ്ങളോടുകൂടിയിട്ടത്രേ പല തലമുറകളായി വർത്തിക്കുന്നതെന്നുള്ള യഥാർത്ഥ്യം സദസ്യരായ നിങ്ങൾ ഏവരും ഗ്രഹിച്ചിട്ടുള്ളതാണല്ലോ. മാർത്തോമാ സഭയിലെ മെത്രാനാൽ അഭിഷേകം പ്രാപിക്കുന്ന തൊഴിയൂർ സഭയിലെ മെത്രാന്നു മാർതോമാ സഭയിൽ ഏതെങ്കിലും അവകാശമോ കർത്തൃത്വമോ ഇല്ല. അപ്രകാരംതന്നേ തൊഴിയൂർ മെത്രാനാൽ അഭിഷേകം പ്രാപിക്കുന്ന മാർതോമാ സഭയിലെ മെത്രാൻെറ അ

ധികാരസീമയിൽ തൊഴിയൂർ മെത്രാന്ന സ്ഥാനദായകനാണെന്നുള്ള ഭാവേന കാൽ വെപ്പാൻ പാടുള്ളതുമല്ല. രണ്ടും പരിപൂർണ്ണ സ്വതന്ത്രമെന്നർത്ഥം. ഒന്നു ഒന്നിനാൽ നടത്തപ്പെടുകയോ ഭരിക്കപ്പെടുകയോ; ഒന്നു ഒന്നിന്റെ മേലന്വേഷണം നടത്തുകയോ ഭരണ മേധാവിത്വം വഹിക്കുകയോ ചെയ്യാതെ അവ രണ്ടും ഇന്നേയോളം പരസ്പര സ്വാതന്ത്ര്യം പാലിച്ചു നിലനിന്നു വരുന്നതായി നമുക്കു കാണാം. തൊഴിയൂർ സഭയിലെ പട്ടക്കാർ മാർത്തോമ്മാ സഭവക പള്ളികളിലും, മാർത്തോമ്മാസഭയിലെ പട്ടക്കാർ തൊഴിയൂർ സഭവക പള്ളികളിലും കർമ്മം നടത്തുക പതിവുണ്ടെങ്കിലും അതൊന്നും ഈ സഭകളുടെ പരസ്പര സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായിരിക്കുന്നില്ല. കാന്റർബെറി ആർച്ച് ബിഷപ്പിന്റെ പരമാധികാരത്തിൽ ഇരിക്കുന്ന ആംഗ്ലിക്കൻ പള്ളികളിൽ ചിലപ്പോൾ വെസ്ല്യൻ സഭയിലെ പട്ടക്കാർ കർമ്മം നടത്തുന്നതായി കേട്ടിട്ടുണ്ടു. അങ്ങിനെതന്നെ വെസ്ല്യൻ സഭയിലെ പട്ടക്കാർ ചിലപ്പോൾ ആംഗ്ലിക്കൻ പള്ളികളിലും കർമ്മം നടത്താറുണ്ടു. ഇങ്ങിനെയെല്ലാമിരുന്നാലും ഇരുസഭകളും ഇന്നും സ്വതന്ത്രസഭകളായിട്ടത്രെ വർത്തിച്ചുവരുന്നതു.

ഈ വിധത്തിൽ യാക്കോബായ സഭയിലെ മേലധ്യക്ഷന്മാരും, അവർ അധികാരമോ അവകാശമോ ഇല്ലാത്ത സഭകൾക്കായി മെത്രാന്മാരെ അഭിഷേകം ചെയ്യുക എന്ന സമ്പ്രദായം പൂർവ്വകാലം മുതലേ അനുഷ്ഠിച്ചുവരുന്നതായി നമുക്കു കാണാം. അർമ്മീനിയാ (Armenian) സഭയിലെ പാത്രിയർക്കീസിനെയും മെത്രാന്മാരെയും യാ

ക്കോബായ സഭയിലെ പാത്രിയക്കീസ്സും മെത്രാന്മാരും അ ഭിഷേകം ചെയ്യുമാറുണ്ട്. ഈജിപ്തായ (Coptic) സഭ യിലുള്ള ഈദൃശകർമ്മങ്ങളിലും യാക്കോബായ സഭയി ലെ മേലധ്യക്ഷന്മാരെ കാണാവുന്നതാണു. യാക്കോബാ യ സഭ, അർമ്മേനിയാസഭ, ഈജിപ്തായ സഭ—ഇവ മൂന്നും വെവ്വേറെയുള്ള സ്വതന്ത്രസഭകളാണെന്നു പറയേ ണ്ടതില്ലല്ലോ. ഓരോന്നിനും പ്രത്യേകം പ്രത്യേകം പാത്രി യക്കീസന്മാരും മെത്രാന്മാരും ഉണ്ടുതാനും. എങ്കിലും, ഒ രു സഭയിലെ പാത്രിയക്കീസ്സിന്നോ മെത്രാന്നോ മറ്റൊ രു സഭയിലെ ഭരണവിഷയത്തിൽ പ്രവേശനാനുവാദമി ല്ലാത്തവിധം മൂന്നും സർവ്വസ്വതന്ത്രങ്ങളായിത്തന്നേ വ ർത്തിക്കുകയും ചെയ്യുന്നു.

ഇതിൽനിന്നു എത്രയും തെളിവായി കാണാൻ കഴി യുന്നതു, പരസ്പരം സ്വതന്ത്രങ്ങളായ സഭകൾക്കായി മെ ത്രാന്മാരെ വാഴിക്കുന്ന വിഷയത്തിൽ അവർ സഹകരി ക്ക പതിവാണെന്നും സ്ഥാനാഭിഷേകം ഒന്നിനാൽ മാത്രം സ്വാതന്ത്ര്യം ഹനിക്കപ്പെടുകയില്ലെന്നുമുള്ളതത്രേ. ര ണ്ടാമത്തെ കാതോലിക്കോസും, ഇപ്പോൾ മൂന്നാമത്തെ കാതോലിക്കോസ് എന്ന നാമധേയത്തിൽ അറിയപ്പെടു ന്ന അന്നത്തെ മാർ ഗീവറുഗീസ് ഗ്രീഗോറിയോസ് മെ ത്രാപ്പോലീത്തായും, പരേതനായ മാർ ഈവാനിയോസ് യൂയാക്കീം മെത്രാപ്പോലീത്തായും കൂടിക്കൊണ്ടു നമുക്കു മെ ത്രാൻസ്ഥാനാഭിഷേകം നൽകി. അബ്ദേദമ്ശീഹോ പാ ത്രിയക്കീസുമുഖേന മെത്രാന്മാരായിത്തീന്ന ഇവർ മൂവരും ഇപ്പോഴത്തെ യാക്കോബായ പാത്രിയക്കീസിൻെറ പര മാധികാരത്തെ സമ്മതിക്കയോ അദ്ദേഹത്തെ കീഴ്വഴ

ങ്ങകയോ ചെയ്തിട്ടില്ലാത്തവരും, യാക്കോബായ പാത്രി യക്കീസിനാൽ സ്വീകരിക്കപ്പെട്ടിട്ടില്ലാത്തവരുമത്രേ. യാക്കോബായ സഭാനിയമസംഹിതയ്ക്കു വിരോധമായി പാത്രിയക്കീസിന്റെ അനുമതിയോ സഹകരണമോ കൂടാതെ കാതോലിക്കോസായിത്തീന്ന രണ്ടാമത്തെ കാതോലിക്കോസ്സും, മേല്പറഞ്ഞ രണ്ടു മെത്രാന്മാരും, ഇവരെല്ലാവരുടേയും സഹകരണത്തോടുകൂടി മെത്രാൻ സ്ഥാനാഭിഷേകം പ്രാപിച്ച നാമും യാക്കോബായ സഭയ്ക്കു പുറത്തുള്ളവരാണെന്നും കേവലം വേഷധാരികളാണെന്നും യാക്കോബായ സഭയിൽ യാതൊരവകാശവുമില്ലാത്തവരാണെന്നും കാണിച്ചു ഇപ്പോഴത്തെ യാക്കോബായ പാത്രിയക്കീസ്സ് ഒരു പരസ്യക്കല്പന മൂലം യാക്കോബായ സഭാംഗങ്ങളെയവരേയും അക്കാലത്തുതന്നേ തെര്യപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഇതിനാൽ വിശേഷിച്ചും നാം യാക്കോബായ സഭയിൽപെട്ട മെത്രാനല്ലെന്നു വിശദമാകുന്നതുപോലെ തന്നെ, യാതൊരു വക ശൽമൂസായും ഉടമ്പടിയും നമ്മോടു ചോദിക്കാതേയും നാം കൊടുക്കാതേയും നമ്മുടെ മെത്രാൻ സ്ഥാനാഭിഷേകം നടന്നിട്ടുള്ളതിനാൽ, നമുക്കു സ്ഥാനം നൽകിയ കാതോലിക്കോസ്സിനും നാം അധീനനായിരിക്കുന്നില്ലെന്നു വ്യക്തപ്പെടുന്നുണ്ടല്ലോ. മാർപാപ്പാതിരുമനസ്സിലെ പരമാധികാരത്തെ സമ്മതിക്കുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യാത്ത ഒരാളെ റോമൻകത്തോലിക്കനാണെന്നു പറയാൻ പാടില്ലെങ്കിൽ നാം യാക്കോബായക്കാരനാണെന്നോ, പൌരസ്ത്യകാതോലിക്കോസിനു അധീനനാണെന്നോ സങ്കല്പിക്കുവാൻ പാടുള്ളതുമല്ല. ആംഗ്ലേയസഭയിൽപെട്ട(Church of England)

ഹൈച്ചർച്ചുകാർ (High Churchmeu) റോമൻകത്തോലിക്കർ ഉപയോഗിക്കുന്ന പ്രാർത്ഥനാപുസ്തകങ്ങൾ ആരാധനാക്രമങ്ങൾ ആദിയായവ ഉപയോഗിക്കുന്നുണ്ടെന്നുള്ള ന്യായമാത്രത്താൽ റോമൻ കത്തോലിക്കർ ആവുകയില്ലെങ്കിൽ, യാക്കോബായ സഭയിൽ നടപ്പുള്ള ഇന്നയിന്ന പുസ്തകങ്ങൾ ഉപയോഗിക്കുന്നവരാണെന്നുള്ള ന്യായത്തിന്മേൽ രണ്ടാമത്തെ കാതോലിക്കോസിനേയോ ഇപ്പോഴത്തെ കാതോലിക്കോസിനേയോ, പരേതനായ യൂയാക്കീം മെത്രാപ്പോലീത്തായേയോ നമ്മെത്തന്നേയോ യാക്കോബായ സഭാംഗങ്ങളാക്കുവാൻ ആരും സാഹസപ്പെടുകയില്ലെന്നാണ് നമ്മുടെ വിശ്വാസം. ഏതെങ്കിലും ഒരു സഭയുടെ പരമാധികാരിയെ വഴങ്ങാത്ത ഒരാളെ ആ സഭയുടെ അംഗമാക്കാൻ സാധ്യമല്ലെങ്കിൽ യാക്കോബായ പാത്രിയർക്കീസിന്റെ പരമാധികാരത്തെ സമ്മതിക്കാതെയും ഇന്നേയോളം അദ്ദേഹത്താൽ സ്വീകരിക്കപ്പെടാതെയുമിരിക്കുന്ന ഞങ്ങളെ എങ്ങിനെയാണ് യാക്കോബായക്കാരാക്കിത്തീർക്കുകയെന്നു നമുക്കു മനസ്സിലാകുന്നതേയില്ല.

ബഥനിയുടെ സ്ഥാപകനായ നാം മുന്നുദ്ധരിച്ച പലപല സംഭവങ്ങളാലും യഥാർത്ഥന്യായങ്ങളാലും സർവ്വസ്വാതന്ത്ര്യനാണെന്നു, ഇപ്പോഴല്ല എത്രയോ സംവത്സരങ്ങളായി പ്രസ്താവിച്ചു വരാറുള്ളതാണു. എന്നു തന്നേയല്ല, നാം മെത്രാനായി അഭിഷേകം പ്രാപിച്ച 1925 മെയ് 1-ാം തിയതിയാകുന്ന ആ സുദിനത്തിൽ പോലും —നമ്മെ അഭിഷേകം ചെയ്ത അന്നത്തെ കാതോലിക്കോസിന്റെയും ഇപ്പോഴത്തെ കാതോലിക്കോസിന്റെയും അനുമതി

മാർ (പുന്നൂസ്) ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടേയും പരേതനായ മാർ യൂയാക്കീം ഇവാനിയോസ് മെത്രാപ്പോലീത്തായുടേയും ആദ്ധ്യക്ഷ്യത്തിലും അനേകസഹസ്രം ജനങ്ങളുടെ സാന്നിദ്ധ്യത്തിലുമായി കൂടിയ വമ്പിച്ച ആ മഹായോഗത്തിൽ വെച്ചുതന്നെ—ബഥനി സർവ്വ സ്വതന്ത്രമാണെന്നു വ്യക്തമായി നാം പ്രസംഗിക്കകയുണ്ടായിട്ടുണ്ടല്ലോ. നമ്മെ അനുമോദിപ്പാനായി കൂടപ്പെട്ട ആ യോഗത്തിലെ സദസ്യർക്കെല്ലാം ബഥനിയെപ്പററി അപ്പോൾ വിശേഷിച്ചും സൂക്ഷ്മജ്ഞാനം സിദ്ധിച്ചിട്ടുണ്ടായിരിക്കണമെന്നാണു നമുക്കു ഇപ്പോഴുമുള്ള പ്രബലമായ വിശ്വാസം. പ്രസ്തുതപ്രസംഗം ആയിടെ വർത്തമാനപത്രങ്ങളിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചിരുന്നതിനു പുറമെ, അതു ബഥനിജിഹ്വയായ "ബഥനി മാസിക"യിൽ ഉദ്ധരിക്കകയും ചെയ്തിട്ടുള്ളതാണു. എന്നുതന്നെയുമല്ലാ, ആ പ്രസംഗം ഒരു ലഘു പുസ്തകരൂപത്തിൽ അക്കാലത്തുതന്നെ അച്ചടിപ്പിച്ചു പലർക്കുമായി വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ടു. ഇങ്ങിനെ കേരളത്തിലെവിടെയും പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതും, 1925 മെയ് 1-ാം തീയതി കൂടപ്പെട്ട മഹായോഗത്തിലെ ശ്രോതാക്കൾ തുടരെത്തുടരെ നടത്തിയ ഹസ്തതാഡനങ്ങളാൽ സാദരം ചെവിക്കൊണ്ടതുമായ ആ പ്രസംഗത്തിൽ ബഥനിയുടെ സർവ്വ സ്വാതന്ത്ര്യത്തെപ്പററി നാം പറഞ്ഞിട്ടുള്ള ഭാഗങ്ങൾ ഇവിടെ ഇപ്പോൾ ആവർത്തിച്ചുദ്ധരിക്കുന്നതു അസംഗതമാവുകയില്ലല്ലോ. "ബഥന്യാശ്രമം സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു ധർമ്മസ്ഥാപനമാണു. ബഥന്യാശ്രമം പരോപകാരാർത്ഥങ്ങളായ പുണ്യവേലകൾ ചെയ്വാൻ ഞങ്ങൾ

സ്ഥാപിച്ചിട്ടുള്ള ധർമ്മസ്ഥാപനമാകുന്നു. ആശ്രമത്തിലാകട്ടെ, ആശ്രമസ്വത്തുക്കളിന്മേലാകട്ടെ പാത്രിയർക്കീസിന്നു യാതൊരു അധികാരവും ഇല്ലാത്ത സ്ഥിതിയിലത്രേ ആശ്രമം സ്ഥാപിച്ചിരിക്കുന്നതു. ആശ്രമാംഗങ്ങളിൽ ഒന്നോ അധികമൊ ആളുകൾ തങ്ങളുടെ സ്വന്തനിലയിൽ പാത്രിയർക്കീസിൻെറ മേലധികാരം സ്വീകരിക്കുന്നവരായി ഉണ്ടായിയെന്നിരിക്കട്ടെ; അങ്ങിനെ വന്നാൽ തൻമൂലം ആശ്രമപദത്തിന്മേലാവട്ടെ ആശ്രമസ്വത്തുക്കളിന്മേലാവട്ടെ പാത്രിയർക്കീസ്സിന്നു യാതൊരു അധികാരവും ഉണ്ടാകാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഞങ്ങൾ ഉണ്ടാക്കീട്ടുണ്ടു."

1928-ൽ (കൊല്ലം 1103) രണ്ടാമത്തെ കാതോലിക്കോസ് നിർയ്യാണം പ്രാപിച്ചതോടുകൂടിത്തന്നെ മുൻപറഞ്ഞ മാർ ഗീവറുഗീസ് ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കാതോലിക്കോസായി അവരോധിക്കപ്പെട്ടു. ഈ സ്ഥാനാരോഹണത്തിലും ഇപ്പോഴത്തെ ഏലിയാസ് പാത്രിയർക്കീസിൻെറ അനുമതി ചോദിക്കുകയൊ അദ്ദേഹം സന്നിഹിതനാവുകയൊ ഉണ്ടായില്ല. അതിനാൽ ഈ മൂന്നാമത്തെ കാതോലിക്കാസ് സ്ഥാനാരോഹണവും യാക്കോബായ സഭയിൽ നടന്നതാണെന്നു സമർത്ഥിക്കാവതല്ലല്ലൊ. ഈ മൂന്നാമത്തെ കാതോലിക്കോസ് മെത്രാനായി അബ്ദേദമ്ശീഹോ പാത്രിയർക്കീസിൽനിന്നു സ്ഥാനമേററയുടൻതന്നേ ഓർത്തോഡക്സ് സഭയുടെ സ്ഥാപകനും രേണാധികാരിയുമായി പ്രത്യക്ഷപ്പെടുകയും, ആ സഭയുടെ ആ[illegible]ത്തിലേക്കായി പള്ളികൾ സ്ഥാപിക്കുകയും പട്ടക്കാരെ സ്ഥാനം കൊടുത്തു നിയമിക്കുകയും ചെയ്തിട്ട

ള്ള ദേഹമാണെന്നു നാം ഗ്രഹിച്ചിരിക്കേണ്ടതുണ്ടു. ഇതിന്നു പട്ടക്കാർക്കു പട്ടം കൊടുത്തപ്പോൾ ഇദ്ദേഹം അവൎക്കു നൽകിയ സ്ഥാനപത്രവും, പള്ളികൾ സ്ഥാപിക്കുന്നതിലേക്കു ഗവൎമ്മേണ്ടനുമതി സിദ്ധിക്കേണ്ടതിന്നുവേണ്ടി അദ്ദേഹം ഗവൎമ്മേണ്ടിൽ സമൎപ്പിച്ചിട്ടുള്ള അപേക്ഷകളും മതിയായ ലക്ഷ്യങ്ങളത്രെ. ഇവയെല്ലാററിനും പുറമെ, 1925 1100-ാം ആണ്ടിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതും, ഇതുവരെയും പൎയ്യവസാനിച്ചിട്ടില്ലാത്തതുമായ കോട്ടയം ചെറിയ പള്ളിക്കേസിൽ ഓർത്തോഡക്സ് സഭക്കും അതിന്റെ സ്ഥാപകന്നും യാക്കോബായ സഭയുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടു പ്രസ്തുത സഭയുടേയും അതിന്റെ സ്ഥാപകന്റെയും അനുയായികളായ പ്രതികളെ കോട്ടയം ചെറിയ പള്ളിവീടവകയിൽനിന്നു ഒഴിക്കണമെന്നു കാണിച്ചു പാത്രിയക്കീസു പക്ഷത്തുള്ള പള്ളിക്കൈക്കാരൻ കൊടുത്തിട്ടുള്ള കേസുതന്നെ മൂന്നാമത്തെ കാതോലിക്കോസിന്റെ യഥാൎത്ഥനിലയെ വ്യക്തപ്പെടുത്തുന്നതുമുണ്ടു.

മൂന്നാമത്തെ കാതോലിക്കോസിന്റെ സ്ഥാനാഭിഷേകകൎമ്മത്തിൽ നാം സംബന്ധിച്ചിരുന്നു. അപ്പോൾ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടേയും സാന്നിദ്ധ്യസഹകരണം ഉണ്ടായിരുന്നതായി ഇവിടെ പറയേണ്ടതുണ്ടു. മുന്നൊരവസരത്തിൽ നാം പറഞ്ഞിട്ടുള്ള പ്രകാരം വട്ടിപ്പണക്കേസ്സിൽ അപജയം നേരിട്ടു[illegible]ച്ചു [illegible]ണ്ടാമത്തെ കാതോലിക്കോസിന്റെ സ്ഥാനാ[illegible]തിൽ നിസ്സഹകരണമനുഷ്ഠിച്ച മലങ്കര മെത്രാപ്പോലീത്തായും [illegible]

രത്തിൽ സംബന്ധിപ്പാൻ സമ്മതമുണ്ടായതു റിവിഷൻ അപ്പീൽ മുഖേന വട്ടിപ്പണക്കേസ്സിൽ വിജയം പ്രാപിച്ചതിനാലായിരുന്നുവെന്നു അനുമാനിക്കാവുന്നതത്രെ. മൂന്നാമത്തെ കാതോലിക്കോസിൻെറ സ്ഥാനാരോഹണത്തിനു സ്വല്പം മുമ്പായി ഉണ്ടായ ആ കേസ്സിൻെറ പര്യവസാന വിധിയിൽ, മലങ്കര മെത്രാപ്പോലീത്തയായ് അദ്ദേഹത്തെ അബ്ദുള്ളാ പാത്രിയർക്കീസു സ്ഥാനഭ്രംശം ചെയ്തതു സ്വാഭാവിക നീതിയെ (Natural Justice) അതിലംഘിച്ചുള്ളതായ ഒരു പ്രവൃത്തിയായിരുന്നുവെന്നു തീരുമാനിക്കപ്പെട്ടിരുന്നു. പ്രസ്തുത വിധിമൂലം കോടതി നിയമത്തെ സംബന്ധിച്ചേടത്തോളം സ്ഥാനഭ്രംശത്തിൽനിന്നു വിമുക്തനായെങ്കിലും, യാക്കോബായ പാത്രിയർക്കീസിനാൽ ന്യായമായി വാഴിക്കപ്പെട്ട്, മലങ്കര യാക്കോബായ അസോസിയേഷൻ കമ്മിററിയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന സാക്ഷാൽ യാക്കോബായ മലങ്കര മെത്രാപ്പോലീത്തായായി അദ്ദേഹം കോടതിയാൽ പരിഗണിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു, അബ്ദേദമ്ശീഹോ പാത്രിയർക്കീസിൻെറ അനുശാസനത്തെ നിഷേധിച്ചും, യാക്കോബായ പാത്രിയർക്കീസിൻെറ സഹകരണമൊ അനുമതിയൊ കൂടാതെയും അദ്ദേഹത്താൽ ബഹിഷ്കരിക്കപ്പെട്ടവർ ചേർന്നു നടത്തുന്ന ഒരു കർമ്മത്തിൽ, മലങ്കര മെത്രാപ്പോലീത്തായായ അദ്ദേഹം സംബന്ധിച്ചിട്ടുള്ളതു പാത്രിയർക്കീസിനെ അനാദരിച്ചും അവഗണിച്ചുമായിരുന്നു എന്നു അദ്ദേഹത്തിൻെറ ശത്രുക്കൾ വാദിക്കുന്നുണ്ടെന്നു നമുക്കറിയാം. മലങ്കര യാക്കോബായ സഭയിലെ മെത്രാന്മാരായി യാക്കോബായ പാത്രിയർക്കീസിൻെറ പരമാധികാരത്തെ സ

മ്മതിക്കുന്നവരായി, മലങ്കര മെത്രാപ്പോലീത്തായോടുകൂടി ആകെ അഞ്ചു മെത്രാന്മാർ അപ്പോൾ ഉണ്ടായിരുന്നതിൽ പ്രസ്തുത മലങ്കര മെത്രാപ്പോലീത്താ മാത്രമേ പാത്രിയക്കീസിനാൽ ബഹിഷ്കൃതരുമായി യോജിച്ചു പാത്രിയക്കീസിനെ അവഗണിച്ചുചെയ്ത ആ കമ്മത്തിൽ സംബന്ധിക്കയുണ്ടായുള്ളു വെന്നും, ശേഷം 4 മെത്രാന്മാരും പാത്രിയക്കീസും പ്രസ്തുത പ്രവൃത്തിയെ പ്രതിഷേധിക്കയാണു ണ്ടായതു എന്നും എവരും ഗ്രഹിച്ചിട്ടുള്ളതാണല്ലോ.

മൂന്നാമത്തെ കാതോലിക്കാസിന്റെ സ്ഥാനാവരോഹണ സുദിനത്തിൽതന്നെ, അതുവരെ ബഹനാനിയുടെ മെത്രാനെന്നുള്ള നിലയിൽ അറിയപ്പെട്ടുവന്നിരുന്ന നാം മെത്രാപ്പോലീത്താ പദത്തിൽ അവരോധിക്കപ്പെട്ടു. ആ സമയത്തും യാതൊരു ശൽമൂസായും നമ്മോടു ചോദിക്കയോ നാം കൊടുക്കുകയോ ഉണ്ടായിട്ടില്ല. പിറേറ ദിവസം നവീന കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തായും നാമും കൂടി ബഥന്യാശ്രമസ്ഥനായ യാക്കോബ് റമ്പാനെ മാർ തീയോഫിലോസ് എന്ന പേരിൽ ബഥനി മെത്രാനായും, കുറിയാക്കോസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ കാതോലിക്കാസിന്റെ കീഴിലുള്ള കോട്ടയം ഭദ്രാസനയിടവക മെത്രാനായും അഭിഷേകം ചെയ്തു. കുറെ കാലം കഴിഞ്ഞതിന്റെ ശേഷം ബഥനി മെത്രാനായിതീർന്നിട്ടുള്ള മാർ തീയോഫീലോസിനെ ബഥനിയുടെ തിരുവല്ലാ മെത്രാൻ എന്ന പേരിൽ നമ്മുടെ സഹായിയായി നാം നിയമിച്ചു. ഇതിലേക്കു കാതോലിക്കോസിന്റേയോ, മലങ്കര മെത്രാപ്പോലീത്തായുടേയൊ അനുമതിയും അനുവാദവും അപേക്ഷണീ

യമല്ലെന്നു ഇവിടെ വിശദീകരിക്കേണ്ടതില്ലല്ലൊ. ഇദ്ദേഹവും സ്ഥാനാഭിഷേകം പ്രാപിച്ചപ്പോൾ പാത്രിയർക്കീസിൻേറയൊ കാതോലിക്കോസിൻേറയൊ മേലധികാരം സ്വീകരിക്കുന്നതായ യാതൊരു ഉടമ്പടിയും കൊടുക്കുകയുണ്ടായില്ലെന്നുള്ളതും പ്രസ്താവ്യമത്രെ.

ഈ ഘട്ടത്തിൽ ബഥനിപ്പള്ളികളുടെ സർവ്വ സ്വാതന്ത്ര്യത്തെപ്പററിയും ഇവിടെ വ്യക്തപ്പെടുത്തേണ്ടതായി വന്നിരിക്കുന്നു. ബഥനി മെത്രാൻ എന്ന പേരിൽ (1925-ൽ) നാം സ്ഥാനാഭിഷേകം പ്രാപിച്ചതോടുകൂടിയാണു നാം ബഥനി മിഷ്യൻ സ്ഥാപിച്ചതെന്നും, അതിനെ തുടൎന്നാണു ബഥനി മിഷ്യൻ വകയായി പള്ളികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നും ഇവിടെ പറയേണ്ടതുണ്ടു. ബഥനിപ്പള്ളികൾ സ്ഥാപിക്കുന്ന വിഷയത്തിലെന്നല്ലാ, അവയെ ഭരിക്കുന്നതിലും, അവയ്ക്കു പട്ടക്കാരെ നിയമിയ്ക്കുന്നതിലും നാമും നമ്മുടെ സഫ്രഗൻ അഥവാ സഹായി ആയ മാർ തീയോഫീലോസ് മെത്രാനും യത്നിക്കുകയും ക്ലേശിക്കുകയും ചെയ്തിട്ടുള്ളതല്ലാതെ മറെറാരു മെത്രാനോ മെത്രാപ്പോലീത്തായൊ അഥവാ കാതോലിക്കോസുതന്നേയൊ യാതൊന്നും ചെയ്തിട്ടില്ലെന്നും അവൎക്കാൎക്കും അതിന്നു ബാദ്ധ്യതയില്ലെന്നും ഉള്ള സത്യം ഇവിടെ വിശദപ്പെടുത്തേണ്ടതില്ലല്ലൊ. ബഥനിപ്പള്ളികളിലെ പട്ടക്കാൎക്ക് പട്ടം കൊടുത്തു നിയമിച്ചിട്ടുള്ളതു നാം ഏകനൊരാൾ മാത്രമൊ നമ്മുടെ ഹിതാനുസരണം നമ്മുടെ സഫ്രഗൻ ബിഷൊപ്പൊ ആകുന്നു, മററാരുമല്ല.

ചില അവസരങ്ങളിൽ നാമും നമ്മുടെ അനുവാദപ്രകാരം ബഥനി പട്ടക്കാരും യാക്കോബായ പള്ളികളി

ൽ പോകയും അവിടെ മതകൎമ്മങ്ങൾ അനുഷ്ഠിക്കകയും ചെയ്തിട്ടുള്ള വിധത്തിൽ തന്നെ നമ്മുടേയൊ നമ്മുടെ സഫ്രഗൻ മെത്രാൻേറയൊ അറിവോടും അനുമതിയോടും കൂടിയൊ നമ്മുടെ പട്ടക്കാരുടെ ക്ഷണപ്രകാരമൊ അന്യ പട്ടക്കാർ നമ്മുടെ കീഴിലുള്ള ബഥനിപ്പള്ളികളിലും വന്നു കൎമ്മങ്ങൾ നടത്തിയിട്ടുണ്ടു. തൊഴിയൂർ സഭക്കാരും മാർത്തോമാ സഭക്കാരും തമ്മിൽ എങ്ങിനേയോ അതുപോലെയാണു ഇതെന്നല്ലാതെ സ്വതസിദ്ധമായി ഓരോ സഭയ്ക്കുമുള്ള സ്വാതന്ത്ര്യത്തെ ഹനിക്കത്തക്കതാണെന്നു സമത്ഥിക്കാൻ പാടുള്ളതല്ലല്ലോ. മുന്നവസരത്തിൽ നാം പറഞ്ഞതുപോലെ, യാക്കോബായ സഭയുടേയോ ഓർത്തോഡക്സ് സഭയുടേയോ എന്നല്ല മററു ഏതെങ്കിലുമൊരു സഭയുടേയോ ആവട്ടെ, പ്രാത്ഥനാപുസ്തകങ്ങളോ ആരാധനാക്രമങ്ങളോ തൊഴിയൂർ സഭക്കാരോ, ബഥനിക്കാരോ ഉപയോഗിക്കുന്നുണ്ടെന്നുള്ള ന്യായത്തിന്മേൽ തൊഴിയൂർ പള്ളികളുടേയൊ ബഥനിപ്പള്ളികളുടേയോ ഉടമാവകാശം വ്യതിചലിക്കപ്പെടുന്നതുമല്ല. യാക്കോബായ സഭയിൽ നടപ്പുള്ള ചില പുസ്തകങ്ങൾ ബഥനിപ്പള്ളികളിൽ ഉപയോഗിച്ചുവരുന്നുണ്ടെന്നുള്ളതു ശരിതന്നേ. എന്നാൽ യാക്കോബായ സഭയിൽ നടപ്പില്ലാത്തതും ബഥനിപ്പള്ളികളിൽ മാത്രം ഉപയോഗിച്ചുവരുന്നവയുമായ പല പുസ്തകങ്ങളുമുണ്ടെന്നുള്ളതു പ്രസ്താവിക്കേണ്ടതായിട്ടുണ്ടു. കാലത്തും ഉച്ചയ്ക്കും, സന്ധ്യയ്ക്കും ബഥനിപ്പള്ളികളിൽ ഉപയോഗിച്ചുവരുന്നതും പ്രത്യേകം ചില പ്രാത്ഥനകൾ അടങ്ങിയതുമായ "ഹാദ്ദവപ്രാത്ഥന" എന്ന പുസ്തകം നിങ്ങളിൽ പലൎക്കും അപരിചിതമല്ലല്ലോ. ബഥനിവക സാധാ

രണ നമസ്കാരപുസ്തകത്തിന്നാവട്ടേ, ബഥനിവക കഷ്ടാനുഭവാഴ്ചയിലെ പ്രാൎത്ഥനാപുസ്തകത്തിന്നാവട്ടേ, ബഥനിവക നോമ്പുകാലത്തെ നമസ്കാരപുസ്തകത്തിന്നാവട്ടേ, ഇതുപോലെ വേറേയും പലപല പുസ്തകങ്ങൾക്കുമാവട്ടേ, ഇന്നേയോളവും യാക്കോബായ മേത്രാന്മാരുടെ അംഗീകരണം ലഭിക്കാതിരിക്കുക മൂലം യാക്കോബായ പള്ളികളിൽ പ്രവേശനം ലഭിക്കുകയുണ്ടായിട്ടില്ല. "ആരാധനാസഹായി" എന്ന പേരിൽ ബഥനിയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സമ്പ്രദായത്തിലല്ലാ യാക്കോബായ പള്ളികളിൽ ആരാധനകൾ നടത്തിവരുമാറുള്ളതു. "യൽദോഗീതങ്ങൾ," "കഷ്ടാനുഭവാഴ്ചയിലെ കൌമാകൾ" മുതലായവയെല്ലാം ബഥനിയിൽനിന്നു പ്രത്യേകം അച്ചടിപ്പിച്ച ബഥനിപ്പള്ളികളിൽ ഉപയോഗിച്ചു വരുന്നവയും ഇവയ്ക്കൊന്നിനും യാക്കോബായ സഭയിലെ മതാദ്ധ്യക്ഷന്മാരുടെ ശ്രേഷ്ഠാനുമതി ലഭിക്കായ്കയാൽ ആ സഭയിൽ പ്രവേശനം ഉണ്ടായിട്ടില്ലാത്തവയുമത്രേ. ആരാധനാക്രമങ്ങളെ അപേക്ഷിച്ചേടത്തോളം ബഥനിപ്പള്ളികളിലും യാക്കോബായ പള്ളികളിലും നടത്തപ്പെടുന്നവയ്ക്കു തമ്മിൽ വ്യത്യാസമുണ്ടെന്നു നിങ്ങൾക്കുതന്നെ ബോധ്യം വന്നിരിക്കാവുന്നതാണ്. ബഥനിപ്പള്ളികൾ ഏതിലും മാമോദീസാതൊട്ടി (Baptismal font) പള്ളിയുടെ മദ്ധ്യഭാഗത്തായും, പ്രത്യുത യാക്കോബായ പള്ളികളിലാണെങ്കിൽ അതു തെക്കേ ഭിത്തിയോടടുപ്പിച്ചും സ്ഥാപിക്കപ്പെട്ടിരിക്കുകയാൽ പ്രഥമ വീക്ഷണത്തിൽ തന്നെ രണ്ടു പള്ളികളേയും തിരിച്ചറിയുന്നതിന്നു ആൎക്കും പ്രയാസമുള്ളതല്ല. ഇവയ്ക്കെല്ലാററിന്നും പുറമേ,

ബഥനിപ്പള്ളികളിൽ നടപ്പുള്ളപ്രകാരം ബഥനിപ്പട്ടക്കാരെപ്പോലെ യാക്കോബായ സഭയിലെ പട്ടക്കാർ ദൈനംദിനം വി: കുർബ്ബാന അനുഭവിക്കുകയോ ദിനംതോറും വി: കുർബ്ബാന ചൊല്ലുകയോ പതിവുള്ളതല്ല.

സ്വന്തം കയ്യിൽനിന്നു പണമിറക്കിയും, പലിശയിന്മേൽ കടം വാങ്ങിയും, നമ്മുടെ അഭീഷ്ടാനുസാരം വ്യയം ചെയ്യത്തക്കവണ്ണം ചില സഹൃദയന്മാർ നമുക്കു നൽകിയ സംഭാവനകളെ ഉപയോഗപ്പെടുത്തിയും സ്ഥാപിച്ചിട്ടുള്ളവയാണ് ബഥനിപ്പള്ളികൾ എന്ന പരമാർത്ഥം അറിയാത്തവരായി ആരുംതന്നെ ഇവിടെ സന്നിഹിതരായിട്ടുള്ളതായി നമുക്കു തോന്നുന്നില്ല. ഓരോ ബഥനിപ്പള്ളിയും നമ്മുടെയോ നമ്മുടെ സഹഗൻ മെത്രാന്റേയോ പേരിൽ മാത്രം തീറാധാരമുള്ള സ്ഥലത്തു ഗവമ്മേണ്ടനുമതി വാങ്ങി സ്ഥാപിക്കപ്പെട്ടിട്ടുള്ളതത്രേ. രണ്ടുമൂന്നു സംവത്സരങ്ങൾക്കു മുമ്പു ഒരു ബഥനിപ്പള്ളിക്കുവേണ്ടി ഗവമ്മേണ്ടനുമതി ആവശ്യപ്പെട്ടപ്പോൾ നമുക്കു ലഭിച്ച ഉത്തരവിൽ, യാക്കോബായ സഭയിൽപെട്ട ബഥനിപ്പള്ളി സ്ഥാപിക്കുന്നതിനു അനുവാദം നൽകിയിരിക്കുന്നു എന്നു നാം എഴുതിക്കാണുകയുണ്ടായി. തൽക്ഷണം തന്നേ ഗവമ്മേണ്ടിനു പററിപ്പോയ അബദ്ധത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു ബഥനിക്കും യാക്കോബായ സഭക്കും തമ്മിൽ കാര്യമായ ബന്ധമില്ലെന്നു അപേക്ഷകനെക്കൊണ്ടു ഉടൻ നാം എഴുതി അയപ്പിച്ചു. അന്നത്തെ ആ കത്തും, അതിന്നനുസരണമായി ഗവമ്മേണ്ടിൽ നിന്നു കിട്ടി ... ത്തിന്നയച്ച ... വും നോക്കുന്നതായാൽ തന്നേയും ബഥനിപ്പള്ളികളുടെ സംസ്ഥാപനത്തിൽ പൊതുവുള്ള സ്വഭാ

തന്ത്ര്യം നന്നായി കാണാവുന്നതാണ്. പ്രസ്തുത പള്ളികൾക്ക ഓരോന്നിന്നും ശിലാപ്രതിഷ്ഠ ചെയ്തിട്ടുള്ളതും അവയെ കൂദാശ ചെയ്തിട്ടുള്ളതും, അവയിൽ ഓരോന്നിലും പ്രഥമമായി വി: കുർബാന ചൊല്ലിയിട്ടുള്ളതും നാം തന്നെ. ഈ വിധത്തിൽപോലും മററാക്കും വിവാദം ചെയ്വാനോ അവകാശവാദം പുറപ്പെടുവിക്കാനോ കഴിവുള്ളതല്ല. നമ്മുടേയും നമ്മുടെ സഫ്രഗൻ മാർ തീയോഫീലോസ് മെത്രാന്റേയും മാത്രം ഭരണാധികാരത്തിൽ ഇന്നേയോളം സ്ഥിതിചെയ്യുന്ന ബഥനിപ്പള്ളികളിലെ ഭരണസമ്പ്രദായത്തെ ഗൌനിക്കുന്ന പക്ഷം യാക്കോബായ പള്ളികളേയോ മറേറാ അപേക്ഷിച്ച്, അതിലും ചില ഗണ്യമായ വ്യത്യാസങ്ങൾ ഉള്ളതായി കാണാം. ബഥനിപ്പള്ളികൾക്ക യാക്കോബായ പള്ളികൾക്കുള്ളതുപോലെ കൈക്കാരന്മാരായി യാതൊരു അധികാരികളേയും നിയമിക്കുക പതിവുള്ളതല്ല. ഓരോ പള്ളിയ്ക്കും നാം ഓരോ വികാരിമാരെ നിയമിക്കുകയും, അവരുടെ സഹായാർത്ഥം ചില പള്ളികളിൽ മാത്രം മാനേജർമാരെ ഏപ്പെടുത്തുകയുമെ ചെയ്യുയുണ്ടായിട്ടുള്ളൂ. ആരാധനയിൽ സംബന്ധിക്കുന്ന ജനങ്ങളിൽ ആക്കുംതന്നെ പള്ളിസ്വത്ത സംബന്ധിച്ചും ഭരണമിടപെട്ട കാര്യങ്ങളിലും യാതൊരു കർത്തവ്യവുമില്ലാത്ത വിധത്തിലത്രേ ബഥനിപ്പള്ളികളുടെ ഭരണഘടനയെ നാം രൂപീകരിച്ചിട്ടുള്ളതു. രേഖാമൂലമായ അപേക്ഷ കൂടാതെ യാക്കോബായ സഭയിലോ മാർതോമാ സഭയിലോ മറേറതെങ്കിലും സഭയിലൊ ഉൾപ്പെട്ട ആരേയും ഏതെങ്കിലും ഒരു ബഥനിപ്പള്ളിയുടെ അംഗമായി ചേർക്കാൻ നിവൃത്തിയുള്ളതല്ല. ഈ വിധത്തില

ത്രെ ബഥനിപ്പള്ളികൾക്ക ഇടവകാംഗങ്ങൾ ഉണ്ടായിട്ടുള്ളതു. ഇടവകാംഗങ്ങളായി ആരേയും ചേർക്കാതെ മനുഷ്യരിൽ ദൈവഭക്തി കൈവരത്തക്കവണ്ണം അവിടവിടെയായി ബഥനിവക മിഷ്യൻ പള്ളികളും നാം സ്ഥാപിക്കകയുണ്ടായിട്ടുണ്ടു. യാക്കോബായ പള്ളികളിലും മാർതോമാ പള്ളികളിലും മററും മാമോദീസ (Baptism) വിവാഹം ആദിയായ മതകർമ്മങ്ങൾക്ക (Sacramental Services) പ്രതിഫലം വാങ്ങാറുള്ളതുപോലെയുള്ള നടവടിയൊന്നും ബഥനിപ്പള്ളികളിൽ പതിവുള്ളതല്ല.

ബഥനിയുടേയും നമ്മുടേയും സ്വതന്ത്രനിലയെ പ്രത്യക്ഷപ്പെടുത്തുമാറ് ഇതിലധികം ഇപ്പോൾ പ്രസ്താവിക്കേണ്ടതായാവശ്യമില്ല. മലങ്കര യാക്കോബായ സഭയുടെ പരമാധികാരി പാത്രിയക്കീസും, അതിന്റെ കേരളത്തിലെ ദേശീയ ഭരണാധികാരികൾ മലങ്കര മെത്രാപ്പോലീത്തായും ശേഷം മെത്രാന്മാരുമാണെന്നും, ഓർത്തോഡക്സ് സഭയുടെ സ്ഥാപകനും ഭരണകർത്താവും ഇപ്പോഴത്തെ കാതോലിക്കോസുമാണെന്നും, സർവ്വസ്വതന്ത്രമായ ബഥനിയുടെ സ്ഥാപകനും ഭരണകർത്താവുമായ നാം മേല്പറഞ്ഞവരുമായി അഭിമുഖ സംഭാഷണം നടത്തുകയോ, ഒരുമിച്ചു താമസിക്കുകയോ, ഒരുമിച്ചിരുന്നു ഭക്ഷിക്കുകയോ, ഒന്നൊരുമിച്ചു പ്രാർത്ഥിക്കുകയോ, ഒരുമിച്ചു സഞ്ചരിക്കുകയോ മറേറാ ചെയ്തിട്ടുണ്ടെങ്കിൽ നമ്മുടെയും മേല്പറയപ്പെട്ടവരുടേയും ആ വക സൌഹാർദ്ദപൂർവ്വമായ പെരുമാററം നിമിത്തം യാക്കോബായ സഭയുടെയും ഓർത്തോഡക്സ് സഭയുടെയും സ്ഥാവരജംഗമസ്വത്തുക്കൾ ബഥനിയുടേതാവുകയോ [illegible] അവയിലോരോന്നിന്മേലുള്ള സ്വതസിദ്ധമായ

സ്വാതന്ത്ര്യം നഷ്ടപ്പെട്ടുകയോ സർവ്വസ്വാതന്ത്ര്യമായ ബഥ നിയും അതിൻെറ സ്ഥാപനങ്ങളും യാക്കോബായ സഭ യിലേക്കോ ഓർത്തോഡക്സു സഭയിലേക്കോ ഒഴുകിപ്പോക യോ ചെയ്യാൻ ഇടയുള്ളതല്ലല്ലോ. യക്കോബായ പാത്രി യക്കീസ്സിന്നാവട്ടേ, ഓർത്തോഡക്സ് സഭയുടെ കാതോലി ക്കോസ്സിന്നാവട്ടേ, മലങ്കര മെത്രാപ്പോലീത്തായ്ക്കോ മററു മെത്രാന്മാർക്കോ ആവട്ടെ യാതൊരുവക അധികാര കർത്തൃ ത്വവും അവകാശവും ഇല്ലാത്തവിധം ബഥനിയും അതി ൻെറ സ്ഥാപകനായ നാമും സ്വതസിദ്ധമായ സർവ്വ സ്വാതന്ത്ര്യത്തെ ഇന്നേയോളവും പരിരക്ഷിക്കുകയും പ രിപാലിക്കുകയും ചെയ്തിട്ടുണ്ടു. ബഥനിയെ അടുത്തറി ഞ്ഞിട്ടുള്ള സകലമാനപേർക്കും ഈ യാഥാർത്ഥ്യം വേണ്ട പോലെ അറിയാൻ കഴിഞ്ഞിട്ടുള്ള സ്ഥിതിക്കു, നമ്മുടെ ഗുരുവും അഭ്യുദയാശംസിയുമായ മലങ്കര മെത്രാപ്പോലീ ത്താ തിരുമനസ്സുകൊണ്ടു ഇയ്യിടെയായി ബഥനിയുടെ സ ർവ്വ സ്വാതന്ത്ര്യത്തെ ഉപേക്ഷിക്കണമെന്നു നമ്മോടാവ ശ്യപ്പെട്ടുകയും തൽസാദ്ധ്യത്തിന്നായി ചിലതെല്ലാം പ്രവ ർത്തിക്കുകയും ചെയ്തുതുടങ്ങീട്ടുള്ളതു നമുക്കെത്രയോ ദുസ്സഹ കരവും വേദനാകരവുമായിരിക്കുന്നുവെന്നു നാം ഈ പ്രസം ഗത്തിൻെറ പ്രാരംഭത്തിൽ തന്നേ നിങ്ങളെ കേൾപ്പിക്ക കയുണ്ടായി. തിരുവിതാംകൂർ ഹൈക്കോടതിയിലെ റ വിഷൻ അപ്പീൽമുഖേനയുണ്ടായ വട്ടിപ്പണക്കേസിലെ വിജയംമൂലം സ്ഥാനഭ്രംശ ശൃംഖലയിൽനിന്നു വിമുക്ത നായതിൻെറ ശേഷം മാത്രമാണ് മലങ്കര മെത്രാപ്പോലീ ത്താ തിരുമനസ്സുകൊണ്ടു ഈ വിധം പറയാനും പ്രവർത്തി പ്പാനും തുടങ്ങിയതെന്നു ആലോചിക്കുമ്പോൾ, പ്രസ്തുത

കേസ്സിൽ ഒരുപക്ഷേ അപജയം നേരിടുന്നതായിരുന്നാൽ യാക്കോബായ സഭയിൽ നിന്നു നിഷ്കാസിതനാകാൻ ഇടയുള്ളതുകൊണ്ടു അപ്പോൾ സ്വൈരമായിരിപ്പാൻ ഒരു ഇടം ഇരിക്കട്ടെ എന്നു അദ്ദേഹം കരുതിയിരുന്നുവോ എന്നും, അതിനാലായിരിക്കുമോ വട്ടിപ്പണക്കേസ്സിന്റെ പര്യവസാനംവരെയും ബഥനിയുടെ സർവ്വ സ്വാതന്ത്ര്യത്തിൽ അദ്ദേഹം അസംതൃപ്തി ഭാവിക്കാഞ്ഞതെന്നും അനുമിക്കുവാൻ മാർഗ്ഗം കാണുന്നുണ്ടു. ബഥനി സംബന്ധമായ കാര്യത്തിലെന്നല്ലാ മറെറന്തു കാര്യത്തിലായാലും ശരി, നിഷ്കാമപൂർണ്ണമായ ഞങ്ങളുടെ സൌഹാർദ്ദബന്ധം ശിഥിലീഭവിക്കാനിടയാവുക എന്നതു നമുക്കെത്രയോ ഹൃദയഭേദകമായിരിക്കുമെന്നിരുന്നാലും, ബഥനിയുടെ സമാരംഭം മുതലേയുള്ള നമ്മുടെ ലക്ഷ്യത്തിനും ഉദ്ദേശത്തിനും ക്ഷേമം തട്ടുകയാൽ ബഥനിയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യം ഉപേക്ഷിക്കേണ്ടി വരികയെന്നതു നമുക്കു അതിനേക്കാൾ ഹൃദയാരുന്തുദമായിരിക്കുന്നതാണെന്നുള്ള വാസ്തവം നിങ്ങളേവരും ഗ്രഹിച്ചിരിക്കേണ്ടതാണ്.

വട്ടിപ്പണത്തിന്റെ റിവിഷൻ അപ്പീലിൽ അനുകൂലമായ വിധി സമ്പാദിച്ചതിന്റെ ശേഷം മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള പ്രയോഗങ്ങളിൽ ഗൌരവാവഹമായ ഒരു കാര്യത്തെപ്പററി ഇവിടെ പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയുള്ളതല്ല. ഇക്കഴിഞ്ഞ 104-മിഥുനത്തിൽ പഴയ സിമ്മനാരിയിൽ കൂടപ്പെട്ട മലങ്കര യാക്കോബായ അസോസിയേഷന്റെ മാനേജിംഗ് കമ്മിററി യോഗത്തിലേക്കു ക്ഷണിക്കുന്നതായ ഒരു കത്തു അദ്ദേഹം നമുക്കും, നമ്മുടെ സഹോദരൻ മാർ തീ

യോഫീലോസ് മെത്രാനും അയക്കകയുണ്ടായി. ഇങ്ങ നെ അദ്ദേഹം ഒരു ക്ഷണക്കത്തയച്ചതു മലങ്കര യാക്കോ ബായ സഭയുടെ ഭരണകൂടമായ ആ കമ്മിററിയുമായി ബ ഥനിയെ ഘടിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിത്ത ന്നെയായിരിക്കണമെന്നു ഞങ്ങൾ ഇരുവരും ഊഹിച്ചു. ക്ഷണമനുസരിച്ചു ഞങ്ങൾ അതിൽ സംബന്ധിക്കകയും, അതിൻെറ പ്രമേയങ്ങളിൽ ഒപ്പു വെക്കകയും ചെയ്താൽ അതോടുകൂടി ഞങ്ങൾ യാക്കോബായ സഭാഭരണവലയ ത്തിൽ അകപ്പെടുകയും തന്നിമിത്തം ബഥനിയുടെ സ്വ സ്വാതന്ത്ര്യം നാമാവശേഷമാവുകയും ചെയ്യുമെന്നു ഞ ങ്ങൾ ഭയപ്പെട്ടു. നാം മെത്രാനും അനന്തരം മെത്രാപ്പോ ലീത്തായും ആയി സ്ഥാനാഭിഷേകം പ്രാപിച്ചതിൻെറ ശേഷം യാക്കോബായ അസോസിയേഷൻ യോഗത്തോ ടോ അതിൻെറ മാനേജിംഗ് കമ്മിററിയോടോ ഇതു പ ര്യന്തം യാതൊരു ബന്ധവും നമുക്കില്ലാതിരിക്കേ, പ്രസ്തുത ക്ഷണക്കത്തു കിട്ടിയപ്പോൾതന്നേ അതു കേവലം സൌ ഹാർദ്ദപൂർവ്വം അയയ്ക്കപ്പെട്ട ഒന്നല്ലെന്നു നമുക്കു മനസ്സിലാ യിക്കഴിഞ്ഞു. ഇതിൻെറ ശേഷം ഒരിക്കൽ നാം അദ്ദേ ഹത്തെ അഭിമുഖമായി കണ്ടപ്പോൾ പ്രസ്തുത ക്ഷണക്ക ത്തിനെ സൂചിപ്പിച്ചു, ബഥനിക്കും തൽസ്ഥാപകനും മല ങ്കര യാക്കോബായ അസോസിയേഷനുമായി യാതൊരു സംബന്ധവുമില്ലല്ലോ എന്നു അനുസ്മരിപ്പിച്ചതിനു പുറ മേ, ഏതാനും ദിവസങ്ങൾ കഴിഞ്ഞതിൻെറ ശേഷം പ്ര സ്തുത മാനേജിംഗ് കമ്മിററിയിൽ സംബന്ധിപ്പാനായി തിരുവനന്തപുരത്തുനിന്നു കോട്ടയത്തേക്കു പുറപ്പെട്ട മിസ്റ്റ ർ, ഇ. ജെ. ജോൺ നമ്മുടെ ആവശ്യാർത്ഥം നമ്മെ കാ

ണവാനായി വഴിമദ്ധ്യേ തിരുമൂലപുരത്തിറങ്ങിയപ്പോൾ ക്ഷണക്കത്തിന്റെ അസാംഗത്യത്തെപ്പററി നാം മിസ്റ്റർ ജോണിനെ ഗ്രഹിപ്പിച്ചുകൊണ്ടു ബഥനിയുടെ സ്വാതന്ത്ര്യത്തിന്നു ഹാനികരമാകുമാറ് യാതൊന്നും ചെയ്യാനോ പ്രസ്തുത മീററിങ്ങിൽ സംബന്ധിപ്പാനോ നമുക്കു കഴിവില്ലെന്നുള്ള വിവരം മീററിങ്ങിൽ പരസ്യമായി പ്രസ്താവിച്ചാൽ കൊള്ളാമെന്നു നാം അദ്ദേഹത്തോടാവശ്യപ്പെട്ടകയും, തദനുസാരം മിസ്റ്റർ ജോൻ മീററിങ്ങിൽവെച്ചു ഇക്കാര്യം പരസ്യമായി പ്രസ്താവിക്കുകയും, ആ വിവരം പിറേറ ദിവസംതന്നേ മിസ്റ്റർ ജോൺ നമ്മെ നേരിട്ടു അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മീററിങ്ങിന്റെ ശേഷവും ബഥനിയുടെ സ്വാതന്ത്ര്യത്തെ കൈവെടിയത്തക്കവണ്ണം നമ്മെ ഭേദമിച്ച വിഘ്നതകൾ കേവലം നിസ്സാരങ്ങളായിരുന്നില്ലെന്നും, ദൈവകൃപയാൽ അവയെല്ലാം സഹിച്ചുകൊണ്ടു സ്വതസിദ്ധമായ ബഥനിയുടെ സ്വാതന്ത്ര്യത്തെ ഇന്നേയോളവും പരിരക്ഷിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ടെന്നും സസന്തോഷം നാം നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

യാക്കോബായ പാത്രിയർക്കീസിന്റെ പരമാധികാരത്തെ സമ്മതിക്കാതെയും തന്നിമിത്തം യാക്കോബായ സഭക്കു ഒരു തരത്തിലും അവകാശപ്പെട്ടാത്തേയുമുള്ള സ്ഥാപനങ്ങൾ, ജനനവശാൽ യാക്കോബായക്കാരനായിരുന്ന നാം മാത്രമല്ല ഉണ്ടാക്കീട്ടുള്ളതു എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാണ്. നമ്മെപ്പോലെ യാക്കോബായക്കാരനായിത്തന്നേ ജനിച്ചുവെങ്കിലും യാക്കോബായ പാത്രിയർക്കീസിന്നാവട്ടേ തന്മൂലം യാക്കോബായ സഭക്കാവട്ടേ യാതൊരു അ

വകാശവാദവും പുറപ്പെട്ടവിക്കാൻ പാടില്ലാത്തവിധത്തിൽ പല തരത്തിലുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ള ദേഹമാണു ഇപ്പോഴത്തെ കാതോലിക്കോസ് എന്നു നാം നിങ്ങളെ അനുസ്മരിപ്പിക്കേണ്ടതായിട്ടില്ലല്ലോ. ഓർത്തോഡക്സ് സഭയുടെ സ്ഥാപകനും ഭരണകർത്താവുമായും, തിഗ്രീസിന്റെ കാതോലിക്കോസായും വിവിധാഭിധാനങ്ങളാൽ വിഖ്യാതനായ അദ്ദേഹം ഉണ്ടാക്കീട്ടുള്ള കണ്ടറ സിമ്മനാരി, അതിനോടു ചേർന്നുള്ള സ്കൂൾ, പത്തനംതിട്ടയിലെ അരമനക്കെട്ടിടം, ഹൈസ്കൂളിന്നുദ്ദേശിച്ചു അവിടെ പണിയാരംഭിച്ചിട്ടുള്ള മഹാമന്ദിരം ആദിയായവ യാക്കോബായ പാത്രിയക്കീസിന്നാവട്ടേ, ഏതെങ്കിലുമൊരു യാക്കോബായ സഭാംഗത്തിന്നുപോലുമാവട്ടേ അവകാശാധികാരഭാവത്തിൽ കാൽ വെപ്പാൻ അനുവദിക്കാത്ത സർവ്വസ്വതന്ത്ര സ്ഥാപനങ്ങളാണെന്നുള്ളതു അവിതക്കിതം തന്നെ. യാക്കോബായ പാത്രിയക്കീസിന്റെ പരമാധികാരത്തെ അവഗണിക്കുന്ന അദ്ദേഹം യാക്കോബായ സഭയിൽ നടപ്പുള്ളതായ പ്രാർത്ഥനാപുസ്തകങ്ങൾ ഉപയോഗിക്കയോ യാക്കോബായ സഭയിൾ ഉൾപ്പെട്ട പള്ളികളെ സന്ദർശിക്കുകയോ ചെയ്യുന്നുണ്ടെന്നുള്ള ന്യായങ്ങളാൽ പ്രസ്തുത സ്ഥാപനങ്ങൾ അദ്ദേഹത്തിൽനിന്നു അന്യാധീനപ്പെടുത്തി യാക്കോബായ സഭവകയാക്കാവുന്നതാണെന്നു വിചാരിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്ന അല്പബുദ്ധികൾ യാക്കോബായ സഭാംഗങ്ങളുടെ കൂട്ടത്തിൽ ഉണ്ടാവുകയില്ല. മലങ്കര മെത്രാപ്പോലീത്തായുടെ സഹകരണത്തോടുകൂടി അദ്ദേഹം മലങ്കര യാക്കോബായ സഭയിടപെട്ട ഭരണവിഷയങ്ങളിൽ പങ്കെടുക്കുകയും, ഭരണാധി

കാരിയെന്നുള്ള നിലയിൽ യാക്കോബായ പള്ളികളുടെ
മേലന്വേഷണം നടത്തുകയും, മററും ചെയ്യുന്നുണ്ടെങ്കിൽ
അതെല്ലാം മലങ്കര യാക്കോബായ സഭമേൽ പാത്രിയ
ൎക്കീസിനുള്ള അധികാരാവകാശങ്ങളെ നാമാവശേഷമാ
ക്കിത്തീൎത്തു പള്ളികളും പള്ളി സ്വത്തുക്കളും ഓർത്തഡോ
ക്സ് സഭക്കു അധീനമാക്കാനായി ചെയ്യുന്ന പരിശ്രമങ്ങ
ളാണെന്നല്ലാതേ, ഏവംവിധങ്ങളായ അനുഗ്രഹത്തിന്റെ
യത്നംമൂലം സൎവ്വ സ്വാതന്ത്ര്യങ്ങളായി അദ്ദേഹത്തിനുള്ളവ
നഷ്ടപ്പെടാൻ ഇടയുള്ളതല്ലെന്നുതന്നേ വിചാരിക്കേണ്ടി
യിരിക്കുന്നു.

അവസാനമായി നമുക്കു നിങ്ങളോടു പറയാനുള്ളതു
കാതോലിക്കാ ,പുനരൈക്യം സംബന്ധിച്ചു നമ്മെപ്പററി
ഇയ്യിടെ എവിടെയും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ശ
ണ്ഠയെപ്പററിയത്രേ. ലൊകൈകനാഥനായ യേശു
ക്രിസ്തു മനുഷ്യരുടെ ജീവന്മുക്തിക്കായി ലോകത്തിൽ ഒരു
സഭ സ്ഥാപിച്ചു. ക്രമാനുഗതം അതു അഭിവൃദ്ധിപ്പെട്ടും
പുഷ്ടിപ്രാപിച്ചും വന്നിരുന്നു. ക്രിസ്ത്വാബ്ദം 451-ാം ആ
ണ്ടിൽ സൎവ്വലോക ക്രിസ്തീയമതാദ്ധ്യക്ഷന്മാർ (ബിഷോ
പ്പന്മാർ) ചേൎന്നു നടത്തിയ ഒരു മഹായോഗത്തിൽ (കാൽ
സിഡോൻ സിന്നഡ്) വെച്ചു ക്രിസ്തീയ സഭയിൽ ഒരു
പിളൎപ്പുണ്ടാകുവാൻ സംഗതിയായി. ന്യൂനപക്ഷക്കാരായ
അപൂൎവ്വം ചിലരുടെ അഭിപ്രായത്തിനു പ്രാബല്യമുണ്ടാ
കാഞ്ഞതിനാൽ ഉളവായ ദുരഭിമാനപ്രസക്തിയാണു ആ
പിളൎപ്പിനു കാരണമെന്നു പ്രാചീന ചരിത്രഗ്രന്ഥങ്ങൾ ഒ
ന്നൊഴിയാതെ സാക്ഷീകരിക്കുന്നുണ്ടു. ഭിന്നാഭിപ്രായക്കാ
രായി പിരിഞ്ഞുപോയ അവർ മറെറാരു സഭയായി ത്ത

പീകരിക്കപ്പെട്ടു. കാലാന്തരത്തിൽ അതു അഭിപ്രായ ഭേദത്താലും സ്വാതന്ത്ര്യേച്ഛയാലും പലതായി വിഭാഗിക്കപ്പെട്ടു. ഇങ്ങനെ ഉണ്ടായിത്തീൎന്ന വിവിധ സഭകളിൽ ഒന്നിൻെറ പേരാണു യാക്കോബായ സഭ എന്നു സംക്ഷിപ്തമായി പറയാം. ഏകദേശം ഇതുപോലെതന്നെയാണു കേരളത്തിലെ ക്രിസ്തുമതത്തിൻെറയും ചരിത്രമെന്നു നാം ഗൌനിക്കേണ്ടതുണ്ടു. യേശുക്രിസ്തുവിൻെറ ശ്രേഷ്ഠശിഷ്യരിൽ ഒരാളായ മാർ തോമാശ്ലീഹാ എന്ന പുണ്യാത്മാവിൻെറ തൃപ്പാദസ്പൎശത്തോടുകൂടിയാണു കേരളത്തിൽ ക്രിസ്തുമതത്തിൻെറ ഉത്ഭവമെന്നു പറയേണ്ടതില്ലല്ലോ. 17-ാം നൂററാണ്ടുകാലം വരെയും ക്രിസ്ത്യാനികളായിത്തീൎന്ന കേരളീയരാസകലം ഒരു വമ്പിച്ച തറവാട്ടിലെ അംഗങ്ങളെന്നുള്ള നിലയിൽ ഏകയോഗക്ഷേമവൃത്തിം വൎത്തിച്ചുപോന്നു. അങ്ങിനെയിരിക്കവെയാണു നിസ്സാരമായ ഒരു കാരണത്തിന്മേൽ—അവാസ്തവമായ ഒരു കിംവദന്തിയെ അടിസ്ഥാനമാക്കിക്കൊണ്ടു—ഏതാനും പേർ അതിൽനിന്നു ഭിന്നിച്ചുപോവുകയുണ്ടായതു. മതവിശ്വാസപരമായ യാതൊരു കാരണത്താലുമല്ലാ ഈ യെരു പിളൎപ്പുണ്ടായതെന്നു ഇവിടെ അനുസ്മരിക്കേണ്ടതുണ്ടു. പിരിഞ്ഞുപോയവൎക്കു "പുത്തൻകൂററുകാർ" എന്നും, മററവൎക്കു "പഴയകൂററുകാർ" എന്നും പേരുകളുണ്ടായി. പഴയ കൂററുകാരുടെ മതാദ്ധ്യക്ഷൻ സൎവ്വലോകക്രൈസ്തവസഭയുടെ പ്രധാനാദ്ധ്യക്ഷന്മാരുടെ ശിരോമകുടമായ മാൎപ്പാപ്പായത്രെ. സ്ഥിരമായ ഒരു മതാദ്ധ്യക്ഷൻ ഇല്ലായ്കയാൽ പുത്തൻകൂററുകാർ വളരെ വിഷമിക്കാൻ തുടങ്ങി. തന്നിവാരണാൎത്ഥം ചെയ്ത അപേക്ഷയുടെ ഫ

ലമാസി യാക്കോബായ സഭയുടെ അദ്ധ്യക്ഷൻ (പാത്രിയ ക്കീസു) കേരളത്തിലെ പുത്തൻകൂററുകാരുടെ പരമാദ്ധ്യ ക്ഷസ്ഥാനം കയ്യേററു. അന്നുമുതൽ ഇന്നേയോളമുള്ള പുത്തൻകൂററുകാരുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം അനവരതമായ അന്തഃഛിദ്രത്തിൻെറയും മത്സരവ്യവഹാ രാദികളുടെയും കേളീരംഗമായിട്ടുതന്നെയാണു അതു പ രിണമിക്കുകയുണ്ടായതെന്നു കാണാം. ആദ്യമായി അതിൽ നിന്നു ഏതാനും പേർ പിരിഞ്ഞതുനിമിത്തം 'തൊഴി യൂർ സഭ' (അഞ്ഞൂർസഭ) സംജാതമാകാൻ സംഗതിയാ യി. അനന്തരകാലത്തിൽ കുറെപേർ ആംഗ്ലേയ സഭയു ടെ അംഗങ്ങളായി ചേൎന്നു പിരിഞ്ഞു. പില്ക്കാലത്തു സു ദീൎഘമായ ഒരു വ്യവഹാരത്തിനു ശേഷം കുറെയധികം പേർ ഒന്നായി പിരിഞ്ഞുപോകയും, അവർ "മൎത്തോമാ സഭ" എന്ന പേരിൽ സ്വതന്ത്രരാവുകയുംചെയ്തു- അന ന്തരം അൻപതു സംവത്സരം തികയുന്നതിന്നകമായി ഉ ണ്ടായതത്രേ യാക്കോബായ സഭയിൽ ഇപ്പോൾ കാണുന്ന വിഭാഗങ്ങളും വ്യവഹാരങ്ങളും. ബാവാകക്ഷി, മെത്രാൻ കക്ഷി എന്ന പേരിൽ അതു പ്രബലമായ രണ്ടു സൈന്യ പംക്തികളെന്നവണ്ണം പരസ്പരം തുടങ്ങിയ ദ്വന്ദ്വയുദ്ധം ഇന്നും സമാപ്തിയടഞ്ഞിട്ടില്ലല്ലൊ.

ഇതിൽ മെത്രാൻകക്ഷി വിഭാഗത്തിൽ ആദ്യകാല ത്തു ഉൾപ്പെടാൻ ഇടയായ നാം അതിൻെറ അഭിവൃദ്ധി ക്കും ഉദ്ദേശത്തിനും ഒത്തവണ്ണം യഥാമതി പലതും പ്രവ ൎത്തിച്ചുവെന്നും, നമ്മുടെ ആ സമുദായസേവനംതന്നെയാ ണു ഇദംപ്രഥമമായി യാക്കോബായ സഭയുടെ അടിത്തട്ടു കാണുവാൻ നമുക്കിടയാക്കിയതെന്നും, അതിനാൽ മാത്ര

മാന്ന സ്വദേശം വിട്ട സെറാമ്പൂർ പോയതും, അവിടെ വെച്ച യാക്കോബായ സഭയുമായി ബന്ധമില്ലാത്തവിധം ബഥനി സ്ഥാപിപ്പാൻ നമുക്ക ഇടവരുത്തിയതെന്നും നി ങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടുള്ളതാണ.

നിശ്ചിതസ്ഥലത്തെത്തുന്നതിന്ന കല്ലും മുള്ളും സ്ദാ (1) യ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന വഴിയിലൂടെ പോ കാതെ വെട്ടിത്തെളിയിച്ചിട്ടുള്ള ശരിയായ ഒരു വഴിയു ണ്ടെന്നറിഞ്ഞാൽ ഏതൊരു പാന്ഥനും അതിലൂടെ യാത്ര ചെയ്യാൻ ഇഷ്ടപ്പെടുമെങ്കിൽ സാർവ്വത്രിക കാതൊലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനെപ്പററി നാം ചെ യ്ത ആലോചനകളും പരിശ്രമങ്ങളും ആക്ഷേപാർഹമെ ന്ന നിങ്ങളിലാരും വിധിക്കമെന്ന നമുക്ക തോന്നുന്നില്ല. ക്രിസ്തുവിന്റെ ആദർശത്തെ പ്രമാണിക്കുകയെന്നതാണ ഒരു ക്രിസ്ത്യാനിയുടെ ധർമ്മമെങ്കിൽ, അതിന്ന പ്രതിബ ന്ധമായി കാണപ്പെടുന്ന സർവ്വത്തെയും അവഗണിച്ച പ്ര വർത്തിപ്പാൻ അവന്ന കടമയുണ്ട. ഓരോരുത്തരുടെ അ ഭിരുചിക്കും അഭിപ്രായത്തിന്നും എന്നുതന്നെയല്ലാ, ദുരഭി മാനത്തിന്നും ക്രിസ്തുമതം വിധേയമായിരുന്നുകൂടാത്തത ത്രേ. ഇതിനെ കാര്യമായി ഗൌനിക്കുന്നവരാണ ക്രി സ്ത്യാനികളെങ്കിൽ ക്രിസ്തുമതത്തിൽ ഇത്രയധികം ശാഖ കളൊ വിഭാഗങ്ങളൊ ഉണ്ടാകുവാൻ ഇടയുള്ളതല്ല. പൂർ വ്വാപരവിരുദ്ധങ്ങളായ ധർമ്മോപദേശങ്ങൾ ക്രിസ്തു ചെ യ്തിട്ടില്ലാത്ത സ്ഥിതിക്ക ഒന്നിൽനിന്ന പലതായി പൊ ട്ടിത്തെറിച്ചിട്ടുള്ള ഓരൊ വിഭാഗത്തിന്റെയും മലിനമാ യ അസ്തിവാരം നമുക്ക കാണാൻ കഴിയുന്നതായിരിക്കും.

ക്രൈസ്തവ സഭയുടെ സാക്ഷാൽ ഉടൽ സാർവത്രിക സഭയാണെന്നുള്ളതു നിർവ്വിവാദമത്രെ. സാക്ഷാൽ തായ് തടിയിൽനിന്നു ഛേദിക്കപ്പെടുന്ന ഏതൊരു ശാഖയ്ക്കും ജീവശ്ശക്തി ലഭിക്കാകാവുന്നതല്ല. ഈ സാമാന്യ തത്വം ക്രൈസ്തവ സഭയിലെന്നതുപോലെ മറ്റെവിടെയും കാണുന്നുണ്ടോ എന്നു സംശയം. അജ്ഞതകൊണ്ടോ, ദുരഭിമാനപ്രസക്തിയാലൊ, അതല്ലെങ്കിൽ ദുസ്വാതന്ത്ര്യാകാംക്ഷ നിമിത്തമൊ മാത്രം സാർവ്വത്രിക സഭയിൽനിന്നു ഇതരക്രിസ്ത്യാനികൾ അകന്നു നില്ക്കുന്നുവെന്നേ നാം വിചാരിക്കേണ്ടുള്ളു. ഈ വിധത്തിൽ ക്രൈസ്തവ സഭയുടെ അനൈക്യത്തെക്കുറിച്ച് നാം ദുഃഖിക്കേണ്ടതാണെന്നു നാം തുറന്നു പറയട്ടെ. അതിന്റെ ഫലമത്രേ സാർവത്രിക സഭയുമായുള്ള പുനരൈക്യാലോചനയെന്നു പറയാം. നമ്മെപ്പോലെ യാക്കോബായ സഭയിൽ ജനിച്ചു വളൎന്നവരാണെങ്കിലും വേറെ ചിലൎക്കും, ഇതുപോലൊരു ഉൽബോധനം ഉണ്ടായിട്ടുള്ളതായി നിങ്ങളിൽ ചിലരെങ്കിലും അറിഞ്ഞിരിക്കാം. നിര്യാതനായിപ്പോയ രണ്ടാമത്തെ കാതോലിക്കോസിന്നു ഈ വിഷയത്തിലുള്ള ആകാംക്ഷയും അക്ഷമതയും എത്രമാത്രമായിരുന്നുവെന്നു നമുക്കു നല്ലപോലെ അറിവുണ്ട്. ഇപ്പോഴത്തെ കാതോലിക്കോസും ഇതൊന്നു മാത്രമേ സൈ്വരമായ ക്രിസ്തീയ ജീവിതത്തിന്നു നിദാനമായിട്ടുള്ളുവെന്നു ബോദ്ധ്യം വന്നിട്ടുള്ള ദേഹമത്രേ. ഞങ്ങൾ മൂവരുടേയും ആലോചനകളുടെ ഫലമായി ഇതു സംബന്ധിച്ച് പല കത്തെഴുത്തുകളും നടക്കുകയുണ്ടായിട്ടുണ്ട്. ദൈവത്തിന്നെത്രയോ പ്രസാദകരമായിരിക്കാവുന്ന ഈ പ്രസ്ഥാനത്തെ മലങ്കര മെത്രാപ്പോലീത്തായും

അനുകരിക്കുമെന്നുള്ള പ്രതീക്ഷയിന്മേൽത്തന്നേ ഞങ്ങൾ എഴുത്തുകുത്തുകൾ ആരംഭിച്ചു. മാർപാപ്പാ തിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും, സാർവത്രിക സഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേക വിഭാഗമായി കഴിഞ്ഞു കൂടുവാനും, ഞങ്ങൾക്കോരോരുത്തർക്കുമുള്ള വൈദിക സ്ഥാനങ്ങളെ യഥാപ്രകാരത്തിൽ വകവെപ്പാനും, ഇതുപര്യന്തം ഉപയോഗിച്ചു വന്നിട്ടുള്ള ആരാധനാ രീതികളും മതകർമ്മങ്ങളും മേലാലും നടത്തിക്കൊണ്ടു പോകാനുമുള്ള അനുമതിയാണ് ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തു വന്നതു. എഴുത്തുകുത്തുകൾ നടത്തി വന്നിട്ടുള്ളതു നാം ആണെങ്കിലും അതു ഒരു പ്രതിപുരുഷനെന്നുള്ള നിലയിൽ മാത്രമായിരുന്നുവെന്നും, ഞങ്ങൾ എല്ലാവരും ചേൎന്നു നടത്തിയ ആലോചനകളുടെ ഫലമാണ് നമ്മുടെ കത്തുകൾ എന്നുമുള്ളതിനു അവയ്ക്കോരോന്നിനും ലഭിച്ചതായി നമ്മുടെ കൈവശമുള്ള മറുവടിക്കത്തുകൾ തന്നെ ആധാരങ്ങളാണ്. കാതോലിക്കാ പുനരൈക്യം സംബന്ധിച്ചു ഇതിനു മുമ്പു മലങ്കര യാക്കോബായ സഭയിലെ ആത്മീയാദ്ധ്യക്ഷന്മാരിൽ ചിലർ ശ്രമം ചെയ്കയുണ്ടായിട്ടുണ്ടെന്നുള്ളതു ഈ ഘട്ടത്തിൽ സ്മരണീയമത്രേ. ഇവരിൽ ചിലരുടെ പേരുകൾ ഉദ്ധരിക്കുന്നതു ഇവിടെ അസംഗതമായിരിക്കുകയില്ല. 1909-ൽ നിര്യാതനായ പുലിക്കോട്ടു മാർ യൌസേഫ് ദീവന്നാസ്യോസ്, അദ്ദേഹത്തിനു പത്തു മുപ്പതു കൊല്ലത്തിനു മുമ്പ് മലങ്കര മെത്രാപ്പോലീത്തായായിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസ്, 1770-ൽ വലിയ മാർ ദീവന്നാസ്യോസ് എന്ന അപരാഭിധാനത്തിൽ വാണിരുന്ന 6-ാം മാർ തോ

മ, അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന 5-ാം മാർ തോമ ആദിയായി പലരും ഈ വിഷയത്തിൽ യഥാമതി യത്നം ചെയ്തിട്ടുള്ളതായി മലങ്കര യാക്കോബായ സഭാചരിത്രം വിശദപ്പെടുത്തുന്നുണ്ടല്ലോ. ഏവംവിധമായ അവരുടെ പരിശ്രമം ആദരണീയവും സ്തുത്യർഹവുമാണെന്ന പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക, ഞങ്ങളുടെ പുനരൈക്യാലോചനകളുടെ ഉദ്ദേശവും അതിന്റെ പരിശുദ്ധിയും താനേ ബോധ്യപ്പെടാതിരിക്കുന്നതല്ലെന്നു ഞങ്ങൾക്ക വിശ്വാസമുണ്ട.

യാക്കോബായസഭയ്ക്കും റോമൻകത്തോലിക്കാ സഭയ്ക്കും തമ്മിൽ അന്തർല്ലീനമായ ഒരു ബന്ധമുണ്ടെന്നുള്ള വാസ്തവം നിങ്ങൾ ഗ്രഹിച്ചിരിക്കാം. ഇരുസഭകളിലുമുള്ള വൈദികാദ്ധ്യക്ഷന്മാരുടെ സ്ഥാനസാധുതത്വത്തെ ഇരുഷർഭേദം കൂടാതെ അന്യോന്യം വകവെക്കുന്നുണ്ടെന്നും ഇരുകൂട്ടരും മതകർമ്മങ്ങൾക്ക പരസ്പരം മാററു കല്പിക്കുന്നുണ്ടെന്നും നിങ്ങൾക്ക അറിവുള്ളതാണല്ലോ. അഞ്ചാം ശതകത്തിൽ യാക്കോബായക്കാർ കത്തോലിക്കസഭയിൽനിന്ന പിരിഞ്ഞുപോകയാൽ അവർ ശീശ്മക്കാരായിത്തീർന്നിരിക്കുന്നതു നിമിത്തം അവർക്ക കത്തോലിക്ക സഭയുമായി സംസർഗ്ഗം ഇല്ലാതിരിക്കുന്നു. ഈദൃശമായ ദുസ്ഥിതി ഭേദപ്പെട്ട് യാക്കോബായക്കാരും ഓർത്തോഡക്സ്കാരും ഗ്രീക്കുകാരും അർമ്മേനിയൻകാരും മററും ഒന്നായി കാതോലിക്കാ സഭയുമായി യോജിച്ചു പൊതുവായ ഒരു അദ്ധ്യക്ഷനെ സ്വീകരിക്കുകയും, "ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും" എന്നുള്ള വേദോക്തി പ്രായോഗികമായിത്തീരുകയും ചെയ്യത്തക്കവണ്ണമുള്ള ഒരു സൌഭാഗ്യാവസ്ഥ ക്രൈ

സ്തവലോകത്തിന്നുണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിച്ചിട്ടുണ്ട്; ആഗ്രഹിക്കുന്നുമുണ്ട്. അതിനാൽ തന്നേയാണ്, സിറിയാ രാജ്യത്തു ബെയ്റൂട്ടിൽ താമസിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് റഹമാനി പാത്രിയർക്കീസുമായി ഞങ്ങൾ കത്തെടപാടുകൾ നടത്തിവരികയുണ്ടായിട്ടുള്ളത്. ഇദ്ദേഹം കാതോലിക്കാ സഭയിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നു പറയേണ്ടതില്ലല്ലോ.

പുനരൈക്യം സംബന്ധിച്ചു പ്രത്യേകം ചില കാര്യങ്ങൾ യാക്കോബക്കാരായി ഇവിടെ സന്നിഹിതരായിട്ടുള്ള സുഹൃജ്ജനങ്ങൾ ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്നു നാം ആഗ്രഹിക്കുന്നു. യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ താഴെ പറയുന്ന ഒരു വാചകം ഉണ്ട്. "ലോകത്തിന്റെ നാലു ഭാഗങ്ങളിലുമായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടേയും തലവനും നേതാവും ('നേതാവായ തലവൻ' എന്നു പാഠഭേദമുണ്ടു) റോമിലെ പാത്രിയർക്കീസായിരിക്കണം." അലക്സന്ത്രിയായിലെ (Alexandria) പാത്രിയർക്കീസും കസ്തന്തീനോസ് പോലീസിലെ (Constantinople) പാത്രിയർക്കീസും അന്ത്യോഖ്യായിലെ (Antioch) പാത്രിയർക്കീസും റോമിലെ പാത്രിയർക്കീസിനെ അഥവാ മാർ പാപ്പായെ തങ്ങളുടെ നേതാവും തലവനുമായി അംഗീകരിക്കേണ്ടതാണെന്നും ഈ ഭാഗത്തു വ്യക്തപ്പെടുത്തുന്നുണ്ടു. യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം പരിശോധിക്കുന്ന പക്ഷം റോമിലെ പാത്രിയർക്കീസായ മാർ പാപ്പാ വിശുദ്ധനായ പത്രോസിന്റെ യഥാർത്ഥ അനന്തരഗാമിയാണെന്നും, വിശുദ്ധ പത്രോസ് റോമിൽ വെച്ചു മരിച്ചുവെന്നും സാക്ഷീകരിക്കുന്നു. ഇവയ്ക്കു പുറമേ, ഭൂമിയുടെ നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭയെ ഭരിക്കുന്നവരാം

യ സർവ്വ മേല്പട്ടക്കാൎക്കുംവേണ്ടി യാക്കോബായ സഭയിൽ വിശുദ്ധ കുൎബ്ബാനമദ്ധ്യേ കഴിക്കപ്പെടുന്ന പ്രാൎത്ഥനയെ ഗൌനിക്കുന്ന പക്ഷവും പ്രസ്തുത നാലു പാത്രിയക്കീസന്മാൎക്കും സത്യവിശ്വാസികളായ സകല മേല്പട്ടക്കാൎക്കും തമ്മിൽ പരസ്പരം ഉള്ള ഐക്യം വിശദമാകുന്നതുമുണ്ട്.

ഈ പറഞ്ഞതിൽനിന്നു കാതോലിക്കോസോ ബഥനി മെത്രാപ്പോലീത്തായായ നാമോ കാതോലിക്കാ പുനരൈക്യം സംബന്ധിച്ചു ആലോചിക്കുകയും പ്രവൃത്തിക്കുകയും ചെയ്തിട്ടുള്ളതു യാക്കോബായക്കാരുടെ ദൃഷ്ടിയിൽ കുററകരമായിരിപ്പാൻ ഇടയുള്ളതല്ലല്ലോ.

മറെറാരു സംഗതികൂടി പ്രസ്താവിച്ചുകൊണ്ടു സുദീൎഘമായ നമ്മുടെ പ്രസംഗത്തെ നാം അവസാനിപ്പിച്ചുകൊള്ളാം. ബഥനി സ്വത്തുക്കൾ യാക്കോബായ സഭയ്ക്കാവട്ടെ, റോമൻ കതോലിക്കാ സഭയ്ക്കാവട്ടേ, കാതോലിക്കോസ്സിന്നാവട്ടെ നാം ഒരുനാളും അധീനമാക്കിക്കൊടുക്കുന്നതല്ലെന്നു നിങ്ങൾ ഗ്രഹിച്ചിരിക്കണം. ബഥനിയെ നാം സ്വതന്ത്രമായി സ്ഥാപിച്ചു. അവ്വണ്ണം അതു എന്നെന്നും സ്വതന്ത്രമായിത്തന്നേ നിന്നുകൊണ്ടു അതിന്റെ സ്ഥാപനോദ്ദേശത്തിന്നനുസരണമായ പരോപകാര പ്രവൃത്തികൾ ചെയ്യുന്നതിന്നുവേണ്ണം ബഥനി സ്വത്തുക്കൾ വിനിയോഗിക്കപ്പെടണമെന്നു മാത്രമാണ് നമുക്കു ഇപ്പോഴുമുള്ള അഭിലാഷം. നാം ബഥനിയുടെ സ്ഥാപകനാണെന്നു വരികിലും പല വിധത്തിൽ അതിനെ സഹായിച്ചിട്ടുള്ള നിങ്ങളുമായി ആലോചിച്ചു ഇതു സംബന്ധമായി പ്രവൎത്തിക്കണമെന്നു ഉദ്ദേശിച്ചത്രെ നിങ്ങളെ നാം ഇവിടെ ക്ഷണിച്ചു വരുത്തീട്ടുള്ളതു. ഇതു സംബന്ധിച്ചു ഉച്ച കഴിഞ്ഞുള്ള യോഗത്തിൽ കൂടുതലായി പ്രസ്താവിച്ചുകൊള്ളുന്നതാണ്.

# ബഥനിയോഗം.

II

പ്രസ്തുതദിവസം (1105 കുംഭമാസം 9-ാംനു-) ഉച്ചകഴിഞ്ഞു 3 മണിക്കു വീണ്ടും യോഗം ബഥനിസ്ഥാപകൻ മാർ ഈവാനിയോസ്സ് മെത്രാപ്പൊലീത്ത തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടപ്പെട്ടു. നി. വ. ദി. ശ്രീ. ബഥനിയുടെ മാർ തിയോഫിലോസ് എപ്പിസ്കോപ്പാ തിരുമേനിയും ബഥന്യാശ്രമാംഗങ്ങളും, കൂടാതെ, മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ള പലരും ഈ യോഗത്തിലും ഹാജരുണ്ടായിരുന്നു. യോഗം വിളിച്ചു കൂടിയ കല്പനയിലെ താല്പര്യപ്രകാരമുള്ള സംഗതികൾ സമ്മതിച്ച് യോഗാംഗങ്ങളായ പലരുടേയും എഴുത്തുകൾ വന്നിരുന്നതു യോഗമുമ്പാകെ സമർപ്പിച്ചു. മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവർക്കോരോരുത്തർക്കുമായി അയയ്ക്കപ്പെട്ടതും, പത്രദ്വാരാ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നതുമായ ക്ഷണക്കല്പന ആദ്യമായി വായിക്കുകയും, അനന്തരം അദ്ധ്യക്ഷൻ താഴെ കാണുന്ന പ്രസംഗം ചെയ്കയും ചെയ്തു.

* * * * * * * *

സ്നേഹഭാജനങ്ങളെ, ബഥനിയും ബഥന്യാശ്രമവും മററു ധർമ്മസ്ഥാപനങ്ങളും സ്ഥാപിക്കണമെന്നു നാം ആലോചിക്കയും നിശ്ചയിക്കയും ചെയ്തതു സെറാംപൂർ കോളേജിൽ പ്രഫസരായിരുന്ന കാലത്തായിരുന്നു, ഇതു ദൈവനടത്തിപ്പനുസരിച്ചുണ്ടായ ഒരു പ്രവൃത്തിയെന്നാണു ഇ

ന്നം നാം വിശ്വസിക്കുന്നത്. എം. ഡി. സിമ്മനാരിയുടെ പ്രിൻസിപ്പാൾ ഉദ്യോഗം ഉപേക്ഷിച്ചും വച്ച് നാം നാടുവിട്ടുപോയതു് ആ ഉദ്ദേശാർത്ഥമായിരുന്നില്ല. മലങ്കരയാക്കോബായ സഭയുടെ നാനാമുഖമായ അഭിവൃദ്ധി, നാനാമുഖമായ പട്ടക്കാരുടെ വിദ്യാഭ്യാസാദിവൃദ്ധിയാണെന്നു നാം വിചാരിച്ചു. ഇവിടെ ഇപ്പോൾ നമ്മുടെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരൻ മാർ തീയോഫീലോസ് എപ്പിസ്കോപ്പാ അന്നു നമ്മോടു കൂടെ സെറാമ്പൂക്ക് പോന്നിരുന്നു. നാം അവിടെ പ്രഫസ്സർ ഉദ്യോഗം വഹിച്ചിരുന്ന കാലത്തു നാട്ടിൽനിന്നു പലരേയും കൊണ്ടുപോയി പഠിപ്പിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ അന്നും നാം തന്നെത്താൻ കണക്കെഴുതുക പതിവില്ലായിരുന്നു. ശമ്പളമായും മററും കിട്ടിവന്ന പണം വൈദികവിദ്യാർത്ഥികളായി നമ്മോടൊന്നിച്ചു താമസിച്ചുവന്ന ശെമ്മാശ്ശന്മാരെ ഭരമേല്പിച്ചു. ആത്മപ്രശംസയായി പറഞ്ഞുവെന്നു നിങ്ങളാരും തെററിദ്ധരിക്കയില്ലല്ലോ. ശെമ്മാശ്ശന്മാരിൽ പലരും ഉൽകൃഷ്ടബിരുദധാരികളായിത്തീരുന്നതു കണ്ടപ്പോൾ നമുക്കു വളരെ സന്തോഷം തോന്നി. അവരെ എന്തിനായി ഉപയോഗപ്പെടുത്തണമെന്നായിത്തീന്നു തൽസംബന്ധമുണ്ടായ നമ്മുടെ ആലോചന. നാട്ടിൽ വന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തുകയെന്ന കാര്യത്തിൽ നമുക്കപ്പോൾ വേണ്ടുന്നത്ര തൃപ്തി തോന്നിയില്ല. സുവിശേഷപ്രചരണാർത്ഥം എല്ലാവരും കൂടി മിഷ്യനറിമാരായി അങ്ങിറങ്ങിയാലോ എന്നു നമുക്കു തോന്നി. പിന്നീടുണ്ടായ ആലോചനകളുടെയും പ്രാർത്ഥനകളുടെയും ഫലമായി നാം നിശ്ചയിച്ചതു ലോകത്തോടുള്ള സ

ർവ്വവിധ ബന്ധങ്ങളേയും കൈവെടിഞ്ഞു ദൈവത്തെ ധനവും സമ്പാദ്യവുമായി കരുതിയിറങ്ങുന്ന സന്യാസപരമായ ജീവിതമായിരിക്കും അത്യുത്തമം എന്നത്രെ. ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും മററുള്ളവൎക്കു നന്മ ചെയ്യുന്നതിനും ഇതു് ഏററവും സൌകൎയ്യപ്രദവും ശ്രേഷ്ഠവുമായ മാൎഗ്ഗമെന്നത്രെ നമ്മുടെ ബോധ്യം. അതിനാണു് നമ്മുടെ വൈദികവിദ്യാൎത്ഥികളിൽ മനസ്സും വിളിയുമുള്ളവർ പുറപ്പെടേണ്ടതെന്നു ഉപദേശിക്ക മാത്രം ചെയ്യാതെ നാം തന്നെ അതിലേക്കു മുന്നിട്ടിറങ്ങി മാതൃക കാണിക്കണമെന്നു നാം നിശ്ചയിച്ചു. അതനുസരിച്ചു കേവലം ശൈശവാവസ്ഥയിലുള്ള ഒരാശ്രമം മനസ്സിൽ സങ്കല്പിച്ചുകൊണ്ടു സെറാംപൂരിൽവച്ചു തന്നെ ഞങ്ങൾ പലയാളുകൾ കൂടി ജീവിക്കാൻ തുടങ്ങി. എങ്ങോട്ടു പോയി എന്തു ചെയ്കയാണു വേണ്ടതെന്നു ചിന്തിക്കാൻ ആരംഭിച്ചു. പഞ്ചാബു രാജ്യത്തിൽ ഒരിടത്തു ചെന്നു് അവിടെയുള്ള പാവപ്പെട്ടവരുടെ ഇടയിൽ താമസിച്ചു, സുവിശേഷപ്രചരണം നടത്തി സന്യാസിമാരായി ജീവിക്കാമെന്നു നാം ആലോചിച്ചു. ഈ കാൎയ്യം സന്ദൎഭവശാൽ മി: ഇ. ജെ. ജോൺ വക്കീലിനെ കത്തു മുഖേന ഗ്രഹിപ്പിച്ചിരുന്നു. പഞ്ചാബിലേക്കു പോവുകയെന്നതിൽ അദ്ദേഹം സംതൃപ്തനായി കണ്ടില്ല. ഈ നാട്ടിലേക്കു വന്നു് ആവശ്യമെങ്കിൽ വിജനമായ എവിടെയെങ്കിലുമൊരിടത്തു താമസിക്കുന്നതാണു് ആവശ്യമെന്നും, അതിലേക്കു പെരുനാട്ടിലുള്ള അദ്ദേഹത്തിൻെറ സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണെന്നും നമ്മെ അറിയിച്ചു. അങ്ങനെ തന്നെയെന്നു നാം മറുപടിയും കൊടുക്കുകയുണ്ടായി. ആയിടെ നാം നാട്ടി

ലെത്തിയപ്പോൾ മി. ജോൺ നിൎദ്ദേശിച്ച സ്ഥലം കാണു
കയും, അതിനു സമീപത്തായി അതിനോടു ചേൎന്നു കുറേ
സ്ഥലം കൂടി വാങ്ങിക്കണമെന്നു നാം നിശ്ചയിക്കയും ചെ
യ്തു. ഇതിനു പണമെവിടെ? മനസ്സുകൊണ്ടു കണ്ട പല
മാൎഗ്ഗങ്ങളും തടസ്സപ്പെട്ടുപോയി. പരിചിതരായ യൂറോ
പ്യന്മാരോടു പറഞ്ഞാൽ അതിനേതും വിഷമമില്ലെന്നു ന
മുക്കറിയാമായിരുന്നു. പക്ഷെ, അക്കാൎയ്യത്തിൽ കടപ്പെടുവാൻ
നമുക്കു സന്തോഷം തോന്നിയില്ല. ഒടുവിൽ എന്തുപറയേ
ണ്ടു; നമ്മുടെ അപ്പന്റെ പക്കൽ നിന്നും പണം വാങ്ങി
ക്കൊണ്ടു് നാം നമ്മുടെ അഭിലാഷത്തെ നിറവേറ്റി. ഇ
പ്പോൾ നിങ്ങളേവരും കാണുന്നതും ബഥന്യാശ്രമവും അ
തിനോടുചേൎന്ന കെട്ടിടങ്ങളും സ്ഥിതിചെയ്യുന്നതുമായ ഈ
ബഥനിഗിരി മേല്പറഞ്ഞ പലേ മാൎഗ്ഗത്തിൽ നമുക്കു ലഭി
ച്ചിട്ടുള്ളതാണു്. തദനന്തരം പല സുഹൃത്തുക്കളിൽനി
ന്നും പണമായും സ്ഥലമായും മററു പല സംഭാവനകളും
നമുക്കു ലഭിച്ചിട്ടുണ്ടു്.

നാം സെറാംപൂരിൽ പോയതു് അബ്ദള്ളാ പാത്രിയ
ൎക്കീസുബാവാ തിരുമനസ്സിലെ വരവുസംബന്ധിച്ചു മലങ്ക
ര യാക്കോബായ സഭ വഴക്കിലും വ്യവഹാരത്തിലും പെ
ട്ടു വലഞ്ഞിരുന്ന ഒരു കാലത്തായിരുന്നുവെന്നു നിങ്ങളിൽ
പലരും ഓൎക്കുമല്ലോ. എവിടെയും വ്യവഹാരവും കല
ഹവുമേ കാണപ്പെട്ടിരുന്നുള്ളു. കഴിഞ്ഞ പല തലമുറ
കളായി മലങ്കര യാക്കോബായ സുറിയാനിസഭ വഴക്കി
ലും വ്യവഹാരത്തിലുമാണു കഴിഞ്ഞുകൂടിയിട്ടുള്ളതെന്നും
ഇപ്പോഴും ആ സ്ഥിതിയിൽ കിടക്കുന്നുവെന്നും അതു ഭേദ
പ്പെടുവാൻ ഭാവികാലത്തും എളുപ്പമില്ലെന്നും നമുക്കു തോ

ന്നി. അതിനാൽ സാമുദായികമായ ഏതുതരം വഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാതിരിക്കത്തക്കവണ്ണവും അവയുടെ ഫലങ്ങൾ ബാധിക്കാതിരിക്കത്തക്കവിധത്തിലും ആശ്രമം സ്ഥാപിക്കണമെന്നും ആശ്രമത്തിനും തൽസംബന്ധമായ സ്ഥാപനങ്ങൾക്കും ബഥനി എന്ന് നാമകരണം ചെയ്യണമെന്നും നാം സെറാംപൂർ വച്ച് പത്തുപതിന്നാലു സംവത്സരങ്ങൾക്കു മുമ്പേതന്നെ തീർച്ചപ്പെടുത്തി. ഇവ്വണ്ണം ബഥനി സ്വതന്ത്രമായിരുന്നില്ലെങ്കിൽ നിശ്ചയമായും നാനാപ്രകാരത്തിലുള്ള ഭേദങ്ങൾ അതിനുണ്ടായേക്കുമെന്ന് ആശ്രമവാസികൾ ഘോരമായ പലതും നമ്മെ പിൻതാങ്ങുകയും ചെയ്തു.

പെരുനാട്ടിലുള്ള മലമ്പ്രദേശം പത്തുനാനൂറേക്കർ വാങ്ങിച്ചുവെന്നതുകൊണ്ടു മാത്രം ബഥനി സ്ഥാപിക്കാൻ നിർവ്വാഹമില്ലല്ലൊ. അവിടെയുള്ള കാടു വെട്ടിത്തെളിച്ചു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും നിത്യച്ചെലവു നടന്നുപോകുവാൻ തക്കവണ്ണം എന്തെങ്കിലും കൃഷി ചെയ്യുന്നതും അത്യാവശ്യം തന്നെ. കൈവശമുണ്ടായിരുന്ന പണം കൊണ്ടു മാത്രം ഇതു സാധിക്കാമായിരുന്നില്ല. അതിനാൽ കൽക്കട്ടായിലുള്ള ഒരു സഹൃദയനായ യൂറോപ്യനിൽ നിന്ന് ചുരുങ്ങിയ പലിശയിന്മേൽ ൭൦൦൦ രൂപാ കടം വാങ്ങിച്ചു. ഇതിനെ പററി അക്കാലത്തു മി: ജോൺ വക്കീലിനെ നാം ഗ്രഹിപ്പിച്ചിരുന്നതാണ്. തൽസംബന്ധമായി പ്രമാണം കൊടുക്കുമ്പോൾ അദ്ദേഹം സംഭാവന ചെയ്തിട്ടുള്ള ൻറേക്കർ സ്ഥലം പണയപ്പെടുത്താമെന്ന് അദ്ദേഹം നമ്മെ അറിയിച്ചു. എങ്കിലും മറെറാരാൾ നൽകിയ സ്ഥലം പണയപ്പെടുത്താതെ പിതൃദാനം കൊണ്ടു

വാങ്ങിയ സ്ഥലത്തിൽ ഏതാനും ഭാഗം പണയപ്പെടുത്തു കയാണു നാം ചെയ്തതു്. ഇന്നും ആ പഴയ കടം അങ്ങ നെ തന്നെ കിടക്കുകയാണു്. വേറെയും ചില കടങ്ങൾ വന്നുകൂടിയിട്ടുണ്ടു്.

ഈ വിധത്തിൽ ആവശ്യപ്പെട്ട കെട്ടിടങ്ങൾ ഉണ്ടാ ക്കിത്തീൎന്നതോടുകൂടി ആശ്രമം സ്ഥാപിക്കപ്പെട്ടുവെന്നു പറയാം. കൃഷിസംബന്ധമായ ശ്രമങ്ങൾ സഫലമായി ല്ല. ആശ്രമസ്ഥന്മാരുടെ ഉപജീവനമാൎഗ്ഗം മററു വിധ ത്തിൽ തേടേണ്ടതായി വന്നുകൂടി. മാത്രമല്ലാ, അനാഥ ശാല, ആസ്പത്രി, കൃഷി മുതലായവയുടെ നടത്തിപ്പിനു കൈവശമുണ്ടായിരുന്ന പണവും ചെലവായിക്കഴിഞ്ഞു. അപ്പോഴാണു് നാം പണപ്പിരിവിനു പുറപ്പെട്ടതു്. പല ടങ്ങളിലും സഞ്ചരിച്ചു ജനങ്ങളിൽ നിന്നും ജാതിമതഭേദം കൂടാതെ അനേക സുഹൃത്തുക്കളിൽനിന്നുമായി നാം പ ണം പിരിച്ചുണ്ടാക്കിയതു ബധനി സംബന്ധമായ ആവ ശ്യത്തിനായിരുന്നുവെന്നു് അക്കാലത്തുതന്നെ നിങ്ങളെ ഗ്ര ഹിപ്പിച്ചിട്ടുള്ളതാണല്ലോ. ആകസ്മികമായി നമുക്കെന്തെ ങ്കിലും പിണയുന്നതായാൽ ബധനിയേ ഉദ്ദേശിച്ചു വാങ്ങി യതും സൌജന്യം ചെയ്യപ്പെട്ടതുമായ സ്ഥലവും അവിടെ യുണ്ടാക്കിയ കെട്ടിടങ്ങളും മേലാലുള്ള സൎവ്വ സമ്പാദ്യങ്ങ ളും സ്ഥാപനങ്ങളും നമ്മുടെ വീട്ടുകാരുടേതായോ മററൊ തീരാതെ നമ്മുടെ ഉദ്ദേശം നിൎവിഘ്നം സാധിച്ചുപോരേ ണ്ടതിനായി നമ്മുടെ പേരിലുള്ള സ്വത്തുക്കളെല്ലാം നമ്മു ടെ കാലശേഷം ആശ്രമസ്ഥരായ ഇന്നിന്നാൎക്കെല്ലാം ഇരി ക്കേണ്ടതാണെന്നു നാം ഒരു വിൽപത്രം എഴുതി റജിസ്റ്റർ ആക്കി.

അതിന്റെ ശേഷം മാത്രമെ മററുള്ളവരിൽ നിന്നു പണം പിരിക്കാൻ നാം പുറപ്പെട്ടുള്ളു. ഇതുവരെയും ഭേദഗതി ചെയ്യാതെ കിടക്കുന്ന ആ മരണശാസനത്തെക്കുറിച്ച് ഇവിടെ നിങ്ങളിൽ പലരും ഒരു പക്ഷെ അറിഞ്ഞിട്ടില്ലായിരിക്കാം. പല സ്ഥലങ്ങളിലും നാം പണപ്പിരിവു നടത്തിക്കൊണ്ടു സഞ്ചരിച്ചിട്ടുണ്ട്. കാൎയ്യഗൌരവം വിചാരിച്ചും ദൈവം നമുക്കു തന്ന ശ്രേഷ്ഠമായ ആദൎശത്തോടുള്ള അനുകമ്പയേ പ്രദൎശിപ്പിച്ചുംകൊണ്ടു മാന്യ സ്നേഹിതരായ നിങ്ങളും പരിചിതരും അപരിചിതരുമായ മററനേകം സുഹൃത്തുക്കളും നമ്മെ അന്നു പ്രോത്സാഹിപ്പിച്ചതിനെ നാം ഇപ്പോഴും കൃതജ്ഞതാപൂൎവ്വം സ്മരിക്കുന്നു. മലങ്കര യാക്കോബായ സുറിയാനിക്കാർ, റോമൻകത്തോലിക്കർ, ആംഗ്ലിയാക്കാർ, മാൎത്തോമ്മാക്കാർ, ഹിന്ദുക്കൾ, മഹമ്മദീയർ ആദിയായ അനേകമാളുകളും ബഥനിയുടെ മൂലധനത്തിലേക്കും നിത്യച്ചെലവിലേക്കുമായി പല സഹായങ്ങൾ ചെയ്തിട്ടുള്ള ആത്മാൎത്ഥബന്ധുക്കളത്രെ. ആ വകയിൽ എത്ര പണമാണു നമുക്കു കിട്ടിയതെന്നും എന്തിനെല്ലാം അതിൽനിന്നു വ്യയം ചെയ്തുവെന്നും ഇപ്പോൾ ആ വകയിൽ എത്ര ബാക്കിയുണ്ടെന്നും നിങ്ങളുടെ മുമ്പിലിരിക്കുന്ന ഈ കണക്കുപുസ്തകങ്ങൾ നോക്കിയാൽ ആൎക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു. ഓരോ വൎഷത്തേയും വരവുചെലവുകൾ പ്രത്യേകം ക്രോഡീകരിച്ചെഴുതപ്പെട്ട തിരട്ടും റിപ്പോൎട്ടും പിന്നാലെ വായിക്കുന്നതാണു. ഇക്കഴിഞ്ഞ അഞ്ചാറു സംവത്സരത്തിനുള്ളിൽ നാം നേരിട്ടു പണപ്പിരിവു നടത്തിക്കൊണ്ടു സഞ്ചരിക്കാറില്ലെന്നു നിങ്ങൾക്കറിയാമല്ലൊ; എന്നിട്ടും ബഥനിയുടെ

ത്താവശ്യങ്ങൾ നിർവിഘ്നം സാധിച്ചുപോകത്തക്കവണ്ണം ഉടയതമ്പുരാൻ ഇപ്പോഴും അതിനെ പ്രേമപൂർവ്വം സംരക്ഷിച്ചുവരികയാണ.

ബഥനി കേവലം സ്വതന്ത്രമായ ഒരു സ്ഥാപനമത്രെ. അതിൻെറ ആദർശാനുസാരമായ ആത്മീയവേലകൾ നിർവിഘ്നം നടന്നുപോകുന്നതിനു ഒരു മേല്പട്ടക്കാരൻ അത്യന്താപേക്ഷിതമായിത്തീൎന്നപ്പോൾ ദൈവകൃപയാൽ നാം എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു. അന്നു വട്ടിപ്പണക്കേസു തോററു കിടക്കുന്ന കാലമായിരുന്നു. മലങ്കര യാക്കോബായ സുറിയാനിസഭയുടെ ഭരണസംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം ആ ട്രസ്റ്റിൽ അകപ്പെടാതെയും അന്ത്യോഖ്യാ മേലധികാരത്തേയോ മററൊ സമ്മതിക്കുന്ന വിധത്തിൽ പതിവുള്ള പ്രകാരം ശൽമൂസോ ഉടമ്പടി എഴുതാതെയും, മലങ്കര യാക്കോബായ അസോസേഷ്യൻെറയോ പൊതുജനങ്ങളുടെയോ തിരഞ്ഞെടുപ്പുമൂലം മലങ്കര യാക്കോബായ സുറിയാനിസഭയുമായി നിയമദൃഷ്ട്യാ ബന്ധപ്പെടാതെയും നാം ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടുകയും അനന്തരകാലത്തിൽ ബഥനിയുടെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടുകയും ബഥന്യാശ്രമസ്ഥനായ യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടുകയും ചെയ്തതു ദൈവത്തിൻെറ കാരുണ്യാതിരേകത്താലാണെന്നു മാത്രമേ നമുക്കു പറയാനുള്ളു.

ബഥനിയുടെ മൂലധനത്തിലേക്കു നൂറും അതിലധികവും തുപ്പാ സംഭാവന ചെയ്തിട്ടുള്ള നിങ്ങളെ ഏവരേയും ജൂബിലെ വച്ചു ഒരുമിച്ചു കാണാനിടയായതിൽ നമു

ക്കും ബഹുമാനപ്പെട്ട ഈ കൊച്ചുമെത്രാച്ചനും ആശ്രമ സ്ഥന്മാരെല്ലാവക്കും അനിവ്വചനീയമായ സന്തോഷമുണ്ട്. പലരിൽ നിന്നും പണം പിരിച്ച് ബഥനിയുടെ സ്ഥാപനോദ്ദേശ്യത്തിനനുയോജ്യമല്ലാത്ത ഏതോ ചില പുതിയ പ്രസ്ഥാനങ്ങളിൽ നാം തനിച്ചോ,ആശ്രമസ്ഥന്മാരെല്ലാവരും കൂടിയോ പ്രവേശിക്കാൻ പോകുന്നുവെന്നും അങ്ങനെയെങ്കിൽ അതു ബഥനിക്കായി സംഭാവന നൽകിയിട്ടുള്ളവരേ ചതിക്കയായിരിക്കുമെന്നും. മററും പലടത്തും വിവിധങ്ങളായ പ്രസ്താവനകൾ പരന്നിരിക്കുന്നതായി കേൾക്കുവാൻ നമുക്കിടയായി. ഇക്കാര്യത്തിൽ എത്രയും സത്യമായും പരിശുദ്ധമായും വത്തിക്കണമെന്നുതന്നെയാണു നാം മുമ്പേയും ഇപ്പോഴും തീച്ചപ്പെടുത്തിയിട്ടുള്ളതു. നിങ്ങൾ തന്നിട്ടുള്ള സംഭാവനകൾകൊണ്ടു സമ്പാദിച്ചിട്ടുള്ള സവ്വ സ്വത്തുക്കളും നിങ്ങളുടെ ഹിതംപോലെ വിനിയോഗിക്കാൻ തക്കവണ്ണം ഇപ്പോൾ ഇതാ നിങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്നു. ബഥനിസ്ഥാപനത്തിന്നനുയോജ്യമായ വിധം ഈ സ്വത്തുക്കളേ വിനിയോഗിക്കാൻ തക്കവണ്ണം ട്രസ്റ്റികളേയും ഭരണസമിതിയേയും നിമിക്കണമെന്നു നമുക്കഭിപ്രായമുണ്ടെങ്കിലും ആ അഭിപ്രായത്തെ നിങ്ങൾ സ്വീകരിക്കണമെന്നു നാം ലവലേശവും നിബ്ബന്ധിക്കുന്നില്ല. നിങ്ങൾ എന്തുതന്നെ നിശ്ചയിച്ചാലും ഈ വിഷയത്തിൽ നിങ്ങളുടെ നിശ്ചയമനുസരിച്ചു പ്രവത്തിക്കാൻ നാം പരിപൂണ്ണസന്നദ്ധനായിരിക്കയാണ്. സ്വത്തുക്കൾ നമ്മുടെ പേരിൽ സമ്പാദിക്കപ്പെട്ടവയാണെങ്കിലും നിങ്ങളുടെ ഹിതംപോലെ ആക്കെങ്കിലും ഉടമ്പടിയോ മററു രജിസ്റ്റർപ്രമാണമോ എഴുതികൊടുക്കാൻ നാം ഒരു

ങ്ങിയിരിക്കുന്നു. ഏതുവിധമുള്ള പ്രമാണവും നിങ്ങൾ എഴുതിക്കൊൾവിൻ. ഒപ്പിടുവാൻ നാം തയ്യാറാണു.

പലേടങ്ങളിലും സഞ്ചരിച്ചു പണം പിരിച്ചുവന്ന സംപ്രദായത്തെ നാം നിറുത്തൽ ചെയ്തതിന്റെ ശേഷം അഞ്ചാറു സംവത്സരക്കാലമായി ബഥനിയുടെ നിത്യച്ചെലവു നടന്നുപോകുന്നതു പ്രായേണ പിടിയരിപ്പിരിവിനാലും, കാണിക്കശേഖരത്താലുമാണെന്നു ഏവർക്കും അറിവുള്ളതാണല്ലൊ. ബഥനിയെ സംബന്ധിച്ചിടത്തോളം അവിടവിടെ കേൾക്കാൻ തുടങ്ങിയ പ്രസ്താവനകളുടെ ഫലമായി ഈ വക വരുമാനങ്ങളിൽ ഗണ്യമായ കുറവു നേരിട്ടിട്ടുണ്ടെങ്കിലും അതുകൊണ്ടു ശാരീരികമായ ക്ലേശങ്ങൾ അനുഭവിക്കുമാറു ആശ്രമസ്ഥന്മാർ ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഉപേക്ഷിക്കേണ്ടി വരുമെന്നല്ലാതെ അതിൽ ക്രൂരതലായ മറ്റൊരനർത്ഥം നേരിടാൻ ഇടയില്ലല്ലൊ എന്നു നാം സമാധാനിക്കുന്നു. ഇവയൊന്നിനും മനോബോദ്ധ്യത്തെ തിരസ്കരിപ്പിക്കാനോ ജീവിതാദർശത്തെ വ്യതിചലിപ്പിക്കാനോ കഴിവുള്ളതല്ലല്ലൊ.

ബഥനി ഏതൊരു മഹത്തായ ആദർശത്തെ ആജീവനാന്തം അവലംബിക്കുവാൻ ദൈവമുമ്പാകെ പ്രതിജ്ഞ ചെയ്തിരിക്കുന്നുവൊ അതിനു ഭംഗവും ഹാനിയും വരാതിരിക്കത്തക്കവണ്ണം ബഥനി സ്വത്തുക്കളെ സംരക്ഷിക്കയും ഐശ്വര്യപ്പെടുത്തുകയും ചെയ്യാനായി നിങ്ങളേവരും യഥേഷ്ടം ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നല്ലാതെ നമുക്കു ഇക്കാര്യത്തിൽ വിശേഷവിധിയായിട്ടൊന്നും ഇപ്പോൾ പറയുവാനില്ല. നിങ്ങളുടെ ഉത്തമ ബുദ്ധിപോലെ ആലോചിച്ചു എന്തെങ്കിലും നിശ്ചയിച്ചുകൊള്ളുവിൻ.

# റിപ്പോർട്ട്.

മാന്യരേ,

ഇവിടെ ഇന്നു ഉച്ചയ്ക്കു മുമ്പും, ഉച്ചകഴിഞ്ഞതിനു ശേഷം ഇപ്പോഴും, നാം പറഞ്ഞിട്ടുള്ള രണ്ടു പ്രസംഗങ്ങളിൽനിന്നു ബഥനിയുടെ ഏതൽക്കാലപര്യന്തമുള്ള ചരിത്രവും, അതിനോടുകൂടി പരോപകാരാർത്ഥം അതു ചെയ്തിട്ടുള്ള പരിശ്രമങ്ങളും ഏതേതു വിധത്തിലാണെന്നു സദസ്യരായ നിങ്ങൾക്കു സംക്ഷിപ്തമായിട്ടെങ്കിലും ഗ്രഹിപ്പാൻ കഴിഞ്ഞിട്ടുണ്ടെന്നു നാം വിശ്വസിക്കുന്നു. ബഥനി സ്ഥാപനങ്ങളെ പ്രത്യേകം ചില വകുപ്പുകളായി നാം വേർതിരിച്ചിരിക്കുന്നു. ബഥനി അനാഥശാലയും ബഥന്യാശ്രമവും തൽസംബന്ധമായ സ്ഥാപനങ്ങളും ഒരു വകുപ്പിലും, ബഥനി കന്യകാമഠവും കന്യാസ്ത്രീകളുടെ വക ഇതരസ്ഥാപനങ്ങളും മറെറാരു വകുപ്പിലും, ബഥനി ഭദ്രാസനയിടവകയും അതിനോടു ചേർന്നുള്ള പള്ളികളും വേറൊരു വകുപ്പിലും ഉൾപ്പെട്ടാണിരിക്കുന്നതു. ബഥനി അനാഥശാല മുതലായ ധർമ്മസ്ഥാപനങ്ങൾക്കായി ജാതിമതഭേദമെന്യേ പല സഹൃദയന്മാരിൽനിന്നും നിത്യച്ചെലവിലേക്കും മൂലധനത്തിലേക്കുമായി ലഭിച്ചിട്ടുള്ളതും, "ധർമ്മനിധിഫണ്ട്" എന്ന പേരിൽ കണക്കിൽ പെടുത്തിട്ടുള്ളതുമായ സംഖ്യ ആകെ എത്രയാണെന്നും അവയിൽനിന്നു എന്തു ചെലവായിട്ടുണ്ടെന്നും മററുമുള്ള വിവരങ്ങൾ ഉടനെ യോഗസമക്ഷം വായിക്കപ്പെടുന്ന കണക്കിൽനിന്നു ഏവർക്കും അറിയാവുന്നതാണു. ബഥനി ൨൦-ാംതിലെ

ആശ്രമസ്ഥകളായ സന്ന്യാസിനിമാരുടെ സ്വന്തം വകയായ പണത്തിന്റെ ആദായം കൊണ്ടു മാത്രം അവരുടെ നിത്യനിദാനച്ചെലവുകൾ നടന്നുപോകുന്നതിന്നു വിഷമം നേരിട്ടിരുന്ന കാലങ്ങളിൽ നിത്യച്ചെലവിനത്തിൽ ബെഥനിക്കായി ലഭിച്ചതിൽനിന്നു ചില്ലറയായ സാഹായ്യങ്ങൾ അവൎക്ക ചെയ്യുയുണ്ടായിട്ടുണ്ടെന്നു പ്രസ്തുത കണക്കിൽനിന്നു നിങ്ങൾക്കു കാണാവുന്നതായിരിക്കും. എന്നിരുന്നാലും, ബെഥനിയെ ഉദ്ദേശിച്ചു മൂലധനത്തിലേക്കായി നൽകപ്പെട്ടിട്ടുള്ളതിൽനിന്നു ഒരു കൊല്ലുകാശുപോലും അന്യഥാ വ്യയം ചെയ്യിട്ടില്ലെന്നും നിങ്ങൾക്കു നന്നായി ബോധ്യമാകുന്നതാണ്. കന്യകാമഠത്തിന്റെ വരവുചെലവുകണക്കുകൾ പ്രസ്തുത മഠത്തിന്റെ അധിപ തന്നേ സൂക്ഷിച്ചുവരുന്നു. അതിന്റെ സ്വത്തു സംബന്ധമായ കാൎയ്യങ്ങളിൽ ആശ്രമസ്ഥന്മാൎക്കു യാതൊരു കൎത്തവ്യവുമില്ല. അതുപോലെ തന്നെ പരോപകാരാൎത്ഥമായ സ്വത്തുക്കളോടാവട്ടെ, സ്ഥാപനങ്ങളോടാകട്ടേ മഠാധിപയ്ക്കു യാതൊരു ബന്ധവുമില്ലാത്തതും നാമും ആശ്രമസ്ഥന്മാരും ഭരിച്ചുവരുന്നതുമാകുന്നു. ബെഥനി മിഷ്യൻ വകയായി സ്ഥാപിച്ചു നടത്തിവരുന്ന പള്ളികൾ ഓരോന്നിന്റെയും വരവുചെലവു കണക്കുകൾ അതാതു പള്ളികളിൽതന്നെയാണു സൂക്ഷിച്ചുവരുന്നതു. നമ്മുടേയും നമ്മുടെ സഹായിയായ സഫ്രഗൻ ബിഷോപ്പിന്റെയും മാത്രം ഭരണത്തിൽ ഇരിക്കുന്ന പ്രസ്തുത പള്ളികളുടെ കണക്കുകൾ ഞങ്ങൾ ഇരുവരും പരിശോധിക്കമാറുണ്ടു. ബെഥനി മിഷ്യൻ വക പള്ളികൾ വേറെയൊരു സ്ഥാപനമാണെന്നും, അതിന്നു ബെഥനി (ബെഥന്യാശ്രമം) കന്യകാമഠം എന്നീ പ്രത്യേക

സ്ഥാപനങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നും ഇതിനു മുമ്പു പറയുകയുണ്ടായിട്ടുണ്ടല്ലോ. അതിനാൽ ഇപ്പോൾ ഇവിടെ വായിക്കപ്പെടുന്ന കണക്കിൽ ഖഠനിപ്പള്ളികളുടേയോ ഖഠനിമഠത്തിൻെറയോ വരവുചെലവു വിവരങ്ങൾ കാണപ്പെടുന്നതല്ല. മഹാജനങ്ങളിൽനിന്നു ലഭിച്ച പണത്തിൻെറ സകല കണക്കുകളും ഇവിടെ നിങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്നു. നാം തന്നെത്താൻ സമ്പാദിച്ചിട്ടുള്ളതും, പിതൃദാനമായി നമുക്കു ലഭിച്ചിട്ടുള്ളതുമായ സ്വത്തുക്കളും ഇന്നേ ദിവസം ട്രസ്റ്റികളെ ഏല്പിച്ചു കൊടുപ്പാൻ നാം നിശ്ചയിച്ചിരിക്കുകയാണ്. ആവക സ്വത്തുക്കൾ പത്രമേനിക്കണക്കിൽ (Patrimony Account) ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു അതും ഇപ്പോൾ വായിക്കപ്പെടുന്ന കണക്കിൽ ഉണ്ടായിരിക്കുന്നതല്ലാത്തതാകുന്നു. ആ കണക്കുകളും നിങ്ങൾ കാണ്മാൻ നമുക്കു യാതൊരു വിരോധവുമില്ല. അവയും ഇവിടെ കൊണ്ടുവന്നിരിക്കുന്നു. 1095-കർക്കടകമാസാവസാനംവരെയുള്ള ബാക്കിപ്പത്രം അച്ചടിപ്പിച്ചു പരസ്യം ചെയ്തിട്ടുള്ളതിൽ "ധർമ്മനിധിഫണ്ടും" "പത്രമേനി ഫണ്ടും" ഒരുമിച്ചു ചേർത്തു കാണുന്നുണ്ടെങ്കിലും, പിന്നത്തെ കൊല്ലം കണക്കു ആഡിററ് ചെയ്തപ്പോൾ ഇതു രണ്ടും പ്രത്യേകം പ്രത്യേകമായി ചേർതിരിക്കുകയും, അപ്പോൾ മുതൽ അങ്ങിനെ അതു എഴുതിവരികയും പതിവായിത്തീർന്നിട്ടുള്ളതാണ്. 1096-മുതൽ ധർമ്മനിധിയുടേയും പത്രമേനിയുടേയും ആണ്ടുതോറുമുള്ള കണക്കും ബാക്കിപ്പത്രവും വെവ്വേറെ തയാറാക്കി ഓഡിററു ചെയ്യിക്കുകയുമാണ് ഉണ്ടായിട്ടുള്ളതു.

ധർമ്മനിധിഫണ്ടു സംബന്ധമായ എല്ലാ കണക്ക പുസ്തകങ്ങളും പത്രമേനിക്കണക്ക പുസ്തകങ്ങളും ഇവിടെ കൊണ്ടുവന്നിരിക്കുന്നു. നിങ്ങളിൽ ആൎക്കും ഇഷ്ടംപോലെ അവ എടുത്തു പരിശോധിക്കാവുന്നതത്രേ. അങ്ങിനെ ചെയ്യുന്നതാണ് നമുക്കധികം സന്തോഷകരമായിട്ടുള്ളതെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. മററാരേയും കാണിക്കാൻ പാടില്ലാത്തതായ യാതൊരു കണക്കും ധർമ്മനിധി ഫണ്ടിലായാലും, പത്രമേനി ഫണ്ടിലായാലും ഇല്ലെന്നുള്ള വാസ്തവം നാം വിശിഷ്യാ പറയണമെന്നില്ലല്ലോ. ധർമ്മനിധി വകയും പത്രമേനി വകയുമായ സർവ്വ സ്വത്തുക്കളും ഒന്നായി ഇപ്പോൾ തന്നേ ട്രസ്റ്റികളെ ഏല്പിക്കണമെന്നാണ് നാം നിശ്ചയിച്ചിട്ടുള്ളതു. അതു സംബന്ധിച്ചു ചെയ്യേണ്ടുന്ന വ്യവസ്ഥകളെപ്പററി പിന്നാലെ വായിക്കപ്പെടുന്ന ഉടമ്പടിയുടെ നക്കലിൽനിന്നു നിങ്ങൾക്ക ഗ്രഹിക്കാവുന്നതാണ്.

പിതൃദാനമായി ലഭിച്ച പണംകൊണ്ടു വാങ്ങീട്ടുള്ളതിൽ 100 ഏക്കർ സ്ഥലം പെരിനാട് പ്ലാൻേറഷൻ കമ്പനിക്കായി നാം വിററതിൻെറ വില വകയിൽ പ്രസ്തുത കമ്പനിയിൽ ഓഹരിയെടുത്തിട്ടുള്ള 3500 രൂപ പ്രത്യേകം ഒരു ധർമ്മവിഷയത്തിന്നായി നീക്കിവെച്ചിട്ടുള്ള വിവരവും നിങ്ങളെ ഗ്രഹിപ്പിച്ചുകൊള്ളുന്നു.

——:*:——

റിപ്പോർട്ടും കണക്കും പാസാക്കണമെന്നു വിവരിക്കു ന്ന താഴെ കാണുന്ന ഒന്നാമത്തെ നിശ്ചയം ദിവ്യശ്രീ കലയക്കാട്ടിൽ തോമ്മാസു കത്തനാർ അവർകൾ അവതരിപ്പിക്കയും മേലാമ്പറമ്പിൽ മിസ്റ്റർ എം. പുന്നൂസു വറുഗീസ് പിൻതാങ്ങുകയും ചെയ്തിട്ട് ഏകാഭിപ്രായമായി പാസ്സാക്കപ്പെട്ടു.

ഒന്നാം നിശ്ചയം

ദൈവത്തെ ഏകാവലംബമായി സ്വീകരിച്ചുകൊണ്ടു ബഥനിയേയും അതിനോടു ചേർന്നുള്ള സർവ്വവിധ സ്ഥാപനങ്ങളെയും ഉണ്ടാക്കി നടത്തുവാൻ നി. വ. ദി. ശ്രീ, മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമേനിയെ കാരുണ്യപൂർവ്വം ആശീർവ്വദിച്ച ദൈവത്തെ ഈ യോഗം ഭക്തിപൂർവ്വം സ്തുതിക്കയും, യോഗസമക്ഷം വായിച്ചതും, ബഥനിയുടെ നാനാമുഖങ്ങളായ പ്രവൃത്തികളെ വിശദീകരിക്കുന്നതുമായ റിപ്പോർട്ടിനേയും വരവുചെലവു കണക്കുകളേയും ഈ യോഗം സർവ്വാത്മനാ അംഗീകരിക്കയും ചെയ്യുന്നു.

യോഗം വിളിച്ചു കൂട്ടുന്നതിനു തിരുവുള്ളമുണ്ടായ തിരുമേനിയോടുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്ന രണ്ടാം നിശ്ചയം കാർത്തികപ്പള്ളിയിൽ പുത്തൻബംഗ്ലാവിൽ കോശി അവർകൾ അഭിപ്രായപ്പെടുകയും, വെണ്ണിക്കുളം മേടയിൽ അവിരാ അവർകൾ പിൻതാങ്ങുകയും ഏകാഭിപ്രായമായി പാസ്സാക്കപ്പെടുകയും ചെയ്തു.

രണ്ടാം നിശ്ചയം

സ്വതന്ത്ര സ്ഥാപനമായ ബഥനിയുടെ നി. വ. ദി. ശ്രീ മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമന

സ്സുകൊണ്ടു ഭരണ വിഷയത്തിൽ തികച്ചും സർവ്വ സ്വാതന്ത്ര്യനായിരിക്കെ, ബഹ്ഹനിയുടെ ധർമ്മനിധി സംരക്ഷണയ്ക്കായും, അതിൻെറ ധനവിനിയമത്തിനായുമുള്ള ആലോചനകൾക്ക വേണ്ടി മൂലധനത്തിലേക്കായി സംഭാവനകൾ നൽകിയവരെ ക്ഷണിപ്പാൻ തിരുവുള്ളം തോന്നിയ തിരുമേനിയോടു ഈ യോഗത്തിനുള്ള ബഹുമാനത്തെയും കൃതജ്ഞതയെയും രേഖപ്പെടുത്തേണ്ടതാകുന്നു

നാനാജാതി മതസ്ഥരായ പൊതുജനങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള സംഭാവനകളടങ്ങിയ ധർമ്മനിധിയുടെ സുരക്ഷിതവും അഭിവൃദ്ധികരവുമായ നിർവഹണത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്ന മൂന്നാമത്തെ നിശ്ചയം അദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു അവതരിപ്പിച്ചു. അപ്പോൾ ട്രസ്റ്റികൾ ആവശ്യമില്ലെന്നും, ഇതുവരെ നടന്നു വന്നതുപോലെ തുടൎന്നുകൊണ്ടു പോയാൽ മതിയെന്നും വെണ്ണിക്കുളം തുണ്ടിയിൽ മിസ്റ്റർ ററി. ജി. ഫിലിപ്പു അഭിപ്രായപ്പെട്ടെങ്കിലും അദ്ധ്യക്ഷൻ വിസമ്മതിക്കയാൽ യോഗം പ്രസ്തുത നിശ്ചയത്തെ ഏകാഭിപ്രായമായി പാസാക്കി.

മൂന്നാം നിശ്ചയം

ബെഹനിയുടെ ധർമ്മനിധി സംരക്ഷണയ്ക്കായി ട്രസ്റ്റികളെയും ഒരു ഭരണസമിതിയെയും നിയമിക്കേണ്ടതാണെന്നുള്ള അദ്ധ്യക്ഷൻ തിരുമനസ്സിലെ അഭിപ്രായത്തെ ഈ യോഗം അംഗീകരിക്കുന്നു.

തദനന്തരം താഴെച്ചേൎന്ന ഭരണഘടനാ യോഗസമക്ഷം വായിക്കപ്പെട്ടു.

ഇന്ന ആണ്ടു ഇന്ന മാസം ഇത്രാം തീയതി ഇന്നാരും ഇന്നാരും ഇന്നാരും പേൎക്ക പത്തനംതിട്ട താലൂക്കിൽ

റാന്നി പകുതിയിൽ പെരുനാട്ടു മുറിയിൽ ബഥന്യാശ്രമത്തിൽ നിന്നും തിരുവല്ലാ പകുതിയിൽ ഇരുവെള്ളിപ്ര മുറിയിൽ ബഥന്യാശ്രമത്തിൽ ഇരിക്കും പി. റ്റി. ഗീവറുഗീസ് എന്ന നാമവും നാല്പത്തിയേഴു വയസ്സും ഉള്ള മാർ ഈവാനിയോസു മെത്രാപ്പോലീത്താ എഴുതിക്കൊടുത്ത ട്രസ്റ്റ് ഡിക്ലറേഷൻ ആധാരമാവിതു. 1. കൊല്ലം ആയിരത്തി തൊണ്ണൂററിമൂന്നാമാണ്ടു നാം ഫാദർ പി. റ്റി. ഗീവറുഗീസ് എന്ന അഭിധാനത്തിൽ സെറാമ്പൂർ കോളജ് പ്രഫസ്സരായിരുന്ന കാലത്തും അതിൻെറ ശേഷവും നമ്മുടെ സ്വന്ത പണംകൊണ്ടും സർ ഡാനിയേൽ ഹാമിൽററനോടും മററും കടം വാങ്ങിയ പണംകൊണ്ടും നാനാ ജാതി മതസ്ഥന്മാരായ പലരുടെയും സൗജന്യദാനങ്ങൾ കൊണ്ടും അടിയിൽ വിവരം പറയുന്നതായ വസ്തുക്കൾ നാം സമ്പാദിച്ചിട്ടുള്ളതും "ബഥനി" എന്നു പേരായി പരോപകാരാർത്ഥമായ പുണ്യവേലകൾക്കായി ഒരു സ്ഥാപനം നാം സ്ഥാപിച്ചു നടത്തി വരുന്നതുമാകുന്നു. താഴെ പട്ടികയിൽ വിവരിക്കുന്ന വസ്തു വകകളുടെ ട്രസ്റ്റികളായി നിങ്ങളെ മൂന്നുപേരെയും നിയമിക്കയും നിങ്ങൾ ആ സ്ഥാനം സ്വീകരിക്കയും ചെയ്തിട്ടുള്ളതിനാലും ആ വക സകല സ്വത്തുക്കളും ആ നിലയിൽ നിങ്ങളുടെ പേരിലും നിങ്ങളുടെ കൈവശത്തിലും ഇരിക്കേണ്ടതാകയാലും ഇതിന്നടിയിൽ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന വസ്തു വകകളും അവയുടെ എല്ലാ ഭാഗങ്ങളും അവകളിന്മേലോ അവകൾ സംബന്ധിച്ചോ നമുക്കു ഉള്ളതൊ ഉണ്ടെന്നു വിചാരിക്കുന്നതൊ ആയ സകലവിധ അവകാശങ്ങൾ അധികാരങ്ങൾ ബാദ്ധ്യതകൾ മുതലായ

വ് സഹിതം ഇതിൽ പറയുന്ന ഭരണക്രമം അനുസരിച്ച്
ബഹുമതി ധർമ്മസ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് ഉപ
യോഗിക്കുന്നതിനായി ടി ധർമ്മസ്ഥാപനത്തിന്റെ ട്രസ്റ്റി
കളെന്ന നിലയിൽ നിങ്ങളുടെ പേക്ക് ഈ ആധാരംമൂലം
വിട്ടൊഴിഞ്ഞു കൈവശപ്പെടുത്തി തന്നിരിക്കുന്നതിനാൽ
നാളത്തെ മുതൽ ട്രസ്റ്റികളായി നിങ്ങൾ വസ്തുവകകൾ കൈ
വശപ്പെടുത്തി ടി ധർമ്മസ്ഥാപനത്തിന്റെ വകക്കായി
പേരിൽ കൂട്ടി കരം തീർത്ത് നിങ്ങളും നിങ്ങളുടെ പിൻഗാ
മികൾ അസൈനികൾ ഇവരും എന്നാളും അനുഭവി
ച്ചുകൊള്ളേണ്ടതാകുന്നു. ഈ വസ്തുവകകളെ ധർമ്മസ്ഥാ
പനത്തിന്റെ ആവശ്യത്തിലേക്കായി നിങ്ങളുടേയോ
പിൻഗാമികളുടേയോ പേരിൽ ഒന്നുകൂടി ഉറപ്പിക്കേണ്ട
തിലേക്ക് ന്യായമായി ആവശ്യപ്പെടുന്ന എല്ലാ ആധാരങ്ങ
ളും പ്രമാണങ്ങളും പ്രവൃത്തികളും നാമും നമ്മുടെ എക്സിക്യൂ
ട്ടറന്മാർ അഡ്മിനിസ്റ്റ്രേറ്ററന്മാർ അസൈനികൾ ഇവ
രും. നിങ്ങളുടെയും പിൻഗാമികളുടെയും അപേക്ഷയിന്മേ
ലും ചെലവിന്മേലും എപ്പോഴും അപ്പോഴപ്പോഴും എഴുതി
തരികയും പ്രവൃത്തിക്കയും ചെയ്തുകൊള്ളാമെന്നു ഇതിനാ
ൽ നാം നമ്മുടെയും നമ്മുടെ പിൻഗാമികൾ എക്സിക്യൂട്ടറ
ന്മാർ അഡ്മിനിസ്റ്റ്രേറ്ററന്മാർ അസൈനികൾ ഇവരു
ടെയും പേക്കായി നിങ്ങളോടും പിൻഗാമികളോടും കരാർ
ചെയ്തിരിക്കുന്നതുമാകുന്നു. ഇതിലേക്ക് പരജനങ്ങളിൽ നി
ന്നു ലഭിച്ചിട്ടുള്ള സംഭാവനകളെ പററിയൊ അതു ചെല
വാക്കിയിട്ടുള്ളതിനെപ്പററിയൊ ഈ ട്രസ്റ്റിലുൾപ്പെട്ട വ
സ്തുക്കളുടെയും സ്ഥാപനങ്ങളുടെയും എതൽക്കാല പയ്യന്ത
മുള്ള നടത്തിപ്പിനെപ്പററിയോ നിങ്ങൾക്കൊ നിങ്ങളുടെ

പിൻഗാമികൾക്കൊ അസ്സെനികൾക്കൊ നമ്മോടോ നമ്മുടെ പിൻഗാമികളോടോ ചോദ്യം ചെയ്യുന്നതിനു യാതൊരുവക അവകാശവും അർഹതയും ഇല്ലാത്തതുമാകുന്നു. മേൽ വിവരിച്ച ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച മററാളുകൾ മുഖാന്തിരം വല്ല തക്കമോ വ്യവഹാരമോ ഉണ്ടാകുന്ന പക്ഷം ഈ ട്രസ്ററുടമ്പടിപ്രകാരം നിങ്ങൾക്കു കിട്ടിയ അവകാശപ്രകാരം അവകളേപ്പററി ഉത്തരം പറയേണ്ട ചുമതല നിങ്ങളിൽ സ്ഥിതി ചെയ്യുന്നതും അങ്ങിനെയുണ്ടാകുന്ന തക്കങ്ങൾക്കൊ വ്യവഹാരങ്ങൾക്കൊ നാമോ നമ്മുടെ പിൻഗാമികളോ ഉത്തരവാദികളായിരിക്കുന്നതല്ലാത്തതുമാകുന്നു.

2. നാം ജനിച്ചുവളൎന്നതു മലങ്കര യാക്കോബായ സുറിയാനി സഭയിലാണെങ്കിലും ബഥനിയെ സ്വതന്ത്രമായിട്ടത്രെ നാം സ്ഥാപിച്ചിട്ടുള്ളതു. ബഥനിയും തൽസംബന്ധമായ സൎവ്വ സ്ഥാപനങ്ങളും സ്വത്തുക്കളും യാതൊരു വിധത്തിലും പ്രത്യക്ഷമായോ പരോക്ഷമായൊ അന്ത്യോഖ്യാ യാക്കോബായ പാത്രിയക്കീസിന്റെയോ, പൌരസ്ത്യകാതോലിക്കായുടേയോ, സുനഹദോസിന്റെയോ, മാപ്പ്രാപ്പായുടേയോ, വേറെ ഏതെങ്കിലും മതാദ്ധ്യക്ഷന്റെയോ, സമൂഹത്തിന്റെയോ അധികാരത്തിനു അധീനമല്ലാത്തതും നമ്മോടല്ലാതെ വേറെ ഏതെങ്കിലും അദ്ധ്യക്ഷന്മാരോടോ, അവരുടെ സിംഹാസനങ്ങളോടൊ സംബന്ധമില്ലാത്തതും ഈ വ്യവസ്ഥക്കനുസരണമായി നമ്മുടെ അധികാരത്തിൻ കീഴിൽ ബഥനി സ്ഥാപിച്ച വിവിധതരങ്ങളായ സ്ഥാപനങ്ങൾ ഉണ്ടാക്കി നടത്തിവരുന്നതുമാകുന്നു.

3. ദൈവമഹത്വത്തിനും സമസൃഷ്ടികളായ മനുഷ്യരുടെ നന്മക്കും അഭിവൃദ്ധിക്കും ആയി നാം ബധനി സ്ഥാപിച്ചിട്ടുള്ളതും അപ്പോഴപ്പോൾ അടിയിൽ വിവരിക്കുന്ന ഭരണസമിതി നിർണ്ണയിക്കുന്ന പരോപകാരാർത്ഥങ്ങളായ ഏതുതരം വേലകളും സ്ഥാപനങ്ങളും നടത്തുവാൻ തക്കവണ്ണം ഈ ഉടമ്പടിയിൽ അടിയിൽ വിവരിച്ചിരിക്കുന്ന സകല സ്വത്തുക്കളും ട്രസ്റ്റികളായ നിങ്ങളെ നാം ഏല്പിച്ചിരിക്കുന്നതുമാകുന്നു.

4. മേല്പറഞ്ഞ ഉദ്ദേശ്യം സാധിക്കത്തക്കവിധം ബധനിയെ അഭിവൃദ്ധിപ്പെടുത്തുവാൻ നമ്മുടെ സ്വന്ത പണംകൊണ്ടു മതിയാകാതെ ഇരുന്നതിനാൽ ബധനി സ്ഥാപനാനന്തരം നാം പല സ്ഥലങ്ങളിലും ഭിക്ഷാടനം നടത്തി മലങ്കര സുറിയാനിക്കാർ, മാർത്തോമ്മാ സുറിയാനിക്കാർ, റോമൻ കത്തോലിക്കർ, ആംഗ്ലിയക്കാർ, ഹിന്ദുക്കൾ മഹമ്മദീയർ ആദിയായ നാനാജാതി മതസ്ഥന്മാരിൽനിന്നും ബധനിയുടെ ആവശ്യത്തിലേക്കായി സൗജന്യദാനങ്ങൾ സ്വീകരിച്ചിട്ടുള്ളതും അങ്ങിനെ ലഭിച്ചിട്ടുള്ള പണംകൊണ്ടു ബധനി സംബന്ധിച്ച പല സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതും ഇതേവരെ ബധനിയെ നടത്തിപോന്നിട്ടുള്ളതുമാകുന്നു. മേല്പറഞ്ഞ സ്ഥാപനോദ്ദേശം നിർവ്വഹിപ്പാൻ തക്കവണ്ണം ഈ ഉടമ്പടിയിൽ താഴെ വിവരിക്കുന്ന സർവ്വ സ്വത്തുക്കളും വിനിയോഗിക്കണമെന്നു നമുക്കാഗ്രഹമുള്ളതിനാൽ നാം സമ്പാദിച്ചു സർവ്വ സ്വാതന്ത്ര്യമായി കൈവശംവച്ചനുഭവിച്ചു വരുന്നതും അടിയിൽ വിവരം പറയുന്നതുമായ വസ്തുക്കളും അവയിൽ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളും നിങ്ങളെ മൂന്നു പേരെയും ഈ ഉടമ്പടി

യിലെ വ്യവസ്ഥപ്രകാരം ഒന്നാമത്തെ ട്രസ്റ്റികളായി നിയമിച്ച നിങ്ങളുടെ പേക്ക് വിട്ടൊഴിഞ്ഞുതന്നിരിക്കുന്നു. ഈ വസ്തുക്കൾ ബെഥനിയാകൾ നിങ്ങൾ പേരിൽകൂട്ടി കരംതീൎത്തു സ്ഥാപനോദ്ദേശത്തിനും ഈ ഉടമ്പടിയിലെ വ്യവസ്ഥകൾക്കും അനുസരണമായി നടന്നുകൊള്ളേണ്ടതും അതിലെ സകല എഴിവുകളും അടിയിൽ വിവരിക്കുന്ന ഭരണ സമതിയുടെ സിക്രട്ടറിയായ ധനകാൎയ്യദൎശിയെ എല്പിച്ചുകൊള്ളേണ്ടതും ആകുന്നു. ഈ ഉടമ്പടിയിൽ എഴിവു എന്നു പറഞ്ഞിരിക്കുന്നതു ഈ വസ്തുക്കളിൽനിന്നുള്ള കൃഷിയാദായങ്ങൾ, പാട്ടം, പണയപ്പെടുത്തിയൊ വിററൊ ലഭിക്കുന്ന പണം, അതു നിക്ഷേപിച്ചുണ്ടാകുന്ന പലിശ, ആദിയായ സകല വരുമാനങ്ങളേയും ഉദ്ദേശിച്ചാകുന്നു. പരോപകാരാൎത്ഥങ്ങളായ എതെങ്കിലും സ്ഥാപനങ്ങൾ നിൎമ്മിക്കുന്നതിനൊ, ഉള്ളവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനൊ ആയി ഈ ഉടമ്പടിയിൽ പറയുന്ന വസ്തുക്കൾ പണയപ്പെടുത്തുന്നതിനും വില്ക്കുന്നതിനും എഴിവുകൾ ഭരണസമിതിയുടെ കാൎയ്യദൎശി മുഖാന്തിരം വിനിയോഗിക്കുന്നതിനും ട്രസ്റ്റികളായ നിങ്ങൾക്കും പിൻഗാമികൾക്കും അധികാരമുള്ളതും കടപ്പെടുത്തുകയോ വില്ക്കയോ ചെയ്യുമ്പോൾ അതിലേക്കു ഭരണസമിതിയുടെ അനുമതി രേഖാമൂലം മുമ്പുകൂട്ടി സമ്പാദിച്ചുകൊള്ളേണ്ടതും ആകുന്നു. "ഭരണസമിതിയുടെ അനുമതി എന്നു പറഞ്ഞാൽ അതിലെ ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള നിശ്ചയം എന്നൎത്ഥമാകുന്നു. ഭരണസമിതിയുടെ അനുമതി നിങ്ങളെ അറിയിപ്പാൻ അതിന്റെ സിക്രട്ടറിക്കു അധികാരമുള്ളതും അങ്ങിനെയുള്ള അറിയിപ്പു രേഖയിൽ സി

ക്രട്ടറി മാത്രം ഒപ്പിട്ടിരുന്നാൽ മതിയാകുന്നതും ആകുന്നു.

5. ഈ ഉടമ്പടിയിലെ വ്യവസ്ഥകൾക്കനുസരണമായി ബെഥനി വക സ്വത്തുക്കൾ സമ്പാദിക്കുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നതിനും നിങ്ങൾക്കും പിൻഗാമികൾക്കും അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ ഉണ്ടാകുന്ന സകല സ്വത്തുക്കളുടെയും ആദായങ്ങൾ ഈ ഉടമ്പടിയിലെ നിബന്ധനപ്രകാരം ഭരണസമിതിയുടെ ധനകാര്യദർശിയെ ഏൾപ്പിക്കാൻ നിങ്ങൾ കടപ്പെട്ടിരിക്കുന്നതും ആദായങ്ങൾ അദ്ദേഹത്തെ ഏൾപ്പിച്ചു രസീതു വാങ്ങുമ്പോൾ തൽസംബന്ധമായ നിങ്ങളുടെ ചുമതല നിർവഹിച്ചിരിക്കുന്നതായി ഗണിച്ചുകൊള്ളേണ്ടതുമാകുന്നു.

6. ഇന്ന പ്രത്യേക കാര്യത്തിനായും ഇന്നവിധവും ബെഥനി വക സ്വത്തുക്കളും അവയുടെ ആദായങ്ങളും വിനിയോഗിക്കണമെന്നു തീർച്ചയാക്കുന്നതിനു ട്രസ്റ്റികളായ നിങ്ങൾക്കു അധികാരമില്ലാത്തതും അതിലേക്കുള്ള അധികാരം ഭരണസമിതിക്കു മാത്രമിരിക്കുന്നതും ഭരണസമിതിയുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു ധനകാര്യദർശി ആദായങ്ങൾ വിനിയോഗിച്ചുകൊള്ളേണ്ടതും ആകുന്നു. ഈ ഉടമ്പടിയിൽ വിവരിച്ചിരിക്കുന്ന പുരയിടങ്ങളിൽ പാർക്കുന്നതിനും ഇപ്പോഴുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനും പുതിയ കെട്ടിടങ്ങൾ വയ്ക്കുന്നതിനും ആവശ്യമെന്നു തോന്നുന്ന സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും താമസക്കാരുടെ നിത്യവൃത്തിക്കാവശ്യമുള്ള കൃഷികൾ നടത്തുന്നതിനും സ്ഥാപനോദ്ദേശത്തിനനുസരണമായി ഭരണസമിതിക്കു യുക്തമെന്നു തോന്നുന്ന ഓരോ സംഗതികളും പ്രവൃത്തിക്കുന്നതിനും വേണ്ട എല്ലാ സൌകര്യങ്ങളും നിങ്ങൾ

ഉണ്ടാക്കി കൊടുക്കേണ്ടതുമാകുന്നു. ഈ വ്എഴിവുകൾ ധനകാര്യദൾശിയെ യഥാവശ്യം നിങ്ങൾ ഏല്പ്പിക്കുമ്പോൾ അദ്ദേഹത്തിൻെറ രസീതു നിങ്ങൾ വാങ്ങിക്കൊള്ളേണ്ടതും മേൽപ്രകാരം രസീതു പററിയിരിക്കുന്നതായി നിങ്ങളും രേഖ കൊടുക്കേണ്ടതും ഇങ്ങനെ പരസ്പരം പ്രവൎത്തിക്കുമ്പോൾ നിങ്ങൾ ഇരുകൂട്ടരുടെയും ചുമതല നിൎവ്വഹിച്ചതായി ഗണിച്ചുകൊള്ളേണ്ടതുമാകുന്നു.

7. പരോപകാരാൎത്ഥമായ ഏതെങ്കിലും വേല നടത്തുവാൻ ഭരണസമിതിക്ക സാധിക്കുന്ന പക്ഷം ബഥനിയുടെ സ്ഥാപനോദ്ദേശ്യം നിർവഹിച്ചതായി നിങ്ങൾ കരുതിക്കൊള്ളേണ്ടതുമാകുന്നു.

8. ഭരണസമിതിയിലെ ഒന്നാമത്തെ അംഗങ്ങളായി താഴെ പറയുന്ന ആളുകളെ നിയമിച്ചിരിക്കുന്നതും അവർ ചുമതല നിർവഹിച്ചുകൊള്ളാമെന്നു നമ്മുടെ അടുക്കൽ സമ്മതിച്ചിട്ടുള്ളതും തദനന്തരം അവർ യോഗംകൂടി ഇന്നാരെ പ്രസിഡണ്ടായും, ഇന്നാരെ വൈസ്സ് പ്രസിഡണ്ടായും, ഇന്നാരെ ധനകാര്യദൾശിയും സിക്രട്ടറിയും ആയും തെരഞ്ഞെടുത്തിട്ടുള്ളതും ആകുന്നു. ഭരണസമിതിയിലെ ശേഷമുള്ള അംഗങ്ങളുടെ പേരുകൾ താഴെ ചേക്കുന്നു.

9. ഭരണസമിതിയിൽ അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരുടെ ഉദ്യോഗകാലാവധി മൂന്നു കൊല്ലത്തേക്കായിരിക്കുന്നതും ആകുന്നു. എന്നാൽ ട്രസ്റ്റികളുടെ ഉദ്യോഗകാലാവധി ഒരു കൊല്ലത്തേക്കായിരിക്കുന്നതും ആകുന്നു. അതു കഴിയുമ്പോൾ നിങ്ങളുടെ കാലാവധി നീട്ടുകയോ മ

മററാളുകളെ ട്രസ്റ്റികളായി നിയമിക്കയോ ചെയ്യുന്നതിന്ന
ഭരണസമിതിക്ക അധികാരമുണ്ടായിരിക്കുന്നതാണ്. മൂ
മൂന്നാംവഷത്തിൽ ഭരണസമിതിയുടെ കാലാവധി അവ
സാനിക്കും മുമ്പെ സൌകര്യവും ആവശ്യവുംപോലെ സ
മിതിയുടെ യോഗംകൂടി തങ്ങളെത്തന്നെയോ മററാളുകളേ
യോ നിയമിക്കേണ്ടതാകുന്നു. ട്രസ്റ്റികളുടെയോ ഭരണസ
മിതിയിലെ അംഗങ്ങളുടേയോ ഉദ്യോഗകാലം അവസാ
നിക്കുമ്പോൾ പകരം ആളുകളെ നിയമിച്ചിട്ടില്ലാത്തപ
ക്ഷം അതേവരെ ട്രസ്റ്റികളും ഭരണസമിതിയിലെ അംഗ
ങ്ങളും ആയിരുന്നവർ അടുത്ത നിയമനംവരെക്കും അവരു
ടെ ജോലി തുടന്നുകൊള്ളേണ്ടതാകുന്നു. രാജി ദേഹവി
യോഗം, ആദിയായ ഏതെങ്കിലും കാരണവശാലോ ഉ
ദ്യോഗത്തിൽനിന്ന നീക്കപ്പെടുന്നതിനാലോ ഭരണസമി
തിയിലെ അംഗങ്ങളുടെ സ്ഥാനത്തിന്ന ഒഴിവു വരുമ്പോ
ൾ പകരം ആളുകളെ കോ ഓപ്ററ് ചെയ്തു നിയമിക്കു
ന്നതിനും അതുവരെ ആവശ്യപ്പെട്ട കാൎയ്യങ്ങൾ നടത്തുന്ന
തിനും ഭരണസമിതിയിൽ ശേഷിച്ചിരിക്കുന്ന അംഗങ്ങ
ൾക്ക അധികാരമുണ്ടായിരിക്കുന്നതാകുന്നു. മേൽപ്രകാ
രം കോ. ഓപ്ഷൻ (Co. Opliou) മുഖാന്തിരം തെര
ഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ തങ്ങളെ തെരഞ്ഞെടുത്ത
അംഗങ്ങളോടുകൂടെ മൂന്നു വഷത്തെ കാലയളവു പൂത്തി
യാകുമ്പോൾ ഉദ്യോഗം ഒഴിയേണ്ടതാകുന്നു. ഭരണസമിതി
യിലെ ഒരംഗത്തിനെ നീക്കം ചെയ്യുന്നതിന്ന അദ്ധ്യക്ഷ
നും ഭരണസമിതിയിലെ അംഗങ്ങളുടെ ഭൂരിപക്ഷവും
ചേന്നു നിശ്ചയം പാസാക്കിയിരിക്കേണ്ടതാകുന്നു. ഭരണ
സമിതിയുടെ എല്ലാ യോഗങ്ങൾക്കും അഞ്ചു അംഗങ്ങൾ

കൂടിയാൽ കോറം തികയുന്നതാണു. ഒരുപോലെ വോട്ടു വന്നാൽ ചെയർമാന സ്ഥാനനിലയിലുള്ള ഒരു വോട്ടില്ലും പുറമെ വിശേഷാൽ വോട്ടുണ്ടായിരിക്കുന്നതാണു. രാജി മരണം വിയോഗം ആദിയായ ഏതെങ്കിലും കാരണവശാൽ ഒന്നോ അധികമോ ട്രസ്റ്റികളുടെ സ്ഥാനം ഒഴിവുവരുമ്പോൾ പകരം ആ ആളുകളെ നിയമിക്കുന്നതിനു ഭരണസമിതിക്കു അധികാരമുള്ളതാകുന്നു. ഭരണസമിതിയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള നിശ്ചയം സംഘുവായ നിശ്ചയമായിരിക്കുന്നതാകുന്നു.

10. ഭരണസമിതിയുടെ ചുമതലകൾ.

എ. വരവു ചെലവു ബഡ്ജററ് എസ്റ്റിമെററു അനുവദിക്കുക.

ബി. കണക്കുകളും റിക്കാർട്ടുകളും സൂക്ഷിക്കുന്നതിനു ഏർപ്പാടു ചെയ്യുക.

സി. ധനകാര്യദർശിയുടെ റിപ്പോർട്ടുകളേയും ശുപാർശകളേയും പററി ആലോചിക്കയും അവയെ പ്രവൃത്തിയിൽ വരുത്തുകയും ചെയ്യുക.

ഡി. ഈ ട്രസ്റ്റിലുൾപ്പെട്ട വസ്തുക്കളെയും എഴിവുകളെയും തൽസംബന്ധമായ സ്ഥാപനങ്ങളെയും സംബന്ധിച്ചു പൊതുവായ ഭരണം നടത്തുക.

ഭരണസമിതിയുടെ അധികാരങ്ങൾ.

എ. ഭരണസമിതിയുടെയും അതിന്റെ യോഗങ്ങളുടെയും നടത്തിപ്പിനു പര്യാപ്തങ്ങളായ ചട്ടങ്ങളും ഉപനിയമങ്ങളും ഉണ്ടാക്കുകയും ഭേദഗതി ആവശ്യമെന്നു തോന്നുമ്പോൾ അവ ഭേദപ്പെടുത്തി പുതിയ ചട്ടങ്ങളും ഉപനിയമങ്ങളും നിർമ്മിച്ചു നടപ്പിലാക്കുകയും ചെയ്യുക.

൮. വരവുചെലവുകളെ സംബന്ധിച്ച ധനകാൎയ്യദൎശിയുടെ നിൎദ്ദേശങ്ങളെ പൎയ്യാലോചിക്ക. ഇപ്രകാരമുള്ള നിൎദ്ദേശങ്ങളെ അനുവദിക്കുന്നേപക്ഷം ഭരണസമിതിക്കു യുക്തമെന്നു തോന്നുന്ന മാറ്റങ്ങളിൽകൂടി ആവശ്യപ്പെടുന്ന ധനം ശേഖരിക്കുക.

൯. ഈ ട്രസ്റ്റിലുൾപ്പെട്ട സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണവും വിനിയോഗവും സംബന്ധിച്ച് മേൽ വിവരിച്ചതിൽ കൂടുതലായി എന്തെങ്കിലും വ്യവസ്ഥ ചെയ്യുന്നതു ആവശ്യമെന്നു തോന്നുന്ന പക്ഷം ആ വിധമുള്ള വ്യവസ്ഥകൾ ഉണ്ടാക്കി നടപ്പിലാക്കുകയും യഥാമതി ഭേദപ്പെടുത്തുകയും ചെയ്ക.

൰. ഭരണസമിതിയുടെ പ്രസിഡണ്ടിനേയും ധനകാൎയ്യദൎശിയായ സിക്രട്ടറിയേയും നിയമിക്കുക.

11. ധനകാൎയ്യദൎശിയും സിക്രട്ടറിയും ഒരാൾ തന്നെ ആയിരിക്കുന്നതാണു. അദ്ദേഹം 1. ചുരുങ്ങിയപക്ഷം ആറു മാസത്തിലൊരിക്കൽ ഭരണസമിതിയുടെ ഒരു യോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു. 2 ഭരണസമിതിയുടെ എല്ലാ യോഗങ്ങളുടെയും മിനിററ്സ് സൂക്ഷിക്കേണ്ടതാകുന്നു. 3. മിനിററ്സിൻെറ പകൎപ്പു ട്രസ്റ്റികളിൽ ഓരോരുത്തൎക്കും അയച്ചുകൊടുക്കേണ്ടതാകുന്നു.

12. ഭരണസമിതിയുടെ പ്രസിഡണ്ടിനു നോട്ടീസു കൊടുത്തു ട്രസ്റ്റിസ്ഥാനം രാജിവയ്ക്കുന്നതിനു നിങ്ങൾ ഓരോരുത്തൎക്കും അവകാശമുള്ളതും ട്രസ്റ്റികളിൽ ഒന്നോ അധികമോ ആളുകളെ കാരണം പറഞ്ഞോ പറയാതെയോ തൽസ്ഥാനത്തുനിന്നു നീക്കുന്നതിനു ഭരണസമിതിക്കു അവകാശമുണ്ടായിരിക്കുന്നതും ഭരണസമിതിയുടെ പ്രസിഡ

ണ്ടും സിക്രട്ടറിയും ഒപ്പിട്ട നിങ്ങൾക്ക അയയ്ക്കുന്ന ഏത്ര സമിതിനിശ്ചയത്തേയും സാധുവായി നിങ്ങൾ സ്വീകരിച്ചുകൊള്ളേണ്ടതുമാകുന്നു. ട്രസ്റ്റി സ്ഥാനത്തുനിന്നും നീക്കിയിരിക്കുന്നതായി മേല്പറഞ്ഞ വിധം രേഖാമൂലം നിങ്ങളെ തെര്യപ്പെടുത്തുമ്പോൾ ട്രസ്ററു സംബന്ധമായ സകല ചുമതലകളിൽനിന്നും നിങ്ങൾ ഒഴിഞ്ഞുകൊടുക്കേണ്ടതും നിങ്ങളുടെ കൈവശം പണമൊ റിക്കാർട്ടോ ഉണ്ടെങ്കിൽ അവയും മററു സകലവും ഉടൻതന്നെ പ്രസിഡണ്ടിനെ ഏല്പിച്ചുകൊള്ളേണ്ടതുമാകുന്നു. ട്രസ്ററു സംബന്ധമായ ചുമതല നിങ്ങൾ ഒഴിഞ്ഞിട്ടില്ലെന്നു തക്കിക്കയോ പണവും റിക്കാർട്ടുകളും മററും ഏല്പിച്ചുകൊടുക്കാതിരിക്കയോ ചെയ്യുന്നതായാൽ തന്നിമിത്തം ഭവിക്കുന്നതാകുന്ന സകല നഷ്ടങ്ങൾക്കും നിങ്ങൾ ഉത്തരവാദികളായിരിക്കുന്നതാകുന്നു. ഏതെങ്കിലും ആളിനെ ട്രസ്റ്റിയായി നിയമിച്ചിരിക്കുന്നുവെന്നു രേഖപ്പെടുത്തുന്നതും ഭരണസമിതിയുടെ പ്രസിഡണ്ടും സിക്രട്ടറിയും ഒപ്പിട്ടിട്ടുള്ള രേഖ പുതുതായി നിയമിക്കപ്പെടുന്ന ട്രസ്റ്റിക്ക മതിയായ ചിട്ടിപ്പാടായിരിക്കുന്നതുമാകുന്നു.

13. ഈ ഉടമ്പടിയിലെ വ്യവസ്ഥകളെ ഭേദപ്പെടുത്തുന്നതിനും ഇതിൽ പ്രസ്താവിച്ചിട്ടില്ലാതെ നൂതനമായി വല്ല വ്യവസ്ഥയും ഈ ട്രസ്ററു സംബന്ധിച്ച ചെയ്യുന്നതിനും ട്രസ്റ്റികളും ഭരണസമിതിയും ക്ഷണിക്കപ്പെട്ട കൂടുന്ന യോഗത്തിന്ന അധികാരമുള്ളതാകുന്നു. ഈ യോഗം കൂടുന്നതിനായി പ്രസിഡണ്ടോ, വൈസ് പ്രസിഡണ്ടോ ക്ഷണക്കത്തു അയക്കേണ്ടതും വന്നുകൂടുന്നവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള നിശ്ചയം സാധുവും ന്യായവും ഈ ട്രസ്റ്റിനെ ബന്ധിക്കുന്നതുമായിരിക്കുന്നതുമാകുന്നു.

14. ഭരണസമിതിയിലെ അംഗങ്ങളും ട്രസ്റ്റികളും ചേൻറുള്ള യോഗം ആവശ്യമുള്ള അവസരങ്ങളിൽ വിളിച്ചുകൂട്ടുന്നതിനും അതിൽ അദ്ധ്യക്ഷം വഹിക്കുന്നതിനും വേണ്ടിയിരുന്നാൽ ഒരു സിക്രട്ടറിയെ നിയമിക്കുന്നതിനും യോഗനടപടികളും നിശ്ചയങ്ങളും രേഖപ്പെടുത്തുന്നതിനും മിനിററ്സബുക്ക സൂക്ഷിക്കുന്നതിനും പ്രസിഡണ്ടിനു അധികാരവും ചുമതലയുമുള്ളതാകുന്നു. പ്രസിഡണ്ടിനു സൌകര്യമില്ലാത്തപ്പോൾ അദ്ദേഹത്തിൻെറ രേഖാമൂലമായ അനുമതിയോടുകൂടി മേല്പറഞ്ഞവ ചെയ്യുന്നതിനു വൈസ്പ്രസിഡണ്ടിനു അധികാരമുള്ളതാകുന്നു. ട്രസ്റ്റികളും ഭരണസമിതിയിലെ അംഗങ്ങളും ചേൻറുള്ള യോഗത്തിൻെറ നടപടികളെ സംബന്ധിക്കുന്ന നിബന്ധനകളും ചട്ടങ്ങളും നിർമ്മിക്കുന്നതിനു ആ യോഗത്തിനു അധികാരമുള്ളതാകുന്നു. ട്രസ്റ്റികളും ഭരണസമിതിയിലെ അംഗങ്ങളും രേഖാമൂലം ക്ഷണിക്കപ്പെട്ടു കൂടുന്ന യോഗങ്ങളിൽ ചെയർമാനും അംഗങ്ങൾ ഓരോരുത്തരും രഹസ്യ വട്ടരീതിപ്രകാരം രേഖാമൂലം വോട്ടു ചെയ്യേണ്ടതും ചെയർമാൻ വോട്ടുകൾ എണ്ണേണ്ടതും രണ്ടുപക്ഷത്തും വോട്ടുകൾ ഒരുപോലെ വരുമ്പോൾ ചെയാർമാനു സ്വന്തനിലയിലുള്ള വോട്ടിനും പുറമെ ഒരു വിശേഷാൽ വോട്ടുകൂടെ ഉണ്ടായിരിക്കേണ്ടതുമാകുന്നു. ഇങ്ങനെ കൂടുന്ന യോഗത്തിൽ എട്ടു അംഗങ്ങൾ ഉണ്ടായിരുന്നാൽ കോറം തികഞ്ഞതായി ഗണിക്കേണ്ടതാകുന്നു

ഈ ഉടമ്പടിക്ക വിഷയമായ വസ്തുക്കളിൽ ഏതാനും ഭാഗം ന..ർ ഡാനിയേൽ ഹാമിൽററനു നാം ഏഴായിരം

രൂപയും പണയപ്പെടുത്തിയിട്ടുള്ളതും മുതൽ പലിശ ഉൾപ്പെടെയുള്ള ആ കടവും നിങ്ങളെ ഏൽപ്പിക്കുന്ന കണക്കുപുസ്തകത്തിൽ വിവരിച്ചിരിക്കുന്നതായി അയ്യായിരത്തി മുന്നൂററി മുപ്പത്താറു ബ്രിട്ടീഷു രൂപാ ആറണ അഞ്ചു പൈസാ വരുന്ന കടവും തിരുവല്ലാ ഇരുവള്ളിപ്രമുറിയിൽ തിരുമൂലപുരത്തു ബഥനി മഠത്തിൽ താമസിക്കും സിസ്റ്റർ ശ്ലൈന്നായിക്കു നാളതു മുതൽ പ്രതിവർഷം ഒൻപതു ശതമാനം പലിശ സഹിതം കൊടുത്തു വീട്ടുവാൻ നിലനിൽത്തിയതാകെ ബ്രിട്ടീഷു രൂപാ ഏഴായിരവും അടിയിൽ വിവരിക്കുന്ന പതിനഞ്ചാം നമ്പർ വസ്തുവിന്മേൽ സ്ഥാപിച്ച അതേപ്പററിയുള്ള തീറാധാരത്തിൽ വിവരിക്കുന്ന കടം എണ്ണൂറു രൂപായും ഈ വസ്തുക്കളിൽ നിന്നു വീട്ടിക്കൊള്ളേണ്ടതാകുന്നു. ജാതിമതഭേദമെന്യേ അനേകം സുഹൃത്തുക്കളിൽ നിന്നു ലഭിച്ചിട്ടുള്ള സംഭാവനകൾകൊണ്ടു സമ്പാദിച്ചിട്ടുള്ളതായി നമ്മുടെ പേരിലുള്ള സ്വത്തുക്കളും നമുക്കു പിതൃദാനമായും സ്വയാർജ്ജിതമായും ഉണ്ടായിട്ടുള്ള സ്വത്തുക്കളും ഉൾപ്പെടെയുള്ള സ്വത്തുക്കളാണു ഈ സ്ററു ഡിക്ലറേഷൻ ഉടമ്പടിമൂലം നിങ്ങളെ ഏൽപ്പിച്ചിരിക്കുന്നതു. ഇതു സംബന്ധിച്ചുള്ള മുൻപ്രമാണങ്ങളും ഇതേവരെയുള്ള സകല വരവു ചെലവു കണക്കുകളും ഇതോടൊന്നിച്ചു നിങ്ങളെ ഏൽപ്പിച്ചിട്ടുള്ളതുമാകുന്നു.

വസ്തുവിവരം: 1) കൊല്ലം ഡിസ്ട്രിക്കിൽ പത്തനംതിട്ട താലൂക്കിൽ റാന്നി സബ് ഡിസ്ട്രിക്കിൽ റാന്നി പകുതിയിൽ പെരുനാട്ടുമുറിയിൽ പബ്ലിക്കു റോഡിനും തെക്കു മഠത്തിനേത്തു പുരയിടത്തിനും മേക്കു കക്കാട്ടാററി

ന്നും വടക്കെ കല്ലമ്പ്രത്തു പുരയിടത്തിന്നും കിഴക്കെ ഇവ നടു
വിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട സൎവ്വെ 768-ൽ 1
പണ്ടാരവക തിരുവിളം 41 സെൻറുള്ള 85-ൽ നടുവിലെ
പുത്തൻവീട്ടിൽ പുരയിടം ഒന്നും 2) ടി മുറിയിൽ കക്കാ
ട്ടാറിന്നും വടക്കെ കൊല്ലൻ വക പുരയിടത്തിന്നും മേക്കെ
കേഴ പ്ലാക്കൻ പുരയിടത്തിന്നും തെക്കെ തോട്ടിന്നും കിഴക്കെ
ഇവ നടുവിൽ 3876-ാം നമ്പ്ര പട്ടയത്തിൽപെട്ട് പണ്ടാ
രവക പാട്ടം സൎവ്വെ 769-ൽ2 58 സെൻറുള്ള മുഴിപ്പാട്ടു
പുരയിടം ഒന്നും 3) ടി മുറിയിൽ കുളത്തിൻെറ കിഴക്കേ
തിൽ കൊച്ചു മാടിപ്പിള്ള വക 808-ൽ 54-ാം നമ്പ്ര വസ്തു
വിന്നും മേക്കെ വഴിക്കും വടക്കെ പാർവ്വതി ശങ്കമ്മാൾ വക
വസ്തുവിന്നും കിഴക്കെ നമ്മുടെ വക 804-ൽ1 67-ാം നമ്പ്ര
വസ്തുവിന്നും തെക്കെ ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയ
ത്തിൽപെട്ട പണ്ടാരവക പാട്ടം സൎവ്വെ 808-ൽ1 A 36
സെൻറും 801-ൽ1 B-യിൽ1 73സെൻറും ഉൾപ്പടെ
ഒരേക്കർ ഒൻപതു സെൻറുള്ള സ്ഥലവും 4) ടി മുറി
നമ്മുടെ വക സൎവ്വെ 808-ൽ1 A നമ്പ്ര വസ്തുവി
ന്നും മേക്കെ സൎക്കാർ സ്കൂളിന്നും വഴിക്കും വടക്കെ നമ്മുടെ
വക 804-ൽ 67-ാം നമ്പ്ര വസ്തുവിന്ന കിഴക്കും തെക്കും
3680-ാം നമ്പ്ര പട്ടയത്തിൽപെട്ട 804-ൽ1 40, നാല്പ
ത്തിഒന്നു സെൻറും സൎവ്വെ 804-ൽ1 41 സെൻറും ഉൾ
പ്പടെ 82 സെൻറുള്ള സ്ഥലവും 5) ടി മുറിയിൽ നമ്മുടെ
വക 808-ൽ 1-ാം നമ്പ്ര വസ്തുവിന്നും മേക്കെ കിഴക്കേ ത്രാ
മ്പിക്കൽ പാർവ്വതി കുഞ്ഞു പെണ്ണുവക പുരയിടത്തിന്നും
വടക്കെ നീരൊലിപ്പു തോട്ടിന്നും കിഴക്കെ നമ്മുടെ വക സ
ൎവ്വെ 804-ൽ 40-ം, 804-ൽ 41-ം, 804-ൽ 67 ഈ നമ്പർ

വസ്തുക്കൾക്കും തെക്ക 3680-ാം നമ്പ്ര പട്ടയത്തിൽ കൊണ്ട പണ്ടാരവക പാട്ടം സർവ്വെ 769-ൽ 4A 44സെന്റുള്ള ചരിവു പുരയിടം ഒന്നും 6) ടി മുറിയിൽ നാട്ടാഴികവും വടക്ക കൊച്ചുവീട്ടിൽ പുരയിടത്തിനും കിഴക്ക നമ്മുടെ വക 804-ൽ 67-ാം നമ്പ്ര വസ്തുവിനും തെക്ക ടി ഇനം 804-ൽ 67-ാം നമ്പ്ര വസ്തുവിനും പുത്തൻവീട്ടിൽ പുരയിടത്തിനും മേക്ക 6362-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 769-ൽ6 94സെന്റുള്ള മുണ്ടപ്പിലാക്കൽ പുരയിടം ഒന്നുകൾ പുതിയ റോഡിനാൽ വേർതിരിഞ്ഞു കിടക്കുന്ന മുറി രണ്ടിൽ 25 സെന്റുള്ള വടക്കെ മുറി പുരയിടം 7) ടി മുറിയിൽ വേലിക്കകത്തു പുരയിടത്തിനും മാത്തൻ ഇട്ടി വക പുരയിടത്തിനും കിഴക്ക കൊച്ചുവീട്ടിൽ പുരയിടത്തിനും വടക്ക നമ്മുടെ വക സർവ്വെ 804-ൽ 67-ാം നമ്പ്ര വസ്തുവിനും തെക്ക നമ്മുടെ വക മുണ്ടപ്പിലാക്കൽ പുരയിടത്തിനും മേക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 769-ൽ 14 ഒരേക്കർ വിസ്തീർണ്ണമുള്ള കൊച്ചു തുണ്ടിയിൽ പുരയിടം ഒന്നും 8) ടി മുറിയിൽ നമ്മുടെ വക 804-ൽ1 81 ഈ നമ്പ്ര വസ്തുക്കൾക്കും മേക്ക 805-ൽ 1-ാം നമ്പ്ര വസ്തുവിനും വടക്ക 804-ൽ1 67 807-ൽ1 ഈ നമ്പ്ര വസ്തുക്കൾക്കും കിഴക്ക 804-ൽ1 66-ാം നമ്പ്ര വസ്തുവിനും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 806-ൽ1 B 12 ഏക്കർ 42 സെന്റുള്ള സ്ഥലവും 9) ടി മുറിയിൽ നമ്മുടെ വക 804-ൽ1 81-ാം നമ്പ്ര വസ്തുവിനും മേക്ക 805-ൽ 1-ാം നമ്പ്ര വസ്തുവിനും വടക്ക 806-ൽ1 B നമ്പ്ര വസ്തുവിനും കിഴക്കും തെ

ക്കമാകെ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 806-ൽ1 A 3 ഏക്കർ 66 സെൻറുള്ള നാളികേരപുരയിടത്തിൽ മേക്കട്ടത്തു ഒരേക്കർ 83 സെൻറു സ്ഥലവും 10) ടി മുറിയിൽ നമ്മുടെ വക 804-ൽ 1 81-ാം നമ്പ്ര വസ്തുവിനും മേക്ക 805-ൽ 1-ാം നമ്പ്ര വസ്തുവിനും വടക്ക 806-ൽ B നമ്പ്ര വസ്തുവിനും കിഴക്കും തെക്കും 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 806-ൽ1 A 3 ഏക്കർ 66 സെൻറുള്ള നാളികേരപുരയിടം ഒന്നിൽ കിഴക്കട്ടത്തു ഒരേക്കർ 83 സെൻറുള്ള സ്ഥലവും 11) ടി മുറിയിൽ പാലമുറാത്തു വക വസ്തുവിനും സർവ്വെ 804-ൽ1 4-ാം നമ്പ്ര വസ്തുവിനും മേക്ക പുതിയ വണ്ടിറോഡിനും വടക്കും കിഴക്കും സർവ്വെ 804-ൽ1 67 806-ൽ 1 ഈ നമ്പ്ര വസ്തുക്കൾക്കും തെക്ക 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 808-ൽ1 ബിയിൽ2 72 സെൻറും ടി എദുകയിൽ ടി ഇനം സർവ്വെ 808-ൽ1 ബിയിൽ3 റോഡി വടക്ക 4 സെൻറു വരുന്ന സ്ഥലവും 12) ടി മുറിയിൽ നമ്മുടെ വക 804-ൽ1 66 806-ൽ1 ഈ നമ്പ്ര വസ്തുക്കൾക്കും മേക്ക 808-ൽ1 804-ൽ1 67 ഈ നമ്പ്ര വസ്തുവിനും വടക്ക 804-ൽ1 67-ാം നമ്പ്ര വസ്തുവിനും കിഴക്ക 804-ൽ1 65, 66. ഈ നമ്പ്ര വസ്തുവിനും തെക്ക 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 807-ൽ1 A 3ഏക്കർ 66 സെൻറും 807-ൽ 1 ബി എട്ടേക്കർ 68 സെൻറും ഉൾപ്പെടെ 12 ഏക്കർ 34 സെൻറുള്ളതിൽ നേർപകുതി ആറേക്കർ 17 സെൻറു സ്ഥലവും 13) ടി മുറിയിൽ നമ്മുടെ വക 804-ൽ1 66

806-ൽ1 ഈ നമ്പ്രവസ്തുക്കൾക്കും മേക്ക 804-ൽ 67-ാം നമ്പ്ര വസ്തുവിനും വടക്ക 804-ൽ1 67-ാം നമ്പ്ര വസ്തുവിനും കിഴക്ക 804-ൽ1 65, 66 ഈ നമ്പ്ര വസ്തുക്കൾക്കും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 807-ൽ1 A 3ഏക്കർ 66 സെൻറും 807-ൽ1 ബി 8ഏക്കർ 68 സെൻറും ഉൾപ്പെടെ 12 ഏക്കർ 34 സെൻറുള്ളതിൽ നേർപകുതി 6 ഏക്കർ 17 സെൻറു സ്ഥലവും

14) കൊല്ലം ഡിസ്ത്രിക്കിൽ തിരുവല്ലാ താലൂക്കിൽ തിരുവല്ലാ സബ്ഡിസ്ത്രിക്കിൽ തിരുവല്ലാ പകുതിയിൽ പാലിയേക്കര മുറിയിൽ റോഡിനും മേക്ക പള്ളത്തു കളപ്പുരയ്ക്കൽ വക്കി മാത്തൻവക പുരയിടത്തിനും വടക്ക പുഞ്ചനിലങ്ങൾക്കും കിഴക്ക ചാത്ത മലവക പുരയിടങ്ങൾക്കുംതെക്ക പണ്ടാരവകപാട്ടം ഇരമംഗലത്തു വക്കി മാത്തൻ പേരിലുള്ള 646-ാം നമ്പ്ര പട്ടയപ്പടി സർവ്വെ 119-ൽ1 67 സെൻറുള്ള ഓലിയിൽ വടക്കേ പുരയിടം ഒന്നിൽ വടക്കേ പകുതി 33½ സെൻറുള്ള സ്ഥലവും 15) ടി ഡിസ്ത്രിക്കിൽ കാർത്തികപ്പള്ളി താലൂക്കിൽ ചേപ്പാട്ടു ഡിസ്ത്രിക്കിൽ ചേപ്പാട്ടു പകുതിയിൽ ഏപ്പൂർ വടക്കുംമുറിയിൽ പുത്തൻവീട്ടിലായ പുളിമൂട്ടിൽ പീലിപ്പോസുവക പുരയിടത്തിനും അരിവന്തൂർ മഠംവക നിലത്തിനും വഴിക്കും മേക്ക നമ്മുടെ കൈവശത്തിലും മാനേജ്മെൻറിലും ഇരിപ്പു പള്ളിക്കുടം നില്ക്കുന്ന സർവ്വെ 1075-1077-1078 ഈ നമ്പർ വസ്തുക്കൾക്കും വടക്ക പബ്ലിക്ക റോഡിനും കിഴക്ക കരുമ്പാലിവക തറയ്ക്കും അരിവന്തൂർ മഠംവക നിലത്തിനും തെക്ക പാട്ടം 21-ൽ അമ്പലത്തിനാൽ

വടക്കേത്തറ ഒന്നുകള സർവ്വെ 1074 സെൻറു 13-ം അതി ൽ ഏതാനും സ്ഥലം നികത്തി തെങ്ങു വച്ചിട്ടുള്ളതും ടി ലക്കത്തിൽ അമ്പലത്തിനാൽ പുരയിടത്തിൽ വടക്കേഭാ ഗം കിഴമേൽ ഉള്ള സ്ഥലത്തിനു സർവ്വെ 1075 വീതപ്ര കാരം സെൻറു ഏഴും സർവ്വെ 1076 സെൻറു 47-ം ഉള്ള നിലവും 16) ടി റാന്നി പകുതിയിൽ കമരംപേരൂർ വ ടക്കേക്കര മുറിയിൽ റാന്നീ റബ്ബർ കമ്പനിവക പുരയിട ത്തിനും കിഴക്ക ആററിനും തെക്ക പുളിയേലി വക പുര യിടത്തിനും വടക്ക പുത്തൻപുരയിൽവക പുരയിടത്തി നും മേക്ക ഇവ നടുവിൽ 1155-ാം നമ്പർ പട്ടയപ്പടി പ ണ്ടാരവക പാട്ടം സർവ്വെ 718-ൽ 3 B രണ്ടേക്കർ 23 സെൻറും ടി ഇനം സർവ്വെ 718-ൽ3 72 സെൻറും ഉൾ പ്പെടെ രണ്ടേക്കർ 95 സെൻറുള്ള ചമ്പോൻ പുരയിടം ഒ ന്നിൽ രാജാംപാറ വില്ലേജ് റോഡിനും കിഴക്കവശം കിടപ്പു 83 സെൻറുള്ള പുരയിടം ഒന്നിൽ വടക്കട്ടേത്തു 30 സെൻറുള്ള പുരയിടവും 17) ടി റാന്നീ സബ് ഡിസ്ട്രി ക്ട് ചെറുകോൽ പകുതിയിൽ വയലത്തല മുറിയിൽ അയ്യപ്പാറ ചെറിയാൻ വക പുരയിടങ്ങൾക്കു മേക്കും വട ക്കും പുത്തൻപുരയ്ക്കൽവക പുരയിടത്തിനും കിഴക്ക തറ യത്തു പുരയിടത്തിനും തെക്ക ഇവ നടുവിൽ പണ്ടാരവ ക പാട്ടം സർവ്വെ 73-ൽ4 A B ഈ നമ്പ്രുകളിൽപെട്ട രണ്ടേക്കർ 12 സെൻറുള്ള തറയത്തു പുരയിടം മുറി ഒന്നി ൽ വടക്ക പടിഞ്ഞാറേട്ടത്തു 25 സെൻറുള്ള സ്ഥലം പുര യിടം ഒന്നും 18) പത്തനംതിട്ട താലൂക്കിൽ പത്തനം തിട്ട അഡീഷനൽ സബ് ഡിസ്ട്രിക്റ്റിൽ ഓമല്ലൂർ പകുതി യിൽ പന്നിയാലി മുറിയിൽ പൂവത്തു ഏലായിക്കും മേ

ക്ക തറയിൽ പുരയിടത്തിനും വടക്ക തറയിൽ വടക്കേതിൽ പുരയിടത്തിനും കിഴക്ക പാണന്റെ വടക്കേതിൽ പുരയിടത്തിനും തെക്ക 94 -ാംനമ്പ്ര പട്ടയത്തിൽ പെട്ട പണ്ടാരവക പാട്ടം സർവ്വെ 88-ൽ3 60 സെൻറു ള്ള ഒറെപ്പിലാവു നില്ക്കുന്ന പുരയിടം ഒന്നും 19) പത്തനംതിട്ട താലൂക്കിൽ റാന്നി സബ് ഡിസ്ട്രിക്ടിൽ റാന്നി പകുതിയിൽ പെരുനാട്ട മുറിയിൽ നമ്മുടെ വക 804-ൽ1 81-ാംനമ്പ്ര വസ്തുവിനും മേക്ക നമ്മുടെവക 807-ൽ 1-ാം നമ്പർ വസ്തുവിനും കിഴക്ക നമ്മുടെവക 804-ൽ1 66-ാം നമ്പർ വസ്തുവിനും തെക്ക നമ്മുടെ വക 806-ൽ 1-ാം നമ്പ്ര വസ്തുവിനും വടക്ക ഇവ നടുവിൽ 3680-ാംനമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 804-ൽ 1 B രണ്ടേക്കർ രണ്ടു സെൻറു സ്ഥലവും 20) ടി മുറിയിൽ നമ്മുടെ വക 804-ൽ1 81-ാംനമ്പ്ര വസ്തുവിനും മേക്ക ചക്കാലക്കന്നേൽ അബ്രാഹം മുതൽപേരുടെ 805-ൽ 1-ാം നമ്പ്ര വസ്തുവിനും കിഴക്ക പബ്ലിക്ക റോഡിനും വടക്ക നമ്മുടെ വക 804-ൽ1 1-ാം നമ്പ്ര വസ്തുവിനും 3680-ാംനമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 804-ൽ1 53 A 40 സെൻറും 804-ൽ1 53 B 15 സെൻറും ഉൾപ്പടെ 55 സെൻറു സ്ഥലവും 21) ടി മുറിയിൽ ചാരക്കന്നേൽ ശീമോൻ ശീമോൻ വക സർവ്വെ 873-ൽ 1 തറയത്തു വറുഗീസ് വറുഗീസ് വക 873-ൽ 2, 874-ൽ 1 ഈ നമ്പ്ര വസ്തുക്കൾക്കും മേക്ക നമ്മുടെ വക 807-ൽ 1-ാംനമ്പ്ര വസ്തുവിനും കിഴക്ക നമ്മുടെ വക 804-ൽ1 807-ൽ1 ഈ നമ്പ്ര വസ്തുക്കൾക്കും വടക്ക നമ്മുടെ വക 804-ൽ1 65-ാംനമ്പ്ര വസ്തുവിനും തെക്ക ഇവ നടുവിൽ 3680-ാംനമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ട

ട്ടം സർവ്വെ 804-ൽ 1 B 22 ഏക്കർ 85 സെൻറും സി 69 സെൻറും ഉൾപ്പടെ 23 ഏക്കർ 54 സെൻറുള്ള സ്ഥലവും 22) ടി മുറിയിൽ തറയത്തു വറുഗീസു വറുഗീസു വക സർവ്വെ 874-ൽ 1-ാംനമ്പ്ര വസ്തുവിനും മേക്ക നമ്മുടെ വക സർവ്വെ 804-ൽ1 806-ൽ1 ഈ നമ്പ്ര വസ്തുക്കൾക്കും കിഴക്ക ത്രാമ്പിക്കൽ നാരായണപിള്ള വക 804-ൽ1 81-ാംനമ്പ്ര വസ്തുവിനും വടക്ക നമ്മുടെ വക 804-ൽ 1 66-ാം നമ്പ്ര വസ്തുവിനും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 804-ൽ1 81 ഡി 7 ഏക്കർ 59 സെൻറും 804-ൽ1, 61-ൽ1 6ഏക്കർ 18 സെൻറും 804-ൽ1, 81-ൽ1 4ഏക്കർ 29 സെൻറും 804-ൽ1 81A 93 സെൻറും ഉൾപ്പടെ 18 ഏക്കർ 99 സെൻറ സ്ഥലവും 23) ടി മുറിയിൽ പെരുനാട്ട പ്ലാൻറേഷ്യൻ കമ്പനിക്ക നാം തീറുകൊടുത്തിട്ടുള്ള സ്ഥലത്തിനും മേക്ക നമ്മുടെ വക 804-ൽ1 65-ാംനമ്പ്ര വസ്തുവിനും കിഴക്ക ചാരക്കേനേൽ ശിമോൻ ശിമോൻ വക സർവ്വെ 873-ൽ2, 872-ൽ1 ഈ നമ്പ്ര വസ്തുക്കൾക്കും വടക്ക നമ്മുടെ വക 804-ൽ1 63-ാംനമ്പ്ര ...വിനും തെക്ക ഇവ നടുവിൽ 3680-ാംനമ്പ്ര പട്ടയ... പട്ട സർവ്വെ 804-ൽ1 64—23ഏക്കർ 77 സെൻറ സ്ഥലവും 24) ടി മുറിയിൽ നമ്മുടെ വക സർവ്വെ 804-ൽ1 64-ാംനമ്പ്ര വസ്തുവിനും ചാരക്കേനേൽ ശിമോൻ ശിമോൻ വക 873-ൽ 2-ാംനമ്പ്ര വസ്തുവിനും മേക്ക നമ്മുടെ വക 803-ൽ1 67-ാംനമ്പ്ര വസ്തുവിനും മാത്തൻ അപ്പാത്തിക്കരി വക സർവ്വെ 804-ൽ1 68-ാംനമ്പ്ര വസ്തുവിനും നമ്മുടെ വക 804-ൽ1 79-ാംനമ്പ്ര വസ്തുവിനും കിഴക്ക നമ്മുടെ വക 804-ൽ1 66-ാം നമ്പ്ര വസ്തുവിനും വടക്ക നമ്മുടെ വക 804-ൽ1 63-ാം നമ്പ്ര വസ്തുവിനും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട

സർവ്വെ 804-ൽ1 65, 96ഏക്കർ 81 സെൻറു സ്ഥലവും 25) ടി മുറിയിൽ നമ്മുടെ വക 804-ൽ1 65, 63 ഈ ന മ്പ്ര വസ്തുക്കൾക്കും മേക്ക പൃറ്റപ്പള്ളി വക സ്ഥലത്തിന് കിഴക്ക മാത്തൻ അപ്പാത്തിക്കിരി വക സർവ്വെ 804-ൽ 68-ാം നമ്പ്ര വസ്തുവിനും വടക്ക 801-ൽ1 62-ാം നമ്പ്ര വസ്തുവിനും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാരവക പാട്ടം സർവ്വെ 804-ൽ1 79-30ഏക്കർ 9സെൻറു സ്ഥലവും 26) ടി മുറിയിൽ നമ്മുടെ വക 804-ൽ1 40, 41 ഈ നമ്പ്ര വസ്തുക്കൾക്കും മേക്ക കേഴപ്പിലാക്കൽ നാരായണൻ നാരായണൻ വക സ്ഥലത്തിനും വടക്ക പുത്തൻവീട്ടിൽ വക സ്ഥലത്തിനും കിഴ പള്ളിക്ക റോഡിനും തെക്ക ഇവ നടുവിൽ 3680-ാം നമ്പ്ര പട്ടയത്തിൽപെട്ട പണ്ടാര വക പാട്ടം സർവ്വെ 769-ൽ4 B 23-ൽ 22 സെൻറു സ്ഥലവും ഉൾപ്പെടെ റാന്നി പകുതിയിൽ പെരുനാട്ട മുറിയിൽ 220 ഏക്കർ 72 സെൻറു സ്ഥലവും ടി പകുതിയിൽ കുമരംപേ[illegible] വടക്കേക്കര മുറിയിൽ 30 സെൻറു സ്ഥലവും [illegible] കാൽ പകുതിയിൽ വയലത്തല മുറിയിൽ 25 സെൻറു സ്ഥലവും ഓമല്ലൂർ പകുതിയിൽ പന്നിയാലി മുറിയിൽ 60 സെൻറു സ്ഥലവും തിരുവല്ലാ പകുതിയിൽ പാലിയേക്കര മുറിയിൽ 33½ സെൻറു സ്ഥലവും ചെപ്പാട്ട പകുതിയിൽ ഏവൂർ വടക്കം മുറിയിൽ തറയും നിലവുമായി 67 സെൻറുമാകുന്നു. പട്ടിക വസ്തുക്കളുടെ സർവ്വെ നമ്പരിനോ വിസ്തീർണ്ണത്തിനോ വ്യത്യാസം വന്നിരുന്നാൽ എലുകയെ അടിസ്ഥാനമാക്കിയും എലുകയ്ക്ക വ്യത്യാസം വന്നാൽ സർവ്വെ നമ്പ്ര, വിസ്തീർണ്ണം എന്നിവയെ അടിസ്ഥാനമാക്കിയും അനുഭവിച്ചു നടന്നുകൊള്ളേണ്ടതുമാകുന്നു.

---

താഴെ പറയുന്ന നാലാം നിശ്ചയം വെണ്ടിയിൽ എ. ജി. ഫിലിപ്പു അവർകൾ

യും ദിവ്യശ്രീ കവിയൂർ കലേക്കാട്ടിൽ തോമ്മസു കത്തനാരവർകളും വെണ്ണിക്കളത്തു കാഞ്ഞിരത്തിങ്കൽ കയ്യൻ അവർകളും പിൻതാങ്ങുകയും യോഗം ഏകാഭിപ്രായമായി പാസ്സാക്കുകയും ചെയ്തു.

നാലാം നിശ്ചയം

മേൽനടത്തിപ്പാവശ്യപ്പെട്ട വ്യവസ്ഥകളെ ക്രോഡീകരിച്ചെഴുതി യോഗസമക്ഷം അവതരിപ്പിച്ചിട്ടുള്ള ഭരണഘടനയടങ്ങിയ നക്കൽ ഉടമ്പടിയെ യോഗം സ്വീകരിക്കയും മെസ്സേഴ്സ് ഇടശ്ശേരിൽ ഐ. എം. ഇടിക്കുള ([illegible]ശ്ശേരിക്കര) പനങ്ങോട്ടേത്തു പി. കെ. കൊച്ചുമ്മൻ ([illegible]നിരണം) മേളംമ്പറമ്പിൽ എം. പുന്നൂസു വറുഗീസു (തിരുവല്ലാ) എന്നിവരെ ട്രസ്റ്റികളായും താഴെപ്പറയുന്ന പതിമൂന്നു അംഗങ്ങളെ ഭരണസമിതിയിലെ അംഗങ്ങളായും നിയമിക്കണമെന്നു ഈ യോഗം ബഥനി സ്ഥാപകനായ അദ്ധ്യക്ഷൻ തിരുമേനിയോടു അപേക്ഷിക്കയും ചെയ്യുന്നു.

പ. ദി. ശ്രീ. ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (പ്രസിഡണ്ടു)

നി. വ. ദി. ശ്രീ. ബഥനിയുടെ മാർ തെയോഫിലോസ് എപ്പിസ്കോപ്പാ (വൈസ് പ്രസിഡണ്ടു)

ദിവ്യശ്രീ ഫാദർ ബർസ്കീപ്പാ.
ദിവ്യശ്രീ ഫാദർ അബ്രാഹാം.
ദിവ്യശ്രീ ഫാദർ ബർസ്‌ളീബാ.
ദിവ്യശ്രീ ഫാദർ സ്നേഹാനോസ്.
ദിവ്യശ്രീ ഫാദർ അലക്സ്യോസ്.
ദിവ്യശ്രീ ഫാദർ യോബ്.
ദിവ്യശ്രീ ഫാദർ യോശുവാ (സിക്രട്ടറിയും ധനകാര്യദർശിയും)
ദിവ്യശ്രീ ജോൺ ശെമ്മാശ്ശൻ.
മത്തായി സാധു.
[illegible]ഹാം സാധു.
[illegible]സാധു.

—+—